**Fr. Paul Poovathingal** who won the Thrissur Archdiocese Media Award 2018.

**Fr. Johny Chirackal** for publishing his book *KudumbangalkkoruPadeyam (Malayalam).*

**Fr. Tenny Parakka** who was elected as the president of CRI, Kalyan region.

**Fr. Davis Panadan** for his book ***Legal Method: A Handbook for Law Students and Law Faculties*** which is the seventh book in the Christ Academy Institute of Law (CAIL) series, published by MPP House, Bengaluru.

**Fr.Varghese Paul Panengadan** for his new book titled ***Oru Thapasante pathamudrakal*** on Fr. Amathus.

**Fr.Shinto Puthumattathil** for his book ***Revelation as an Interpersonal Dialogue between God and Human Beings: A Comparative study of the Theology of Revelation according to Karl Rahner and the Second Vatican Council with a Selective Reception Analysis*** published from Dharmaram Publications.

**Fr. Joy P. T.** of Christ College, Irinjalakuda, who was conferred by the Kerala Sports Council G.V. Raja best physical education teacher award (College level).

**Fr. Lijo Brahmakulam**, Principal, Christ Academy, CBSE, Begur, for the best principal award from National Education and Human Resource Development Organization, Mumbai for outstanding performance by students in All India Swatch Bharath Art competition held in 2017-18.

**Fr. Kuncheria Pathil** for his new book ***Pope Francis and His Vision of the Church*** published from Dharmaram publications on 2 August 2018.

**Fr. Roy Kannanchira** for his new book ***Prepancha Manasam***, a collection of 354 essays for special occasions which he published in Chocolate (A supplement of Deepika daily for Children).

**Fr. Roby Kannanchira** for being nominated to the Peace Commission of International Association for Religious Freedom (IARF) a UN Peace organization and attending its first meeting in Washington DC in July on the Palestine – Israel Peace discussion

**Fr. Joy Vattolly** for successfully defending his thesis titled Intervention Strategies for HIV/AIDS Infected Women in Kerala: An Appraisal of Models of Social Inclusion and Social Capital from The Gandhigram Rural Institute: Deemed to be University, under the guidance of Dr. K. Velumani.

**Fr. Gilson Nedumaruthamchalil** for his book *Anudhina Vachanapragoshanam Vyathyastha Kazhchapadil* (Homiletics) from Pavanatma Publishers Pvt. Ltd, Kozhikode.

**Fr. Babu Thattil** for his book *Njan Aparajitha* (Novel) from Blue Eyes Publishers, Palakkad.

**44. Happenings** ***(Evangelization and Pastoral Ministry)***

**CMI Retreat Preachers' Meet**: Get-together of CMI retreat preachers during 21-25 January 2019, at CSR, Pariyaram.

CMI Mission Year: 1 October 2018 – 31 October 2019.

CMI Mission Congress: Friday, 27 September 2019 – Tuesday, 1 October 2019.

45. **Gathering of Jubilarians: Get together and Golden Jubilee celebration** of priestly ordination will be held on 15, 16 and 17 January 2019 and of **the first Profession** will be on 22, 23 and 24 January 2019 at Chavara Hills, Kakkanad.

**Get together and Silver Jubilee celebration** of priestly ordination will be held on 18, 19 and 20 January 2019 and of **the first profession** will be on 01, 02, and 03 February 2019 at Chavara Hills, Kakkanad.

# ചാവറ കൾച്ചറൽ സെന്റർ വാർത്തകൾ

## ചാവറ സംസ്കൃതി പുരസ്ക്കാരം എം.ടി.ക്കു സമ്മാനിച്ചു



നവോത്ഥാനത്തിന് അടിസ്ഥാനം മനുഷ്യൻ മനുഷ്യനെ കണ്ടെത്തുകയെന്നതാണെന്ന് പ്രൊഫ. എം. കെ. സാനു. എറണാകുളം ചാവറ കൾച്ചറൽ സെന്ററിന്റെ ചാവറ സംസ്കൃതി പുരസ്ക്കാരം എം.ടി. വാസുദേവൻ നായർക്കു നൽകിയ ശേഷം പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ജാതിമത ചിന്തകൾക്കൊണ്ട് സമൂഹം പിറകോട്ടുപോവുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സമൂഹത്തിൽ ഉത്തരവാദിത്തങ്ങളെന്ത്, ബാധ്യതകളെന്ത് എന്നു തിരിച്ചറിഞ്ഞാണ് ഓരോ മനുഷ്യനും ജീവിക്കേണ്ടതെന്ന് എം. ടി. വാസുദേവൻ നായർ പറഞ്ഞു. യുദ്ധം ചെയ്ത് രാജ്യങ്ങൾ പിടിച്ചടക്കുന്നതിനേക്കാൾ വലുതാണ് ജനങ്ങളുടെ മനസ്സ് കീഴടക്കി ആധിപത്യം നേടുന്നതെന്ന് സ്പാനിഷ് രാജ്ഞിയോട് ഒരു വൃദ്ധൻ ഉപദേശിച്ചിരുന്നു. ജീവിതസാഹചര്യങ്ങളില്ലാത്തവർക്കും സമൂഹത്തിൽ ഉയർന്നുവരാനുള്ള അവസരമൊരുക്കിയവരാണ് വിശുദ്ധ ചാവറയച്ചനെപ്പോലുള്ളവരെന്നും അദ്ദേഹം പറഞ്ഞു. 77,777 രൂപയും ഫലകവും പ്രശസ്തിപത്രവും ഉൾപ്പെടുന്നതാണ് പുരസ്ക്കാരം.

സി.എം.ഐ. സഭ വിദ്യാഭ്യാസ മാധ്യമവിഭാഗം ജനറൽ കൗൺസിലർ ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത് അദ്ധ്യക്ഷത വഹിച്ചു. ആർട്ടിസ്റ്റ് നമ്പൂതിരി, സംവിധായകൻ രഞ്ജിത്ത്, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ.റോബി കണ്ണൻചിറ, ഫാ. അനിൽ ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. ചാവറയച്ചന്റെ നാടകങ്ങളുടെ പുസ്തകത്തിനായി രേഖാചിത്രങ്ങളൊരുക്കിയ ആർട്ടിസ്റ്റ് നമ്പൂതിരി, ഇടയനാടകങ്ങളുടെ കയ്യെഴുത്തു പ്രതി ശേഖരിച്ച ഫാ. തോമസ് പന്തപ്ലാക്കൽ എന്നിവരെ ആദരിച്ചു.

---

## എച്ച്ഐവി ബാധിതരെ അവഗണിക്കുന്ന പരാതികളിൽ നടപടിയെടുക്കുമെന്നു മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ

എച്ച്ഐവി ബാധിതരെ ഒറ്റപ്പെടുത്തുകയും അവരുടെ അവകാശങ്ങൾ ഹനിക്കുകയും ചെയ്യുന്ന പരാതികൾ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഇടപെടുമെന്നു ചെയർമാൻ ജസ്റ്റീസ് ആന്റണി ഡൊമിനിക് പറഞ്ഞു. ലോക എയ്ഡ്സ് ദിനാചരണത്തോടനുബന്ധിച്ചു ചാവറ ഇൻസ്പയർ ചാരിറ്റബിൾ സൊസൈറ്റി ആരംഭിക്കുന്ന സംസ്ഥാനതല ബോധവത്കരണ പരിപാടികളുടെ ഉദ്ഘാടനം എറണാകുളം ചാവറ കൾച്ചറൽ സെന്ററിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.എച്ച്ഐവി ബാധിതരെ, പ്രത്യേകിച്ചു കുട്ടികളെ അവഗണിക്കുന്ന പ്രവണത സമൂഹം തിരുത്തണം. തെറ്റിദ്ധാരണകളുടെ പേരിൽ അവരൊത്തുള്ള സമ്പർക്കം ഒഴിവാക്കുന്നത് അനീതിയും മനുഷ്യത്വരഹിതവുമാണ്. പ്രത്യേക പരിഗണനയും കരുതലും അർഹിക്കുന്നവരാണ് എച്ച്ഐവി ബാധിതരായ കുട്ടികൾ. അവരെ സമൂഹത്തിന്റെ മുഖ്യധാരകളിലേക്കു കൈപിടിച്ചുയർത്തണം. എച്ച്ഐവി ബാധിതരായ കുട്ടികളുടെ ക്ഷേമത്തിനായി ചാവറ ഇൻസ്പയർ നടപ്പാക്കുന്ന പദ്ധതികൾ കേരളത്തിനു മാതൃകയാണെന്നും ജസ്റ്റീസ് ആന്റണി ഡൊമിനിക് പറഞ്ഞു. സ്ക്കൂൾ കോളേജ് ക്യാമ്പസുകളിൽ ആരംഭിക്കുന്ന ***ഒഴിവാക്കിയവരെ, സമൂഹം ഉൾക്കൊള്ളുക***യെന്ന ബോധ വൽക്കരണ

പരിപാടിക്ക് തുടക്കം കുറിച്ചു. ***സേ നോ എച്ച്.ഐ.വി, സേ യെസ് ടു ചിൽഡ്രൻ ലിവിംഗ് വിത്ത് എച്ച്.ഐ. വി.*** യെന്നതാണ് മുദ്രാവാക്യം. പ്രശസ്ത സിനിമ സീരിയൽ നടനും മനുഷ്യാവകാശ പ്രവർത്തകനുമായ കുമരകം രഘുനാഥ് മുഖ്യാതിഥിയായിരുന്നു. ബേബി മറൈൻ ഇന്ററർനാഷണൽ മാനേജിംഗ് പാർട്ണർ രൂപ ജോർജ്ജ്, യൂത്ത് ഐക്കൺ മാളു ഷെയ്ക്ക, ഫാ. റോബി കണ്ണൻചിറ, ജിജോ പാലത്തിങ്കൽ, സിസ്റ്റർ ചൈതന്യ, ജോൺസൺ സി. എബ്രഹാം, പ്രദീപ് ചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. വിദ്യാർത്ഥികൾക്കായുള്ള സ്ക്കോളർഷിപ്പ് വിതരണവും നടത്തി.




ലോക എയിഡ്സ് ദിനാചരണവും സംസ്ഥാനതല ഇൻക്ലൂഡിംഗ് ദി എക്സ്ക്ലൂഡഡ് ക്യാംപയിനും മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ആന്റണി ഡൊമനിക് ഉദ്ഘാടനം ചെയ്യുന്നു. പ്രദീപ് ചന്ദ്രൻ, ജിജോ പാലത്തിങ്കൽ, ജോൺസൺ സി. എബ്രഹാം, രൂപ ജോർജ്ജ്, കുമരകം രഘുനാഥ്, മാളു ഷെയ്ക, സിസ്റ്റർ ചൈതന്യ സി.എം.സി., ഫാ. റോബി കണ്ണൻചിറ സി.എം. ഐ. എന്നിവർ സമീപം.

## 1855 –56 ൽ ചാവറ കുര്യാക്കോസ് ഏലിയാസ് എഴുതിയ ഇടയനാടകങ്ങൾ – സെമിനാർ

ഭാരതീയ നാടകവേദിയിലെ ആദ്യരചനയായ 1855 –56 കാലത്ത് വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ എഴുതിയ ഇടയനാടകങ്ങൾ 2014–ൽ കേരള സാഹിത്യ അക്കാദമി ആദ്യമായി പ്രസിദ്ധീകരിച്ചു. ഭാഷാ നാടകവേദിയിലെ ആദ്യരചനയെന്ന നിലയിൽ നാടകഗവേഷകർക്കും, 19–ാം നൂറ്റാണ്ടിന്റെ മധ്യകാലത്തെ മലയാളഗദ്യപദ്യശൈലിയുടെ നേർക്കാഴ്ച ഈ രചനകളിൽ ലഭ്യമാണെന്നതുകൊണ്ട് ഭാഷാശാസ്ത്രഗവേഷകർക്കും ഒരു പോലെ ഈ ഗ്രന്ഥം ഉപകരിക്കുമെന്ന അക്കാദമിയുടെ പ്രസാധകകുറിപ്പ് സാക്ഷിക്കുന്നു.

തൃശ്ശൂർ വൈ. എം.സി.യിൽ നടന്ന സെമിനാർ കേരള മുൻ ചീഫ് സെക്രട്ടറി **ഡോ. ഡി. ബാബു പോൾ ഉദ്ഘാടനം ചെയ്തു** മുൻ ഡി.ജി.പി ശ്രീ. അലക്സാണ്ടർ ജേക്കബ്, മുൻ എം. പി. ശ്രീമതി. സാവിത്രി ലക്ഷ്മണൻ, ഫാ. റോബി കണ്ണൻചിറ, ഫാ. അനിൽ ഫിലിപ്പ്, ഡോ. ബിന്ദു എന്നിവർ പ്രസംഗിച്ചു. ഇടയനാടകങ്ങൾ രണ്ടാം പതിപ്പ് പ്രകാശനം ഡോ. ഡി. ബാബു പോൾ അലക്സാണ്ടർ ജേക്കബിന് നൽകി നിർവ്വഹിച്ചു.



## ഇന്ത്യൻ ജനാധിപത്യത്തിലെ മാധ്യമസ്വാതന്ത്ര്യ ചിന്തകൾ - സെമിനാർ

മാധ്യമങ്ങൾ സ്വാതന്ത്ര്യത്തോടെയാണ് പ്രവർത്തിക്കേണ്ടത്, മാധ്യമ സ്വാതന്ത്രത്തിന്റെ രക്തസാക്ഷിയാണ് ഗൗരിലങ്കേഷ് എന്ന് പ്രൊഫ. എം. കെ. സാനു അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്റർ, കേരള മീഡിയ അക്കാദമി, ആർ. ടി. ഐ. കേരള ഫെഡറേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച **ഇന്ത്യൻ ജനാധിപത്യത്തിലെ മാധ്യമസ്വാതന്ത്ര്യചിന്തകൾ** എന്ന വിഷയത്തിൽ നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാധ്യമങ്ങൾ ജനങ്ങൾക്ക് നൽകുന്ന വാഗ്ദാനം നിറവേറ്റപ്പെട്ടിട്ടുണ്ടോ എന്ന് സംശയമാണ്. വിമർശിക്കുവാൻ ജനങ്ങൾക്ക് അവകാശമുണ്ട്. സ്വയം നിയന്ത്രണമാണ് മാധ്യമങ്ങൾക്ക് വേണ്ടതെന്നും ബാഹ്യനിയന്ത്രണമല്ലായെന്നും മുഖ്യപ്രഭാഷണം നടത്തിയ സെബാസ്റ്റ്യൻ പോൾ അഭിപ്രായപ്പെട്ടു. ഫാ. റോബി കണ്ണൻചിറ സി. എം.ഐ. അദ്ധ്യക്ഷത വഹിച്ചു. കൊലചെയ്യപ്പെട്ട ഗൗരി ലങ്കേഷിന്റെ ഛായാചിത്രം പ്രൊഫ. എം. കെ. സാനു, കേരള മീഡിയ അക്കാദമിക്ക് കൈമാറി. ആർട്ടിസ്റ്റ് നന്ദനാണ് ചിത്രം വരച്ചത്. കേരള മീഡിയ അക്കാദമി ഡയറക്ടർ ഡോ. എം. ശങ്കർ, ജേർണിലിസം ലക്ചറർ ഹേമലത മേനോൻ, അഡ്വ. ഡി. ബി. ബിനു, ജോളി പവേലിൽ എന്നിവർ പങ്കെടുത്തു.



കൊലചെയ്യപ്പെട്ട ഗൗരിലങ്കേഷിന്റെ ഛായാചിത്രം ഡോ. എം. ശങ്കറിന് പ്രൊഫ. എം. കെ. സാനു കൈമാറുന്നു. ഫാ. റോബി കണ്ണൻചിറ, ഡോ. സെബാസ്റ്റ്യൻ പോൾ, അഡ്വ. ഡി. ബി. ബിനു, ഹേമലത മേനോൻ എന്നിവർ സമീപം.

# മനുഷ്യാവകാശസംരക്ഷണ പ്രവർത്തനം ഈകാലഘട്ടത്തിൽ അനിവാര്യം: ജസ്റ്റിസ് ആന്റണി ഡൊമനിക്

മനുഷ്യാവകാശ പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് മനുഷ്യാവകാശകമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ആന്റണി ഡൊമനിക് അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്ററിന്റെയും ഹ്യൂമൻ റൈറ്റ്സ് ഫൗണ്ടേഷൻസിന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന മനുഷ്യാവകാശദിനാചരണവും സെമിനാറും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. എച്ച്.

ആർ. എഫ്. നാഷണൽ ചെയർമാൻ കെ. യു. ഇബ്രാഹിം അദ്ധ്യക്ഷത വഹിച്ചു. മനുഷ്യാവകാശപ്രവർത്തകരും മനുഷ്യാവകാശം സംരക്ഷിക്കുന്നവരായിരിക്കണം, ഭരണഘടനയുടെ അന്തസത്ത മനസ്സിലാക്കി പ്രവർത്തിക്കുവാൻ തയ്യാറാവണമെന്ന് മുഖ്യപ്രഭാഷണം നടത്തിയ മുൻ ദേശീയ മനുഷ്യാവകാശകമ്മീഷൻ ആക്ടിംഗ് ചെയർമാൻ ജസ്റ്റിസ് സിറിയക് ജോസഫ് അഭിപ്രായപ്പെട്ടു. ഹ്യൂമൻ റൈറ്റ് സ്റ്റുഡൻസ് ക്ലബിന്റെ ഉദ്ഘാടനം ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ എറണാകുളം ലോ കോളേജ് വിദ്യാർത്ഥിനി പാർവ്വതിക്ക് നൽകി നിർവഹിച്ചു. സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ അംഗം പി. മോഹനദാസ് വിശിഷ്ട അതിഥിയായിരുന്നു. ഗിന്നസ് ലോക റിക്കോർഡ് ജേതാവ് ഡോ. ഷാഹുൽ ഹമീദ്, കെവിന്റെ കഥ അവതരിപ്പിച്ച മനോരമ ന്യൂസ് പ്രൊഡ്യൂസർ അഭിലാഷ് ജോൺ, കെ. ഈ. സ്ക്കൂൾ മാന്നാനം ഡോ. ജെയിംസ് മുല്ലശ്ശേരി, ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ട് കെ. എസ്. ഉദയഭാനു, കൊച്ചി സിറ്റി അസിസ്റ്റന്റ് കമ്മീഷണർ കെ. ലാൽജി, പ്രളയത്തിൽ സഹായിച്ച മത്സ്യ തൊഴിലാളികൾ എന്നിവരെ ആദരിച്ചു. ഡോ. പി. സി. അച്ചൻകുഞ്ഞ്, ശ്രീ. കുമരകം രഘുനാഥ് ഫാ. റോബി കണ്ണൻചിറ, ടി. പി. മോഹനൻ, ആർ. രഘൂത്തമൻ നായർ, ജോർജ്ജ് ജോസഫ്, ആലപ്പി അഷ്റഫ്, രതീഷ് മാരാത്ത്, ഡോ. എ. കെ. മറിയാമ്മ എന്നിവർ പ്രസംഗിച്ചു.

---

## ഫിലിം ഫെസ്റ്റിവൽ

ചാവറ മൂവി സർക്കിളിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര സമാധാനദിന (International Peace Day) ത്തോടനുബന്ധിച്ച് സെപ്റ്റംബർ 15, 29 തീയതികളിൽ *സ്റ്റീവൻ സ്പിൽബർഗിന്റെ* എക്കാലത്തെയും മികച്ച സിനിമ **ഷിൻഡ്‌ലേഴ്സ് ലിസ്റ്റ്**, *ദി ഇൻസൾട്ട്* പ്രദർശിപ്പിച്ചു. രണ്ടാം ലോകമഹായുദ്ധം നടക്കുന്ന കാലഘട്ടത്തിൽ അടിച്ചമർത്തപ്പെട്ട യഹൂദ ജനതയെ, ഓസ്കാർ ഷിൻഡ്‌ലർ

എന്ന ജർമ്മൻ കാരൻ  മോചിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങളാണ് സിനിമയിലൂടെ ചിത്രീകരിക്കുന്നത്. സമകാലിക സാഹചര്യത്തിൽ ചരിത്രം ആവർത്തിക്കപ്പെടാം  എന്ന ഒരുഓർമ്മപ്പെടുത്തലുകൂടി യാണി ചിത്രം. മികച്ച ചിത്രം, സംവിധായകൻ എന്നിങ്ങനെ ഏഴ് ഓസ്കാർ ബഹുമതികളുൾപ്പെടെ  നിരവധി പുരസ്കാരങ്ങൾ  ലഭി ച്ചിട്ടുള്ള ചിത്രത്തിന്റെ ദൈർഘ്യം മുന്നേകാൽ മണിക്കൂറാണ്. ചിത്രം പുറത്തിറങ്ങിയതിന്റെ 25-ാം വർഷം കൂടിയാണിത്.

സിയാദ് സൌറി സംവിധാനം ചെയ്ത *ദി ഇൻസൾട്ട്*  ഒരു ലെബനീസ് ചിത്രം ആദ്യമായാണ് ഓസ്കാർ നോമിനേഷന് വരുന്നത്. ഒരു ലെബനീസ് പൗരനും  പലസ്തീൻ  അഭയാർത്ഥിയും തമ്മിൽ വൈകാരിക ആശയവിനിമയം  നടക്കുമ്പോൾ  അത് അന്തർദ്ദേശിയ ശ്രദ്ധ നേടുന്നതും പിന്നീട് സമാധാനത്തിൽ  തീരു ന്നതുമാണ്  ഇതിവൃത്തം.

ചാവറ മൂവി സർക്കിൾ ഫിലിം സൊസൈറ്റിയും അലി യോൺസ് ഫ്രാൻസ്സും സംയുക്തമായി ഒക്ടോബർ 26 മുതൽ 28വരെ ഫ്രഞ്ച് ഫിലിം  ഫെസ്റ്റിവൽ സംഘടിപ്പിക്കുച്ചു.  ഒക്ടോ ബർ 26ന്  അലിയോൺസ് ഫ്രാൻസൈസ്  ഡയറക്ടർ ഫ്രാൻസെ ഗേഷ്യൻ  ഫെസ്റ്റിവൽ  ഉദ്ഘാടനം ചെയ്തു. തുടർന്ന യൂത്ത് കാൻ ഫെസ്റ്റിവലിൽ 2 പുരസ്ക്കാരങ്ങൾ നേടിയിട്ടുള്ള ഇമ്മാനുവൽ ഫിൻഗൽ  സംവിധാനം ചെയ്ത **വൊയേജസ്** പ്രദർശിപ്പിച്ചു.  5.30ന് 27ന് ആനിമേഷൻ ചിത്രമായ **പെർസ്പോളിസ്**  പ്രദർശിപ്പിച്ചു. സംവിധാനം  മാർജെൻ സത്രപി. 28ന്  ആനി ഫോണ്ടയ്ൻ  സംവി ധാനം ചെയ്ത  **കോകോ ബിഫോർ ചാനൽ** പ്രദർശിപ്പിച്ചു.

## പി.എ. ബക്കർ അനുസ്മരണവും ചലച്ചിത്രപ്രദർശനവും

ചാവറ മൂവി സർക്കിളിന്റെയും  പി.എ. ബക്കർ ഫൗണ്ടേഷന്റെയും ആഭിമുഖ്യത്തിൽ പി. എ. ബക്കർ അനുസ്മരണവും  ബക്കർ ഫിലിം ഫെസ്റ്റിവലും  നവംബർ 24, 28 തീയ്യതികളിൽ സംഘടിപ്പിച്ചു.  24 ന് പി.എ. ബക്കർ  തിരക്കഥയെഴുതി സംവിധാനം നിർവ്വഹിച്ച 1976-ൽ പുറത്തു വന്ന മലയാളചലച്ചിത്രം **മണിമുഴക്കം** പ്രദർശിപ്പിച്ചു. സാറ

തോമസിന്റെ മുറിപാടുകൾ എന്ന ചെറുകഥയെ ആസ്പദമാക്കിയാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്. മലയാളചലച്ചിത്രത്തിനുള്ള ദേശീയ പുരസ്ക്കാരവും 1976ലെ മികച്ച ചിത്രത്തിനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്ക്കാരവും കരസ്ഥമാക്കി. ശ്രീനിവാസന്റെ ആദ്യ ചിത്രം കൂടിയാണിത്. നവംബർ 28ന് ബക്കർ അനുസ്മരണസമ്മേളനം ഡോ. സെബാസ്റ്റ്യൻ പോൾ ഉദ്ഘാടനം ചെയ്തു . എൻ.വേണുഗോപാൽ, കെ. എൽ. മോഹനവർമ്മ, ഗ്രേസി ബാബു ജേക്കബ്, മുഹമ്മദ് ബാപ്പു എന്നിവർ പ്രസംഗിച്ചു. തുടർന്ന് ബക്കർ സംവിധാനം ചെയ്ത *ചാരം* എന്ന സിനിമ പ്രദർശിപ്പിച്ചു.

ജീവിതത്തിൽ എല്ലാവരും അഭിനയിച്ചിട്ടുള്ളവരാണെന്നും അഭിനയപഠനം കലാവാസന പരിപോഷിപ്പിക്കുക മാത്രമല്ല, വ്യക്തിയുടെ സ്വഭാവരൂപീകരണത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുകയും ചെയ്യുമെന്ന് പ്രേക്ഷകരെ പങ്കെടുപ്പിച്ചുകൊണ്ട് ഒറ്റയാൾ നാടകങ്ങളിലൂടെ ശ്രദ്ധേയനായ സുനിൽകുമാർ അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്റർ സംഘടിപ്പിച്ച സിനിമ അഭിനയശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചാവറ കൾച്ചറൽ സെന്റർ അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ. അദ്ധ്യക്ഷത വഹിച്ചു. സുനിൽകുമാർ, പ്രജിത്ത് എസ്. നായർ എന്നിവർ ക്ലാസ് നയിച്ചു. എല്ലാ മാസവും ഇതിന്റെ തുടർച്ചയിൽ അഭിനയശില്പശാല നടത്തുന്നു.

## ദേശീയ ഐക്യദിനാചരണം നടത്തി

ഇന്ത്യൻ സ്വാതന്ത്ര്യസമരസേനാനിയും ആഭ്യന്തരമന്ത്രിയുമായിരുന്ന, ഉരുക്കുമനുഷ്യൻ എന്നറിയപ്പെട്ടിരുന്ന സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മദിനം ദേശീയ ഐക്യദിനമായി ആചരിച്ചു. എറണാകുളം ജംഗ്ഷൻ റെയിൽവെ, ചാവറ കൾച്ചറൽ സെന്റർ, കരിത്തല സെന്റ് ജോസഫ്സ് സ്ക്കൂൾ എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദേശീയ ഐക്യദിനറാലി സ്റ്റേഷൻ മാനേജരും ഡയറക്ടറുമായ ആർ. ഹരികൃഷ്ണൻ IRTS ഉദ്ഘാടനം ചെയ്തു. രാഷ്ട്രത്തിന്റെ ഐക്യത്തെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുവാനും സമഗ്രവികസനത്തിന് അവസരമൊരുക്കുവാനും ഈ ദിനാചരണം സാധിക്കട്ടെയെന്ന് അദ്ദേഹം പറഞ്ഞു. തുടർന്ന് ഐക്യദാർഢ്യപ്രതിഞ്ജ

ചൊല്ലിക്കൊടുത്തു. ഫാ. റോബി കണ്ണൻചിറ സി.എം.ഐ., റാലി ഫ്ളാഗ് ഓഫ് ചെയ്തു. കെ. പി. ബി. പണിക്കർ, ഹെഡ്മിസ്ട്രസ് സിസ്റ്റർ ആൻസി റോസ്, സിസ്റ്റർ ജിൻസി , ജോൺസൺ സി. എബ്രഹാം, സിസ്റ്റർ റോസ് പോൾ, റെയിൽവെ സർക്കിൾ ഇൻസ്പെക്ടർ ഗിരീഷ്, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ടി. തോമസ്, എച്ച്. എസി. സുരേഷ്, സി. ഡി. അനിൽകുമാർ എന്നിവർ നേതൃത്വം നൽകി. വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള റാലി റെയിൽവെ സ്റ്റേഷൻ പ്ലാറ്റ് ഫോം വഴി ഏരിയ മാനേജർ ഓഫീസിനു മുന്നിൽ സമാപിച്ചു.

## ലോകടൂറിസം ദിനാചരണം

വിനോദസഞ്ചാരമേഖലയിൽ കൂടുതൽ മുന്നേറ്റങ്ങൾ കേരളത്തിലുണ്ടാകുമെന്നും അതിലൂടെ പ്രളയക്കെടുതിയെ അതിജീവിക്കാൻ സാധിക്കുമെന്നും എറണാകുളം റെയിൽവെസ്റ്റേഷൻ ഡയറക്ടറും ഏരിയ മാനേജരുമായ ആർ. ഹരികൃഷ്ണൻ (IRTS) അഭിപ്രായപ്പെട്ടു. ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് മീഡിയ സ്റ്റഡീസ് സംഘടിപ്പിച്ച ലോകടൂറിസം ദിനാചരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫാ. റോബി കണ്ണൻചിറ അദ്ധ്യക്ഷത വഹിച്ചു. ടൂറിസംദിനാചരണത്തോടനുബന്ധിച്ച് നടത്തിയ ഡിബേറ്റ്, ക്വിസ്സ്, ഫോട്ടോഗ്രാഫി, ക്യാപ്ഷൻ എഴുത്ത് മത്സരങ്ങളിൽ വിജയിച്ചവർക്ക് ഹരികൃഷ്ണൻ ആർ. സമ്മാനങ്ങൾ വിതരണം ചെയ്തു. ജിജോ പാലത്തിങ്കൽ, പ്രൊഫ. ആൻസി ഈപ്പൻ, ശ്വേത ദേവരാജൻ, ടിയ മനോജ്, രജീന്ദ്രൻ എം. ആർ, ജോ ഫിലിപ്പ്, നിഷ കെ.എസ്., സീന ജോൺ എന്നിവർ പ്രസംഗിച്ചു.

## എറണാകുളം റെയിൽവെ ഗ്രീനിംഗ് പ്രൊജക്ട് ഉദ്ഘാടനം ചെയ്തു

ഗാന്ധിജയന്തി ദിനത്തിൽ എറണാകുളം സൗത്ത് റെയിൽവെ സ്റ്റേഷൻ മുതൽ നോർത്ത് സ്റ്റേഷൻ വരെ പൂച്ചെടികൾ വളർത്തി ഹരിതമാക്കുന്ന ഗ്രീനിംഗ് പ്രൊജക്ട് സ്റ്റേഷൻ ഡയറക്ടരും, ഏരിയമാനേജരുമായ ആർ. ഹരികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സ്വച്ഛതാ ഹി സേവയുടെ ഭാഗമായി പരിസ്ഥിതി സൗഹൃദമാക്കുക

വഴി പരിസരശുചീകരണം ലക്ഷ്യമിടുന്ന പദ്ധതിക്ക് പൊതുസമൂഹത്തിന്റെ പിന്തുണ അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. ചാവറ കൾച്ചറൽസെന്റർ, ചാവറ ഫാമിലി വെൽഫെയർ സെന്ററിന്റെ ഭാഗമായ ചാവറ മാട്രിമണി ഡോട്ട്കോം, സേക്രട്ട് ഹാർട്ട് കോളേജ് എൻ.എസ്. എസ്., യൂണിറ്റ് അൽ-അമീൻ ട്രസ്റ്റ്, കാരിക്കാമുറി റസിഡൻസ് അസോസിയേഷൻ എന്നിവയുടെ സഹകരണത്തോടെയാണ് റെയിൽവെ ഗ്രീനിംഗ് പ്രൊജക്ട് നടപ്പാക്കുന്നത്. ഫാ. റോബി കണ്ണൻചിറ സി.എം.ഐ. അദ്ധ്യക്ഷത വഹിച്ചു. ഡോ. രമ്യ രാമചന്ദ്രൻ, ജോൺസൺ സി. എബ്രഹാം, കെ.എച്ച്. ഷഫീക്ക്, ജിജോ പാലത്തിങ്കൽ, റെയിൽവെ ചീഫ് ഹെൽത്ത് ഇൻസ്പെക്ടർ കെ.എസ്. സജി, കെ.വി. പണിക്കർ, സിസിലി ഡിസിൽവ, റെയിൽവെ മെഡിക്കൽ ഓഫീസർ നസ്രിൻ വലുഗോത്തി, സി.ഡി. അനിൽകുമാർ, കൃഷ്ണകുമാർ എന്നിവർ പ്രസംഗിച്ചു. വിവിധ കോളേജ് എൻ.എസ്.എസ്. യൂണിറ്റുകളിൽ നിന്നെത്തിയ വിദ്യാർത്ഥികൾ ഗാന്ധി സ്മൃതി യാത്ര നടത്തിയാണ് പരിപാടിക്ക് തുടക്കം കുറിച്ചത്. . ബോഗൺവില്ല, അരളി എന്നീ ചെടികളാണ് 2 കിലോമീറ്റർ ദൂരത്തിൽ നട്ടുപിടിപ്പിക്കുന്നത്.

## വിവരങ്ങൾ എങ്ങനെ വെളിപ്പെടുത്താതിരിക്കാമെന്നാണ് ഉദ്യോഗസ്ഥർ ചിന്തിക്കുന്നത്: വിൻസെൻ എം. പോൾ

വിവരാവകാശനിയമം പ്രബലമായതോടെ എങ്ങനെ വിവരങ്ങൾ വെളിപ്പെടുത്താതിരിക്കാം എന്നാണ് ഉദ്യോഗസ്ഥർ ചിന്തിക്കുന്നതെന്ന് മുഖ്യവിവരാവകാശ കമ്മീണഷണർ വിൻസെൻ എം. പോൾ അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്റർ, ആർ.ടി.ഐ കേരള ഫെഡറേഷൻ, ആന്റി കറപ്ഷൻ പീപ്പിൾസ് മൂവ്മെന്റ്, സെന്റ് തെരേസാസ് കോളേജ് സോഷ്യോളജി വിഭാഗം, കൺസ്യൂമർ വിജിലൻസ് സെന്റർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ **വിവരാവകാശനിയമം പ്രതീക്ഷകളും വെല്ലുവിളികളും** എന്ന വിഷയത്തിൽ നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു

അദ്ദേഹം. 30 ദിവസത്തിനകം എന്നത് എത്രയും വേഗം കൊടുക്കണമെന്നതാണ്. സി.ബി.ഐ.യെ ഒഴിവാക്കിയിട്ടുണ്ടെങ്കിലും സി.ബി.ഐ.യിൽ നടക്കുന്ന എല്ലാ കാര്യങ്ങളും വിവരാവകാശനിയമപരിധിയിൽ നിന്നും ഒഴിവാക്കുന്നത് ശരിയല്ലായെന്നും അദ്ദേഹം പറഞ്ഞു. അഡ്വ. ഡി. ബി. ബിനു മോഡറേറ്ററായിരുന്നു. തുടർന്ന് നടന്ന സംവാദത്തിൽ ഫാ. റോബി കണ്ണൻചിറ സി. എം. ഐ., ഡോ. എസ്. ഡി. സിങ്ങ്, അഡ്വ. എം. ആർ. രാജേന്ദ്രൻ നായർ, ശ്രീ. എ. അയ്യപ്പൻ നായർ, ഡോ. രാധാകൃഷ്ണൻ നായർ, ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.




വിവരാവകാശനിയമ സെമിനാർ മുഖ്യ വിവരാവകാശ കമ്മീഷണർ വിൻസെൻ എം. പോൾ ഉദ്ഘാടനം ചെയ്യുന്നു. ഉണ്ണികൃഷ്ണൻ, എ. അയ്യപ്പൻ നായർ, അഡ്വ.എം.ആർ.രാജേന്ദ്രൻ നായർ, ഡോ. രാധാകൃഷ്ണൻ നായർ, ഡോ. എസ്. ഡി. സിങ്ങ്, ഫാ. റോബി കണ്ണൻചിറ സി.എം.ഐ. എന്നിവർ സമീപം.

## ചാവറ കേരളപിറവി ദിനാചരണം

കൊച്ചി : ചാവറ കൾച്ചറൽ സെന്ററിൽ - ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് മീഡിയ സ്റ്റഡീസിന്റെ നേതൃത്വത്തിൽ കേരള പിറവിദിനാഘോഷം നടത്തി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനിൽഫിലിപ്പ് സി. എം. ഐ. ഉദ്ഘാടനം ചെയ്തു. ഫാ. റോബി കണ്ണൻചിറ സി.എം.ഐ. സന്ദേശം നൽകി. ജിജോ പാലത്തിങ്കൽ, കിഷോർ ജലീൽ, പ്രൊഫ. ആൻസി ഈപ്പൻ, ടിയ മനോജ്, രജീന്ദ്രൻ എം. ആർ, ജോ ഫിലിപ്പ്, ശ്വേത ദേവരാജൻ എന്നിവർ പ്രസംഗിച്ചു. വിദ്യാർത്ഥികളുടെ ലളിതഗാനം, സംഘഗാനം, കേരള ശ്രീമാൻ, മലയാളി മങ്ക മത്സരങ്ങൾ സംഘടിപ്പിച്ചു. കേരള ശ്രീമാനായി റോഷൻ റോബി, മലയാളി മങ്കയായി ഒലിവിയ ഓൾവിൻ, മികച്ച കേരള ജോഡിയായി അതുൽ ആന്റണി, നിമ്മി അന്ന വത്സൻ എന്നിവരെ തെരഞ്ഞെടുത്തു.

## ചാവറയിൽ കേക്ക് മിക്സിംഗ്

ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് മീഡിയ സ്റ്റഡീസ്, ഹോട്ടൽ മാനേജ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽകേക്ക് മിക്സിംഗ് നടത്തി. ഫാ. റോബി കണ്ണൻചിറ CMI. അദ്ധ്യക്ഷത വഹിച്ചു. കൊച്ചി കോർപ്പറേഷൻ സെക്രട്ടറി എ. എസ്. അനൂജ ഉദ്ഘാടനം ചെയ്തു. സിനിമാതാരം കൈലാഷ് മുഖ്യാതിഥിയായിരുന്നു. ഫാ. മാത്യു വെമ്പേനി CMI, ഫാ. ഓസ്റ്റിൻ കളപ്പുര CMI, ഫാ. അനിൽ ഫിലിപ്പ് CMI ടാജ് ഹോട്ടൽ മുൻ എച്ച്. ആർ. ഡയറക്ടർ പോൾസൺ സേവ്യർ, ഫ്രഞ്ച് അലിയോൺസ് ഡയറക്ടർ ഫ്രാൻസൊ ഗേഷ്യൻ ട്രൈസ്റ്റാർ ഗ്രൂപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോളി ജോസഫ് എന്നിവർ പ്രസംഗിച്ചു.

## പ്രവിശ്യാവാർത്തകൾ

### I PROFESSION AND VESTITION AT CHAVARA DHAM, BUDNI

A good gathering including Fr. Varghese Vithayathil, Vicar General of CMI Congregation, all north Indian CMI Provincials, Fr. Joshy Cheruparambil CMI, General formation coordinator and novice masters and distinguished delegates, fathers, sisters and brothers from all nearby mission stations along with the beloved parents of the 9 novices at Chavara Dham, Budni witnessed a very impressive religious ceremony of I Profession and Vestition of the first batch of the new CMI Inter province novitiate on December 8, 2018 at Chavara Dham. The programme began with a blessing of the novices in the chapel by the Chavara Dham novitiate team lead by Fr. Sany, the novice master.



The novices marched in a prayerful atmosphere to the portico where they venerated the Bible and relic of St. Chavara and moved to the chapel in procession led by the novice master carrying the Bible. They were followed by the parents and

the faithful and the celebrants and the main celebrant, Fr. Varghese Vithayathil CMI, carrying the relic of St. Chavara. After the Chavara Song, they entered the chapel, where their parents prayed over them imposing their hands on their head, which was an emotional heart touching scene offering their beloved son at the feet of Jesus Christ for the service of God and His people. Most of them had their eyes wet, and the choir sang a fitting song to create the right ambience.

Fr. Justin Akkara CMI, Provincial of St. Paul Province, Bhopal delivered the introductory speech and welcomed all who were present. At the beginning of the ceremony Fr. Varghese Vithayathil also shortly briefed the ritualistic ceremony and told the gathering there were 73 CMI novices officially professing the same day including two of them in Kenya. Fr. Dr. James M.L., Manager of St. Paul's School Bhopal delivered the homily stressing on the art of living for others. He beautifully contextualized the meaning of vine and its branches as given in the Bible to show the Master-Disciple relationship in the modern times.

Fr. Varghese Vithayathil blessed the religious dress – the cassock which the brothers were holding in their hands and they put on it. After enquiring their desire, determination and destination, all of them came to the alter one by one and publicly professed their vows and handed over the document of profession to their respective provincials. They were given the Bible, copy of CMI constitutions and a Benedictine cross, by the Vicar General of the congregation. During the prostration, which symbolically presents their death to the world and rising with Jesus, about 45 priests who were concelebrating extended their hands over them and prayed for them to be anointed by the gifts of the Holy Spirit. The Mass continued with the offertory procession.

Earlier Fr. George Kulangara CMI, Rector of Darsana Philosophate, Wardha, and Fr. Joshy Cheruparambil, General Formation Coordinator had guided them during their 40 days retreat. Frs. Joby Pulickan, Brothers from Samanvaya, and Sr. Grace OSF, sang melodiously songs to make the ceremony all the more devotional and impressive. Fr. Nijo Palatty CMI was guiding and giving the commentary to make the programme meaningful to everyone present. Bro. Amal Joe Thadathil, proposed vote of thanks on behalf of the Chavara Dham family. Fr. Joshy Cheruparambil, General Formation Coordinator, felicitated them with a flower after the final blessing of the Mass.

Fr. Sany Kannampuzha CMI





## Carmelites of Mary Immaculate
## ANNOUNCEMENT OF DISMISSALS AND DISPENSATIONS

Dear Fathers and Brothers,

The following list offers information on members from our CMI family who were dismissed and those who have already received dispensation from their religious vows or/and the obligations connected with sacred Ordination for a period of last five years (2014-2018). In the case of dispensations, some of the cases are more than two decades old and the process came to an end only recently. In these instances, communicating with the offices at the Vatican Curia, which is a tedious task, was carried out by Fr. Cherian Thunduparampil, our Procurator General in Rome, and the Congregation is immensely grateful to him for this strategic assistance. As the following members have left our CMI family, let us keep them in our prayers that they will continue to experience God's love and mercy all through their lives.

**Dismissals**

1. Fr. Lijo Karakkadu of Saint Joseph's Province, Thiruvananthapuram, was dismissed (*ipso iure dimissus*) from the Carmelites of Mary Immaculate in accordance with CMI Constitutions Article 148 and Canons 497 and 511 of the Code of Canons of the Eastern Churches (GCA 31/08/2014, dated 6 June 2014).

2. Fr. John Jose (Johnson) Areeckal of Sacred Heart Province, Kochi, was dismissed (*ipso iure dimissus*) from the Carmelites of Mary Immaculate in accordance with CMI Constitutions Article 148 and Canons 497 and 511 of the Code of Canons of the Eastern Churches (GCA 36/301/2015, dated 11 September 2015).

3. Fr. Jisho John Pynadath of Sacred Heart Province, Kochi, was dismissed (*ipso iure dimissus*) from the Carmelites of Mary Immaculate in accordance with CMI Constitutions Article 148 and Canons 497 and 511 of the Code of Canons of the Eastern Churches (GCA 81/793/2017, dated 14 July 2017).

4. Fr. Joseph Vellappillil of Saint Xavier's Province, Rajkot, was dismissed (*ipso iure dimissus*) from the Carmelites of Mary Immaculate in accordance with CMI Constitutions Article 148 and Canons 497 and 511 of the Code of Canons of the Eastern Churches (GCA 111/1197/2018, dated 27 October 2018).

**Dispensations**

1. Franklin Jacob Panoor of Carmel Province, Muvattupuzha, has received an indult of departure from the Carmelites of Mary Immaculate (Prot No. 618/2014, dated 3 April 2014) in accordance with CMI Constitutions Article 145 and Canon 549 §2,1° of the Code of Canons of the Eastern Churches (PG/404/2014, dated 14 April 2014).

2. Lijoy Pottokkaran of Mary Matha Vice-Province, Bellampalli (Hyderabad), has received an indult of departure from the Carmelites of Mary Immaculate (Prot No. 0087/2015, dated 18 January 2015) in accordance with CMI Constitutions Article 145 and Canon 549 §2,1° of the Code of Canons of the Eastern Churches (PG/223/2015, dated 25 February 2015).

3. Jithin Palatty of Mary Matha Vice-Province, Bellampalli (Hyderabad), has received an indult of departure from the Carmelites of Mary Immaculate (Prot No. 1940/2015, dated 27 September 2015) in accordance with CMI Constitutions Article 145 and Canon 549 §2,1° of the Code of Canons of the Eastern Churches (PG/775/2015, dated 3 October 2015).

4. Fr. Joshy Joseph Chanikuzhi of Sacred Heart Province, Kochi, has been granted dispensation *iuxta petitia* "from all priestly obligations, including celibacy" (Prot No. 448/2014 – 52119, dated 5 September 2015) in accordance with CMI Constitutions Article 145 and Canons 725 735 of the Code of Canons of the Eastern Churches (PG/525C/2015, dated 25 May 2015).

5. Joshy Xavier of Saint Xavier's Province, Rajkot, has received an indult of departure from the Carmelites of Mary Immaculate (Prot No. 0169/2016, dated 5 February 2016) in accordance with CMI Constitutions Article 145 and Canon 549 §2,1° of the Code of Canons of the Eastern Churches (PG/98/2016, dated 9 February 2016).
6. Jithin Jose Ambattu of Carmel Province, Muvattupuzha, has received an indult of departure from the Carmelites of Mary Immaculate (Prot No. 0222/2016, dated 13 February 2016) in accordance with CMI Constitutions Article 145 and Canon 549 §2,1° of the Code of Canons of the Eastern Churches (PG/142/2016, dated 19 February 2016).
7. Bibin Sebastian Thekkumkattil of Carmel Province, Muvattupuzha, has received an indult of departure from the Carmelites of Mary Immaculate (Prot No. 0223/2016, dated 13 February 2016) in accordance with CMI Constitutions Article 145 and Canon 549 §2,1° of the Code of Canons of the Eastern Churches (PG/143/2016, dated 19 February 2016).
8. Godly Tharakan of Preshitha Province, Coimbatore, has received an indult of departure from the Carmelites of Mary Immaculate (Prot No. 0909/2016, dated 22 June 2016) in accordance with CMI Constitutions Article 145 and Canon 549 §2,1° of the Code of Canons of the Eastern Churches (PG/437/2016, dated 28 June 2016).
9. Sijil Stephen Njezhuvinkal of Sacred Heart Province, Kochi, has received an indult of departure from the Carmelites of Mary Immaculate (Prot No. 1558/2016, dated 6 October 2016) in accordance with CMI Constitutions Article 145 and Canon 549 §2,1° of the Code of Canons of the Eastern Churches (PG/574/2016, dated 20 October 2016).

10. Josmy Manuel Kachira of Saint Xavier's Province, Rajkot, has received an indult of departure from the Carmelites of Mary Immaculate (Prot No. 2151/2017, dated 8 December 2017) in accordance with CMI Constitutions Article 145 and Canon 549 §2,1° of the Code of Canons of the Eastern Churches (GCA 89/903/2017, dated 2 November 2017).

11. Fr. Niby Kannai Itteera of Devamatha Province, Thrissur, has received an indult of departure from the Carmelites of Mary Immaculate (issued by the Congregation for Oriental Churches by its decree Prot. N. 35/2001, dated 22 December 2017) and has been incardinated to the Diocese of Covington in the USA (GCA 89/906, dated 2 November 2017).

12. Fr. Francis P. U. Puthenkudy of Saint Mar Thoma Province, Chanda, has received rescript dispensing him from "sacred celibacy and from all the obligations connected with sacred Ordination" (Prot No. 20164619/S, dated 21 March 2017) in accordance with Canon 394 of the Code of Canons of the Eastern Churches (PG/369/2017, dated 4 May 2017).

13. Fr. Mathew Pulickal of Carmel Province, Muvattupuzha, has received rescript dispensing him from "sacred celibacy and from all the obligations connected with sacred Ordination" (Prot No. 20164594/S, dated 21 March 2017) in accordance with Canon 394 of the Code of Canons of the Eastern Churches (PG/370/2017, dated 4 May 2017).

14. Fr. Antony Chirayil of Saint Joseph's Province, Thiruvananthapuram, has received rescript dispensing him from "sacred celibacy and from all the obligations connected with sacred Ordination" (Prot No. 20123399/S, dated 31 January 2017) in accordance with Canon 394 of the Code of Canons of the Eastern Churches (PG/385/2017, dated 10 May 2017).

15. Fr. Noble (Thomas) Sebastian Kizhakkekara of Saint Xavier's Province, Rajkot, has received rescript dispensing him from "sacred celibacy and from all the obligations connected with sacred Ordination" (Prot No. 20164618/S, dated 21 March 2017) in accordance with Canon 394 of the Code of Canons of the Eastern Churches (PG/458/2017, dated 7 July 2017).

16. Fr. James Thennana of Carmel Province, Muvattupuzha, has received rescript dispensing him from "sacred celibacy and from all the obligations connected with sacred Ordination" (Prot. No. 20164617/S, dated 13 June 2017) in accordance with Canon 394 of the Code of Canons of the Eastern Churches (PG/499a/2017, dated 20 August 2017).

17. Fr. Joseph Parippallil of Saint Paul's Province, Mysore, has received rescript dispensing him from "sacred celibacy and from all the obligations connected with sacred Ordination" (Prot No. 20171721/S, dated 11 July 2017) in accordance with Canon 394 of the Code of Canons of the Eastern Churches (PG/582/2017, dated 30 October 2017).

18. Fr. Joseph Pallineerackal of Saint Joseph Province, Kottayam, has received rescript dispensing him from "sacred celibacy and from all the obligations connected with sacred Ordination" (Prot No. 20172176/S, dated 4 August 2017) in accordance with Canon 394 of the Code of Canons of the Eastern Churches (PG/603/2017, dated 9 November 2017).

19. Fr. Jose Joseph Parackattu of Mar Thoma Province, Chanda, has received rescript dispensing him from "sacred celibacy and from all the obligations connected with sacred Ordination" (Prot. No. 20164616/S, dated 12 September 2018) in accordance with Canon 394 of the Code of Canons of the Eastern Churches (PG/464/2018, dated 23 November 2018).

**Fr. Paul Achandy CMI**
Prior General

# Book Review



## 1. HISTORY OF DHARMARAM COLLEGE

A LIVING LEGACY OF INTERNAL FORMATION
1957-2017

Those who want a copy Please contact:

Dharmaram Publications, Dharmaram College,
Dharmaram College, P.O. ,
Bengaluru - 560029, Karnataka,
fthonippara@gmail.com
9480582973

## 2. VICARIATE APOSTOLIC OF VERAPOLY AND THE ST THOMAS CHRISTIANS IN 1867

Kuriakose Elias Chavara Unworthy of Episcopate?

A book by Msgr. Pasul Pallath.
A must in all CMI Houses.
Special price is Rs. 150, including postage.

Please contact : Dharmaram Publications, Dharmaram College,
Dharmaram College, P.O.
Bengaluru - 560029, Karnataka
fthonippara@gmail.com
9480582973

# 1. HISTORY OF DHARMARAM COLLEGE
A LIVING LEGACY OF INTERNAL FORMATION
1957-2017



# 2. VICARIATE APOSTOLIC OF VERAPOLY AND THE ST THOMAS CHRISTIANS IN 1867

Kuriakose Elias Chavara Unworthy of Episcopate?




PUBLICATION ANNOUNCEMENT
Pallikkutam Publications brings out its first book in the series Creative Living:
CONDEMNED TO BE CREATIVE
by Varghese Panthalookaran CMI
Ability to think in a creative manner is essential for definitive success in one's life and career. Some are born with those skills; but anybody can nurture them by regular practice. Here is a book that helps cultivate attitudes, values and skills required for creative thinking. It also provides a multitude of techniques to master it. A must read for teachers, students, institution leaders and everyone who would like to develop their creative thinking skills!
The book is comprehensive in delineating various aspects of human creativity.
Pradip N Khandwalla
Former Director, IIM-Ahmedabad
This is a must-read to understand creativity in its truest sense and with the utmost objectivity.
Debashis Chatterjee
Director, IIM-Kozhikode
... the need for creativity grows stronger by the day. 'Condemned to be Creative' is an attempt to equip GenXYZ and beyond for coping with this escalating need.
Mathew J Manimala
Director (Research), XIME Bangalore
(The book) comes at the right time when 'Make in India' is gaining momentum!
Sathya Prasad M
Vice President, Ashok Leyland Technical Center
Varghese Panthalookaran CMI
CONDEMNED TO BE CREATIVE
Bank Details:
Name of A/c. : Pallikkutam Publications
A/c. No. : 0587053000010627
Name of Bank : South Indian Bank Ltd.
IFSC : SIBL0000587
Cheque/DD to favour "Pallikkutam Publications, Kochi"
BOOK DETAILS:
Pages : ca. 300
Binding : Hard Bound
Price : ₹699/-
Publication Month : January, 2019
*Pricing excludes postage charges
PRE-PUBLICATION PRICE
₹ 599/-
For more details log on to www.pallikkutam.com

# കർമ്മലയിലെ സൗഗന്ധികങ്ങൾ

Note: 2017- ൽ ഇഹലോകവാസം വെടിഞ്ഞ കുറേ സഭാംഗങ്ങളുടെ ചരമക്കുറപ്പ് ഈ ലക്കത്തിൽ ഉൾപ്പെടുത്തുന്നു, അവ 'കർമ്മലസന്ദേശ'ത്തിനു സമയത്ത് ലഭിച്ചിരുന്നില്ല എന്ന കാരണത്താൽ.

**ഫാ. ഫിലിപ്പ് ആറ്റുകടവിൽ സി.എം.ഐ.**
**(1937–2017)**



കോഴിക്കോട് സെന്റ് തോമസ് പ്രൊവിൻസിലെ തളിപ്പറമ്പ്, പുഷ്പഗിരി, ലിറ്റിൽ ഫ്ളവർ ആശ്രമാംഗമായിരുന്ന ബ. ഫിലിപ്പ് ആറ്റുകടവിലച്ചൻ (Sr) 2017 ജനുവരി 13-ാം തീയതി വൈകുന്നരം 7.50ന് തളിപ്പറമ്പ് ലൂർദ് ആശുപത്രിയിൽ വെച്ച് കർത്താവിൽ നിര്യാതനായി.

മൃതദേഹം പിറ്റേദിവസം കോഴിക്കോട് സെന്റ് തോമസ് മൗണ്ടിലേക്ക് കൊണ്ടുപോവുകയും ജനുവരി 15ന് ഉച്ച കഴിഞ്ഞ് 2 മണിക്ക് സംസ്കാര ശുശ്രൂഷകൾ ആരംഭിക്കുകയും ചെയ്തു. ജനറാളച്ചന്റെ പ്രതിനിധിയായെത്തിയ ബ. ആന്റണി ഇളംതോട്ടം അച്ചൻ പ്രാരംഭശുഷകൾക്കും വി.കുർബാനയ്ക്കും നേതൃത്വം നൽകി. മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നൽ, കോഴിക്കോട് പ്രൊവിൻഷ്യൽ ബ. ജോസഫ് വയലിലച്ചൻ, മൈസൂർ പ്രൊവിൻഷ്യൽ ബ. സന്തോഷ് സ്രായിലച്ചൻ, തളിപ്പറമ്പ് ഫൊറോന മരിയൻ തീർത്ഥാടന ദേവാലയ വികാരി ബ. ജോസഫ് മഞ്ചപ്പിള്ളിയച്ചൻ, ബ. ഫിലിപ്പച്ചന്റെ സഹോദരപുത്രൻ ഫാ. ഫിലിപ്പ് ആറ്റുകടവിൽ (Jr), ഫാ. തോമസ് തേനേത്ത്, ഫാ. തോമസ് കുട്ടിയാനിയിൽ എന്നിവർ സഹകർമ്മികരായിരുന്നു. ബ. തോമസ്

വട്ടക്കാട്ടച്ചന്റെ വചനസന്ദേശം, ആരാലും അറിയപ്പെടാതിരുന്ന ബ. ഫിലിപ്പച്ചന്റെ ആദ്ധ്യാത്മിക ചൈതന്യത്തിലേക്ക് വെളിച്ചം വീശുന്നതായിരുന്നു. ചരിത്രവഴിയിലുടെ കടന്നുപോയ ബ. ജോർജ്ജ് എഴാനിക്കാട്ടച്ചൻ തിരുക്കർമ്മാനുഷ്ഠാനങ്ങൾക്ക് ഉണർവേകി.

സമാപന ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയത് അഭിവന്ദ്യ മാർ ജോർജ്ജ് വലിയമറ്റം പിതാവാണ്. ദീർഘദൂരം സഞ്ചരിച്ച് കോഴിക്കോട്ടെത്തിയ അഭിവന്ദ്യ പിതാവ്, സി.എം.ഐ. സഭയേയും ബ. ഫിലിപ്പച്ചൻ വ്യക്തിപരമായും ചെയ്ത സേവനങ്ങളേയും ഹൃദയത്തിന്റെ ഭാഷയിൽ അനുസ്മരിച്ച് നന്ദി പറഞ്ഞു. താമരശ്ശേരി രൂപതയുടെ മുൻ അദ്ധ്യക്ഷൻ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവും, വികാരി ജനറാൾ മോൺ. ജോൺ ഒറവങ്കലും മൃതദേഹം സന്ദർശിച്ച് ഒപ്പീസ് നടത്തി പ്രാർത്ഥിച്ചു. ബ. ഫിലിപ്പച്ചൻ സേവനം ചെയ്ത വിവിധ ഇടവകകളിൽ നിന്നുള്ള വൈദികർ ഉൾപ്പെടെയുള്ള ഒരു വലിയസംഘം ദൈവജനവും, വിവിധ സഭാസമൂഹങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സും ബന്ധുക്കളും തിരുക്കർമ്മ ശുശ്രൂഷകളിൽ പങ്കെടുത്തു.

ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ട കല്ലൂർക്കാട് ഇടവകയിൽ 1931 ഫെബ്രുവരി 18-ാം തീയതി ബ. ഫിലിപ്പച്ചൻ ജനിച്ചു. ചമ്പക്കുളത്തെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1957ൽ മാന്നാനം ആസ്പിരന്റ്സ് ഹൗസിൽ ചേരുകയും 1960ൽ ചെത്തിപ്പുഴയിൽ വെച്ച് ആദ്യവ്രതം അനുഷ്ഠിക്കുകയും ചെയ്തു. തുടർന്ന് ധർമാരാമിലെ തത്വശാസ്ത്ര, ദൈവശാസ്ത പഠനങ്ങൾക്കു ശേഷം 1966 മെയ് 17നു പൗരോഹിത്യം സ്വീകരിച്ചു.

കോട്ടയം പ്രവിശ്യാഭവനത്തിലെയും, കരിക്കാട്ടൂർ ആശ്രമത്തിലെയും ചുരുങ്ങിയ കാലത്തെ സേവനത്തിനുശേഷം കോഴിക്കോട് അമലാപുരി പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു. സെന്റ് തോമസ് മൗണ്ടിലെ യോഗാർത്ഥി ഭവനത്തിൽ പരിശീലനത്തിന് സഹായിക്കുകയും, ധ്യാനങ്ങൾ നടത്തുകയും, ക്ലാസ്സുകൾ എടുക്കുകയും ചെയ്തു. പിന്നീട് വേനപ്പാറ, കൂടത്തായി, ഈരൂട് എന്നീ ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായും ദേവഗിരിയിൽ ഹോസ്റ്റൽ വാർഡനായും പ്രവർത്തിച്ചു.

1973ൽ ബത്തേരി പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി നിയമിതനായി. അതോടൊപ്പം തന്നെ അമ്പലവയൽ, വടക്കനാട് എന്നിവിടങ്ങളിലും സേവനം അനുഷ്ഠിച്ചു. വടക്കനാട് ഇടവക ദേവാലയം

നവീകരിച്ച് മാനാഹരമാക്കുകയും ചെയ്തു. 1974-ൽ തോണിച്ചാൽ പള്ളിയുടെ വികാരിയായി നിയമിതനായ ബ. ഫിലിപ്പച്ചൻ പള്ളിയുടെ സ്ഥലത്ത് കൃഷിയിറക്കുകയും മദ്യത്തിനും കള്ളവാറ്റിനും എതിരെ ശക്തമായ യുവജന മുന്നേറ്റം സംഘടിപ്പിക്കുകയും ചെയ്തു.

1976ൽ ഗൂഡല്ലൂർ അരുൾ നിലയം അംഗമാവുകയും M. Th. പഠനത്തിനായി ധർമ്മാരാമിൽപോവുകയും ചെയ്തു. പഠനത്തിനുശേഷം കൂടത്തായിൽ തിരിച്ചെത്തിയ ബ. ഫിലിപ്പച്ചൻ ഇടവകയിലും ആശ്രമത്തിലും സഹായിച്ചുകൊണ്ടിരുന്ന അവസരത്തിൽ പഴൂർ പള്ളി ഇടവക വികാരിയായും പിന്നീട് കല്പറ്റ ഫാത്തിമ മാതാ ആശുപത്രിയിൽ അസിസ്റ്റന്റ് ഡയറക്ടറായുംസേവനം ചെയ്തു. 1980ൽ നിലമ്പൂർ അടുത്തുള്ള പാലേമാട് പള്ളിയുടെ വികാരിയായി. അതോടൊപ്പം ഞാറപ്പാടം, നരിവാലമുണ്ട് സ്റ്റേഷനുകളിലും പ്രവർത്തിച്ചു.

1984ൽ തലപ്പുഴ ആശ്രമത്തിന്റെ സുപ്പീരിയറും വികാരിയുമായി നിയമിതനായതോടെ വയനാട്ടിലെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കമായി. ചെറുകിട കർഷകരുടെ ഇടയിൽ തേയിലകൃഷി പ്രോത്സാഹിപ്പിക്കുകയും പാവപ്പെട്ടവർക്ക് സൗജന്യമായി തേയിലച്ചെടികൾ നൽകുകയും ചെയ്തു. 1987 മുതൽ 3 വർഷത്തേക്ക് തളിപ്പറമ്പ് പുഷ്പഗിരി ആശ്രമത്തിൽ സുപ്പീരിയറും വികാരിയുമായി പ്രവർത്തിച്ചതിനുശേഷം, വീണ്ടും വയനാട്ടിൽ തിരിച്ചെത്തുകയും ലക്കിടി ആശ്രമത്തിന്റെ ചുമതല വഹിക്കുകയും ചെയ്തു. തുടർന്ന് വയനാട്ടിലെ നിരവിൽപുഴ, പേരിയ, പാറത്തോട്ടം, കുറുമ്പാല എന്നീ ഇടവകകളിൽ വികാരിയായി സേവനം ചെയ്തു. ചെറുകിട തേയിലകൃഷിക്കാർക്ക് കാർഷികലോൺ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ അതിനുവേണ്ടി നിയമയുദ്ധം നടത്തി ലോൺ നേടിയെടുക്കുവാൻ ബ. ഫിലിപ്പച്ചനാണ് മുൻനിരയിലുണ്ടായിരുന്നത്. ചെറുകിട തേയില കർഷകരുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുന്നതിനും അദ്ദേഹം മുൻകൈ എടുത്തു. പള്ളിയുടെ സ്ഥലത്ത് തേയിലകൃഷി ചെയ്യുന്നതോടൊപ്പം ഇടവക ജനങ്ങളേയും തേയില കൃഷി ചെയ്യാൻ പഠിപ്പിച്ചു. ഇത് ജനങ്ങളുടെ സാമ്പത്തിക അവസ്ഥയ്ക്ക് സ്ഥായിയായ മാറ്റം വരുത്തി.

2002 മുതൽ 2005 വരെ കൂടത്തായി ലൂർദ്ദ് ആശ്രമാധിപനും വികാരിയും സ്കൂൾ മാനേജരുമായി സവനം ചെയ്തു. ഇടവക സജീവമാക്കുകയും സ്കൂൾ കെട്ടിടത്തിന്റെ പണികൾക്ക് നേതൃത്വം

കൊടുക്കുകയും ചെയ്തു. 2006ൽ നിരവിൽപുഴയിൽ ചാർജ്ജെടുക്കുകയും പള്ളി പണിക്ക് തുടക്കം കുറിക്കുകയും ചെയ്തു.

ലക്കിടിയിൽ യാഗാർത്ഥികളുടെ അദ്ധ്യാപകൻ, അദിലാബാദ് മൈനർ സെമിനാരി റെക്ടർ, താണ്ഡവപുരത്ത് നോവിഷ്യറ്റ് ടീം അംഗം എന്നീ നിലകളിൽ പരിശീലന രംഗത്ത് സേവനം ചെയ്ത ബ. ഫിലിപ്പച്ചൻ വിവിധ സന്ന്യാസ സമൂഹങ്ങളുടെ നോവിഷ്യറ്റ് ഗുരുവായി സേവനം ചെയ്യുകയും ചെയ്തു. സന്ന്യാസജീവിതത്തെക്കുറിച്ച് തന്റെ ജീവിത സായാഹ്നത്തിൽ തയ്യാറാക്കിയിട്ടുള്ള ഗ്രന്ഥം അദ്ദേഹത്തിന്റെ സന്ന്യാസ പരിശീലനാനുഭവത്തിൽ നിന്നും രൂപം കൊണ്ടിട്ടുള്ളതാണ്.

1976ൽ കരിസ്മാറ്റിക് നവീകരണ ധ്യാനത്തിൽ പങ്കെടുത്ത ബ, ഫിലിപ്പച്ചൻ 1000 ൽ അധികം ധ്യാനങ്ങൾ നടത്തി. 1989ൽ 'ചാവറ ദർശന ഭവൻ' എന്ന പേരിൽ തളിപ്പറമ്പിൽ ആരംഭിച്ച ധ്യാനസെന്ററാണ് ഇന്നത്തെ ദർശന ധ്യാനകേന്ദ്രമായി രൂപപ്പെട്ടിട്ടുള്ളത്.

ഏത് ദുഷ്കര സാഹചര്യത്തിലും പൗരോഹിത്യ ശുശ്രൂഷ ചെയ്യാൻ തയ്യാറായിരുന്ന ബ. ഫിലിപ്പച്ചൻ ഏവർക്കും മാതൃകയാണ്. വിശ്രമമില്ലാതെ ജോലി ചെയ്ത ആ വ്യക്തിത്വം രോഗക്കിടക്കയിലായിരിക്കുമ്പോൾ പോലും തന്റെ പൗരോഹിത്യ ശുശ്രൂഷ തുടർന്നുകൊണ്ടേയിരുന്നു. 2011 മുതൽ ദർശന ധ്യാനകേന്ദ്രത്തിലായിരുന്ന ബ. ഫിലിപ്പച്ചന്റെ പൗരോഹിത്യ ജൂബിലി 2016ൽ ആഘോഷിച്ചു.

ദൈവരാജ്യത്തിനുവേണ്ടി തീവ്രമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത ബ ഫിലിപ്പച്ചനു വേണ്ടി സഭാ നിയമപ്രകാരമുള്ള പ്രാർത്ഥനകൾ (ഡി 58) നടത്തി ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

11-02-2017

തളിപ്പറമ്പ്, പുഷ്പഗിരി

ഫാ. തോമസ് കൂട്ടിയാനിയിൽ
സുപ്പീരിയർ

## ബ്രദർ ആന്റണി പനക്കൽ സി.എം.ഐ.



**ജനനം:** **24-01-1937**
**ആദ്യവ്രതം:** **16-05-1962**
**നിത്യവ്രതം:** **16-05-1968**
**മരണം:** **14-02-2017**

കോട്ടയം സെന്റ് ജോസഫ് പ്രൊവിൻസിലെ പുതപ്പള്ളി സെന്റ് ആന്റണീസ് സി.എം.ഐ ഭവനാംഗവും സെന്റ് ആന്റണീസ് വിഷചികിത്സാലയത്തിന്റെ ഡയറക്ടറുമായിരുന്ന ബഹു. ആന്റണി പനക്കൽ 2017 ഫെബ്രവരി 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 7.30ന് കാഞ്ഞിരപ്പള്ളയിലുള്ള പ്രശാന്ത് ഭവനിൽ നിര്യാതനായി. 16-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് സെന്റ് ആന്റണീസ് ആശ്രമദൈവാലയ സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു. **സി.എം.ഐ. പ്രയർ ജനറാൾ പോൾ അച്ചാണ്ടി** അച്ചന്റെ മുഖ്യകാർമ്മികത്വത്തിലുള്ള സമൂഹബലിയെ തുടർന്ന്, ചങ്ങനാശ്ശേരി അതിരൂപയുടെ നിയുക്ത **സഹായമെത്രാൻ മോൺസിഞ്ഞോർ തോമസ് തറയിൽ** പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമ്മികനായിരുന്നു. ധാരാളം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും പൊതുജനങ്ങളുടെയും സാന്നിധ്യത്തിൽ **പ്രൊവിൻഷ്യൽ ഫാ. ജോർജ്ജ് എടയാടിയുടെ** കാർമ്മികത്വത്തിൽ മൃതദേഹം സംസ്കരിച്ചു.

കോതമംഗലം രൂപതയിൽപ്പെട്ട കുണിഞ്ഞി ഇടവകയിൽ പനക്കൽ പരേതനായ തോമസ് - അന്ന ദമ്പദികളുടെ മകനായി 1937 ജനുവരി 24-ാം തീയതി ആന്റണി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം സി.എം.ഐ. സഭയിൽ ചേർന്നു. 1962 മെയ് 16ന് ആദ്യ വ്രതവും 1968 മെയ് 16ന് നിത്യവ്രതവും അനുഷ്ടിച്ചു. ദീപിക, കോട്ടയം, കുര്യനാട് ആശ്രമം എന്നിവിടങ്ങളിലെ സേവനത്തിനു ശേഷം ബഹു. സൈമൺ മൂലക്കാട്ടിന്റെ ശിഷ്യനായി വിഷവൈദ്യപാനത്തിന് 1927-ൽ പുതുപ്പള്ളിയിലെത്തി. 1978-ൽ സൈമൺ ബ്രദറിന്റെ മരണത്തെ തുടർന്ന് സെന്റ് ആന്റണീസ് വിഷവൈദ്യശാലയുടെ ഡയറക്ടറായി ഏറ്റെടുത്ത ചുമതല മരണം വരെ തുടർന്നു. 1979-ൽ വിഷമദ്യ ചികിത്സയ്ക്ക് കേരള ഗവൺമെന്റിന്റെ അനുമതിയും ലഭിച്ചു.

മാരകമായി വിഷബാധയേറ്റ അനേകം ആളുകൾക്ക് നാട്ടുമരുന്നും ആയുർവേദമരുന്നും ഉപയോഗിച്ചുള്ള ചികിതിസയിലൂടെ സൗഖ്യം നേടിയിട്ടുണ്ട്. 'മരുന്നച്ചൻ' എന്നറിയപ്പെട്ടിരുന്നു ബ്ര. ആന്റണി നാല്പതുവർഷത്തോളം രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ രോഗികളെ ചികിത്സിച്ചിരുന്നു. അലോപതി കൈവിട്ട സാഹചര്യത്തിലും ബ്രദറിന്റെ ചികിത്സ ഫലം കണ്ടിട്ടുണ്ട്. സോറിയാസിസ് ഉൾപ്പെടെയുള്ള ത്വക്ക് രോഗങ്ങൾക്ക് വളരെ ഫലപ്രദമായ ചികിത്സയും നടത്തിയിരുന്നു. ഔഷധ പ്രകൃതിരംഗത്തെ നേട്ടങ്ങളും രോഗചികിതിസയും മുൻനിർത്തി പല പുരസ്കാരങ്ങളും ബ്രദറിനെ തേടിയെത്തിയിട്ടുണ്ട്. കോട്ടയം കേന്ദ്രമായുള്ള സമഗ്രവികാസ് യോജന ഏർപ്പെടുത്തിയിട്ടുള്ള ജനസേവന, നാഗാർജ്ജുന ഗ്രൂപ്പ് ഏർപ്പെടുത്തിയിട്ടുള്ള ഔഷധമിത്രം, മാടവന ഗോപിനാഥൻ നായർ മെമ്മോറിയൽ വിഷബന്ധു, എടക്കോലി സോഷ്യൽ ഫോറസ്റ്ററി ക്ലബ് ഏർപ്പെടുത്തിയ വൃക്ഷ ബന്ധു മുതലായവ ബ്രദറിനു ലഭിച്ച അംഗീകങ്ങളിൽ ചിലതു മാത്രമാണ്.

ദൈവാശ്രയബോധവം മരിയഭക്തിയും സേവനസന്നദ്ധതയും ശാന്തസ്വഭാവവും കൈമുതലുണ്ടായിരുന്ന ആന്റണി പനക്കലിനെ ദൈവ തൃകരങ്ങളിൽ സമർപ്പിച്ച് നമുക്കു പ്രാർത്ഥിക്കാം. സഭാനിയമപ്രകാരമുള്ള പ്രാർത്ഥനകളും ശുശ്രൂഷകളും (D 58) നടത്തി ആത്മശാന്തിക്കായി നമുക്കു പ്രാർത്ഥിക്കാം.

പുതുപ്പള്ളി
21-02-2017

ഫാ. ചണ്ടി കിഴക്കയിൽ സി.എം.ഐ.
പ്രീഫെക്ട്
സെന്റ് ആന്റണീസ് സി.എം.ഐ. ഭവൻ

## റവ. ഫാ. ഗബ്രിയേൽ അരഞ്ഞാണിയിൽ സി.എം.ഐ.
## സെന്റ് ജോസഫ് പ്രോവിൻസ്, കോട്ടയം
## (1933–2017)



കുര്യനാട് സെന്റ് ആൻസ് ആശ്രമാംഗമായിരുന്ന ബഹു. ഗബ്രിയേൽ അരഞ്ഞാണിയിലച്ചൻ 2017 ഫെബ്രുവരി 19 ഞായറാഴ്ച്ച രാവിലെ 6.30 ന് തന്റെ 83–ാം വയസിൽ ഹൃദയാഘാതത്തെ തുടർന്ന് കർത്താവിൽ നിദ്രപ്രാപിച്ചു. മൃതദേഹം 22–ാം തീയതി ബുധനാഴ്ച കുര്യനാട് വി. അന്നാമ്മയുടെ ആശ്രമത്തിൽ ബഹു. ജനറാളച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്കരിച്ചു. ധർമ്മാരാം കോളേജ് റെക്ടർ ബ. തോമസ് ഐക്കരയച്ചൻ അനുസ്മരണ പ്രഭാഷണം നടത്തി.

അന്തിമോപചാരം അർപ്പിക്കുവാനും പ്രാർത്ഥിക്കുവാനുമായി എത്തിയവരിൽ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജേക്കബ് മുരിക്കൻ എന്നീ പിതാക്കന്മാരും ഗബ്രിയേലച്ചന്റെ ശിഷ്യഗണങ്ങളുൾപ്പെടെ ധാരാളം വൈദികരും സമർപ്പിതരും അത്മായ സഹോദരങ്ങളുമുണ്ടായിരുന്നു.

പാലാ രൂപതയിലെ മുത്തോലപുരം ഇടവകാംഗങ്ങളായിരുന്ന ദേവസ്യാ–ഏലി ദമ്പതികളുടെ നാലു മക്കളിൽ രണ്ടാമനായി 1933 ഏപ്രിൽ 5–ാംതീയതി മോനിപ്പള്ളിയിൽ ജനിച്ചു. അഗസ്റ്റിൻ എന്ന പേരാണ് മാമോദീസായിൽ നൽകിയത്. എ. എസ്. പൈലി, പരേതനായ ദേവസ്യ, എ.ഡി. ജോസഫ് എന്നിവർ സഹോദരങ്ങളാണ്.

മോനിപ്പള്ളിയിലും ഇലഞ്ഞിയിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ എ.ഡി. അഗസ്റ്റിൻ അജ്മീർ മിഷനിൽ ചേർന്നു വൈദിക പഠനം നടത്തിക്കൊണ്ടിരിക്കെ സന്യാസവിളി ലഭിച്ചതിനാൽ 1957 ൽ മുത്തോലി യോഗാർത്ഥി ഭവനത്തിൽ ചേർന്നു. ചെത്തിപ്പുഴയിൽ നവസന്യാസ പരിശീലനം പൂർത്തിയാക്കി. 1959 ൽ ആദ്യ വ്രതമനുഷ്ഠിച്ചു. തുടർന്നു ബാഗ്ലൂർ ധർമ്മാരാം കോളേജിൽ ഒരു വർഷം

തത്വശാസ്ത്രത്തിൽ ഉപരിപഠനവും നാലു വർഷം ദൈവ ശാസ്ത്രപഠനവും നടത്തി. 1964 മെയ് 16-ാം തീയതി കോതമംഗലം രൂപതാദ്ധ്യക്ഷനായിരുന്ന മാർ മാത്യു പോത്തനാമൂഴിയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. രണ്ടു വർഷം ധർമ്മരാമിൽ പഠിപ്പിച്ച ശേഷം ഉപരിപഠനത്തിനായി 1967 ൽ റോമായിലേക്കുപോയി. ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്ന് തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റുനേടി 1973 ൽ അദ്ദേഹം തിരിച്ചെത്തി.

ബഹു. അരഞ്ഞാണിയിൽ അച്ചൻ 1973 മുതൽ 1999 വരെ നീളുന്ന ദീർഘമായ ഒരു കാലഘട്ടം തത്വശാസ്ത്രാദ്ധ്യാപകനായി ധർമ്മാരം വിദ്യാ ക്ഷേത്രത്തിൽ ജോലി ചെയ്തു. അതോടൊപ്പം $4^{1/2}$ വർഷം DVK യുടെ രജിസ്ട്രാർ ആയി പ്രവർത്തിച്ചു. 8 വർഷക്കാലം വൈദിക വിദ്യാർത്ഥികളുടെ മാസ്റ്ററും ആയിരുന്നു. സഭ എൽപിക്കുന്ന എതു ജോലിയും വിശ്വസ്തതയോടും ആത്മാർത്ഥതയോടും നിർവ്വഹിക്കുകയെന്നത് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു.

1999-ൽ ധർമ്മാരാമിൽ നിന്നു വിരമിച്ചശേഷം സി.എം.എ. സഭയുടെ നവീകരണ കേന്ദ്രമായ പരിയാരത്തുള്ള സി.എസ്.ആർ. ൽ എത്തി 2008 വരെ അവിടെ സേവനമനുഷ്ടിച്ചു. അടുത്ത സേവന രംഗം കപ്പാട് നവസന്യാസഭവനമായിരുന്നു. 7 വർഷക്കാലം അവിടത്തെ ടീമിൽ അംഗമായി പ്രവർത്തിച്ച ശേഷം രണ്ടു വർഷമായി കുര്യനാട് ആശ്രമത്തിൽ വിശ്രമ ജീവിതം നയിച്ചുകൊണ്ടിരിക്കെയാണ് അവിചാരിതമായ ഈ വേർപാട്.

ശിശുതുല്യമായ നിഷ്കളങ്കതയുടെ പര്യായമായിരുന്നു ബഹു ഗബ്രിയേലച്ചൻ, എല്ലാവരേയും സ്നേഹിക്കുകയും എല്ലാം വിശ്വസിക്കുകയും ചെയ്യുന്ന വിശാലഹൃദയത്തിന്റെ ഉടമ. വലിയ ശിഷ്യസമ്പത്തുള്ള ആദരണീയനായ ആ ഗുരുവരനെ പ്രത്യേകവിധം സ്നേഹിക്കാനും ബഹുമാനിക്കാനും ശിഷ്യരും ശ്രദ്ധിച്ചിരുന്നു. തികഞ്ഞ അദ്ധ്യാപകനായിരുന്ന അദ്ദേഹം ബഹുഭാഷാപണ്ഡിതനും ഗ്രന്ഥകാരനും കവിയുമായിരുന്നു. ദാർശനിക മേഖലയിലും ആത്മീയ രംഗത്തും വിലപ്പെട്ട ചില ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. പരി. അമ്മയോടു സവിശേഷ ഭക്തിയുണ്ടായിരുന്ന അദ്ദേഹം മാർ അപ്രേമിന്റെ പല രചനകളും മലയാളത്തിലാക്കിയിട്ടുണ്ട്. വി. ചാവറ പിതാവിന്റെ ആത്മീയ ഗ്രന്ഥങ്ങളെക്കുറിച്ചു ആഴമായ പഠനം നടത്തുകയും അനേകരെ ആത്മാനുതാപത്തിലേക്കു നയിക്കുകയും ചെയ്തിരുന്നു.

ഗബ്രിയേൽ അരഞ്ഞാണിയിലച്ചൻ ഒരു ബഹുമുഖ പ്രതിഭയായിരുന്നു. എന്തിനുമേതിനും തനതായ ഒരു ശൈലിയുമദ്ദേഹത്തിനുണ്ടായിരുന്നു. ഹരിത വിപ്ലവത്തെക്കുറിച്ചു ലോകം ചിന്തിച്ചു തുടങ്ങുന്നതിനു മുമ്പേ, ആ പ്രകൃതി സ്നേഹി അതു യാഥാർത്ഥ്യമാക്കി. ധർമാരാമിലെ മനോഹരമായ ഉദ്യാനവും സി.എസ്. ആർ. ലെ തോട്ടവും അതിനു സാക്ഷിയാണ്. ആശ്രമത്തോട് ചേർന്ന് ഒരു ആരാമം വേണമെന്നാഗ്രഹിക്കുകയും അദ്ദേഹം ആയിരുന്നിടത്തെല്ലാം അതു പ്രാവർത്തികമാക്കുകയും ചെയ്തു, ചിത്രരചന അദ്ദേഹത്തിനൊരു ഹോബിയായിരുന്നു. അദ്ദേഹം പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു. ഒരു മിസ്റ്റിക് ആയിരുന്നു. പ്രതിഭാശാലിയായ കലാകാരനായിരുന്നു. എന്നാൽ തലക്കനമുണ്ടായിരുന്നില്ല. ലളിതവും സാധാരണവുമായ ജീവിതം നയിച്ച് നല്ലൊരു മാതൃക ബാക്കി വച്ച് അദ്ദേഹം പിതൃസന്നിധിയിലേക്കു പോയി.

സി.എം.ഐ. സഭയുടെ ഈ വാടാമലരിനെ ദൈവത്തിനു സമർപ്പിച്ച് നമുക്കും പ്രാർത്ഥിക്കാം. സഭാനിയമ പ്രകാരമുള്ള ദിവ്യബലിയും ഇതര പ്രാർത്ഥനകളും നടത്തി ആദരിക്കുകയും ചെയ്യാം.

കുര്യനാട്,
01-03-2017

ഫാ. ജോസഫ് വടക്കൻ സി.എം.ഐ.
പ്രിയോർ കുര്യനാട്

## ഫാ. ബെന്നോ കല്ലുപുരയ്ക്കകത്ത് സി.എം.ഐ

**ജനനം** **:30-11-1933**
**വ്രതം** **:16-05-1959**
**തിരുപ്പട്ടം** **:01-12-1964**
**മരണം** **:19-02-2017**



മൂവാറ്റുപുഴ കാർമ്മൽ പ്രവിശ്യാഭവനാംഗമായിരുന്ന ഫാ. ബൊന്നോ കല്ലുപുരയ്ക്കകത്ത് 2017 ഫെബ്രുവരി 19-ാം തീയതി രാത്രി 7.30 ന് മൂവാറ്റുപുഴ നിർമ്മല ആശുപത്രിയിൽ വച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

പാലാ കല്ലുപുരയ്ക്കകത്ത് കുടുംബത്തിൽ കുരുവിളയുടെയും, തെരേസായുടെയും മകനായി 1933 നവംബർ 30 ന് ഭൂജാതനായ ഫാ. ബെന്നോ പാലാ രൂപതയിലെ മാനത്തൂർ ഇടവകാംഗമായിരുന്നു.

1955-ൽ എസ്.എസ്.എൽ.സി പാസ്സായ അദ്ദേഹം ആലുവാ സെന്റ് ആന്റണീസ് ആശ്രമത്തിൽ പ്രീ നൊവിഷ്യറ്റും (1955-1958) കറുകുറ്റി ലിറ്റിൽ ഫ്ളവർ നവസന്യാസ ഭവനത്തിൽ (1958-1959) നൊവിഷ്യറ്റും നടത്തി. തുടർന്ന് തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങളെല്ലാം ബാംഗ്ലൂർ ധർമ്മാരാം കോളേജിലായിരുന്നു. 1964 ഡിസംബർ 1-ാം തീയതി മുംബെയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിൽ വച്ച് അദ്ദേഹം കർത്താവിന്റെ പുരോഹിതനായി അഭിഷിക്തനായി.

ഇടവക വികാരി, ആത്മീയ പിതാവ്, കുമ്പസാരക്കാരൻ എന്നീ മൂന്നു പദങ്ങളാണ് അദ്ദേഹത്തെക്കുറിച്ചോർക്കുമ്പോൾ പലരുടേയും ഓർമ്മയിലെത്തുന്നത്. ബർസാർ, പ്രൊക്യുറേറ്റർ എന്നീ നിലകളിൽ അദ്ദേഹം കറുകുറ്റി ആശ്രമത്തിലും (1966-1967) കൊടുവേലി ആശ്രമത്തിലും (1967-1969) തന്റെ ശുശ്രൂഷകൾ ആരംഭിച്ചു. 1969 മുതൽ 1972 വരെയും 1975-1971 വരെയും കെതപ്പാറ സെന്റ് മേരീസ് ഇടവകയിൽ വികാരിയായി സേവനമനുഷ്ഠിച്ചു. കാടിനു നടുവിലുള്ള ആ ചെറിയ ഇടവകയിലുള്ള അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വല ജീവിതം ശ്രദ്ധേയമാണ്. അവിടത്തെ ചെറിയ ദേവാലയവും ആശ്രമവും പണിതുയർത്തപ്പെട്ടത് അദ്ദേഹത്തിന്റെ പരിശ്രമഫലമായിട്ടാണ്.

1973 ൽ മെസൂറിലെ ഹാൻബാൾ (Hanbal) ആശ്രമത്തിന്റെ സുപ്പീരിയർ ആയിരുന്നു. തുടർന്ന് മാനന്തവാടി, കൊടുവേലി, വാഴക്കുളം, പുത്തൻകുരിശ്, കോതമംഗലം, തൊടുപുഴ, നേര്യമംഗലം എന്നീ സ്ഥലങ്ങളിലെല്ലാം തന്റെ നിസ്വാർത്ഥസേവനം തുടർന്നു. അജപാലനരംഗത്തു തന്നെയാണ് ബ. ബൊന്നോ അച്ചൻ പ്രധാനമായും വ്യാപരിച്ചിരുന്നത്. മിതഭാഷിയായിരുന്ന അദ്ദേഹം പാപസങ്കീർത്തനവേദിയിൽ നൽകിയിരുന്ന ഉപദേശങ്ങൾ ദൈവജനത്തിന് ഹൃദയസ്പർശിയായി അനുഭവപ്പെട്ടിരുന്നു. അതുകൊണ്ടാകണം അവസാന കാലഘട്ടത്തിൽ വിവിധ രോഗങ്ങളാൽ പരിക്ഷീണിതനായി പ്രവിശ്യാഭവനത്തിൽ വിശമജീവിതം നയിച്ചുവരുമ്പോഴും വൈദിക മേലദ്ധ്യക്ഷന്മാരുൾപ്പെടെ പലരും പാപസിങ്കീർത്തനത്തിനായി അദ്ദേഹത്തെ തേടി എത്തിയിരുന്നത്.

ബാവാതമ്പുരാന്റെ സ്മരണയുണർത്തുന്ന നീണ്ട താടിയും, മട്ടും ഭാവവുംമുള്ള ബ. ബെന്നൊ അച്ചനെ കുട്ടികൾക്ക് വലിയ കാര്യമായിരുന്നു. കുഞ്ഞുങ്ങളെ അദ്ദേഹത്തിനും ഉറച്ച ആത്മീയ ബോധ്യങ്ങളുടെ മനുഷ്യനായിരുന്നു ബഹു. ബെന്നോ അച്ചൻ. കഴിയുന്നത്ര ആരെയും ബുദ്ധിമുട്ടിക്കാതിരിക്കാൻ പരമാവധി ശ്രദ്ധവെച്ച് അദ്ദേഹം സ്വന്തം കാര്യങ്ങൾ പരാശ്രയം കൂടാതെ ചെയ്യുവാൻ നിഷ്ഠവെച്ചു. സുറിയാനിയും ലത്തീനും നന്നായി അറിയാമായിരുന്ന അദ്ദേഹം സുറിയാനി പാട്ടുകൾ കൊണ്ടും, ലത്തീൻ ഭാഷയിലെ ഉദ്ധരണികൾ കൊണ്ടും, നർമ്മം നിറഞ്ഞ വാക്കുകൾ കൊണ്ടും സമൂഹത്തിൽ സാന്നിദ്ധ്യം പ്രസരിപ്പിച്ചിരുന്നു.

വാഴക്കുളം ആശ്രമദേവാലയത്തിലാണ് അദ്ദേഹത്തെ സംസ്കരിച്ചത്. മൃതസംസ്കാരത്തോടനുബന്ധിച്ചു നടന്ന ദിവ്യബലിക്ക് സത്നാ രൂപതയുടെ മുൻ അദ്ധ്യക്ഷൻ മാർ മാത്യു വാണിയകിഴക്കേലും മൃതസംസ്കാര ശുശ്രൂഷകൾക്ക് കോതമംഗലം രൂപതയുടെ മുൻ അദ്ധ്യക്ഷൻ മാർ ജോർജ്ജ് പുന്നക്കോട്ടിലും നേതൃത്വം നൽകി. ദിവ്യബലിക്ക് CMI സഭയുടെ പ്രിയോർ ജനറാൾ ബഹു: പോൾ ആച്ചാണ്ടിയച്ചൻ, കാർമൽ പ്രവിശ്യാധിപൻ ബഹു: തോമസ് മഞ്ഞക്കുന്നേലച്ചൻ എന്നിവർ ഉൾപ്പെടെ നിരവധി വൈദികരും അച്ചന്റെ കുടുംബാംഗങ്ങളും നാട്ടുകാരും സന്നിഹിതരായിരുന്നു. ബഹു. റോയി കണ്ണൻച്ചിറ സി.എം.ഐ ആണ് ചരമപ്രസംഗം നടത്തിയത്.

ആത്മീയ ജീവിത സാന്നിദ്ധ്യം കൊണ്ടും നിശബ്ദ സഹനങ്ങൾ കൊണ്ടും ജീവിതത്തിന്റെ വിലയേറിയ പാഠങ്ങൾ പഠിപ്പിച്ച ഈ വന്ദ്യ വൈദികന്റെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ സഭാനിയമപ്രകാരമുള്ള (D. No. 58b)ശുശ്രൂഷകൾ നടത്താൻ ശ്രദ്ധിക്കുമല്ലോ.

മൂവാറ്റുപുഴ
12-03-2017

ഫാ. തോമസ് മഞ്ഞക്കുന്നേൽ സി.എം.ഐ
പ്രോവിൻഷ്യൽ
കാർമ്മൽ പ്രോവിൻഷ്യൽ ഹൗസ്
പി. ബി. നമ്പർ 34
മൂവാറ്റുപുഴ 686 661

## ഫാ. ജോർജ്ജ് ജോസഫ് പുത്തൻകാലായിൽ CMI
## (1934-2017)



കളമശ്ശേരി തിരുഹൃദയ പ്രവിശാംഗം ബഹുമാനപ്പെട്ട ജോർജ്ജ് ജോസഫ് പുത്തൻകാലായിലച്ചൻ (83) പൊതിയിലെ സേവാഗ്രാമിൽ വച്ച് 2017 മാർച്ച് 28-ാം തീയതി രാവിലെ 8.30 ന് നിര്യാതനായി, മാന്നാറിലെ പുത്തൻകാലായിൽ ഔസേപ്പ് മറിയം ദമ്പതികളുടെ ഒമ്പത് മക്കളിൽ ഏഴാമനായി 1934 ജൂലൈ 12-ാം തീയതി ബഹു. ജോർജ്ജ് ജോസഫച്ചൻ ജനിച്ചു. എൽതുരുത്തിൽ യോഗാർഥി ഭവനത്തിൽ ചേർന്നു. 1960 മെയ് പതിനാറിന് ആദ്യവ്രതം ചെയ്തു.1966 മെയ് 5 ന് തിരുപ്പട്ടം സ്വീകരിച്ചു.

തിരുഹൃദയ പ്രവിശാഭവനം, കറുകുറ്റി, ആലുവ, നീലീശ്വരം, കൊട്ടാരപ്പള്ളി എന്നീ ഭവനങ്ങളിൽ സേവനമനുഷ്ഠിച്ചു. കൂടാതെ എറണാകുളം അങ്കമാലി അതിരൂപതയിലെ വിവിധ ദേവാലയങ്ങളിൽ സഹവികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അച്ചന്റെ കർമ്മനിരതമായ ജീവിതം ധ്യാനഗുരു വിവിധ സന്യാസിനി സഭകളുടെ ആദ്ധ്യാമിക ഉപദേഷ്ടാവും, ഗുരുവച്ചനും എന്നീ നിലകളിൽ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു.

ബഹു. ജോർജ്ജച്ചൻ തന്റെ ജീവിതം മുഴുവനായും ദൈവ ആരാധനക്കായി മാറ്റിവച്ചു. തന്റെ ആരാധന കറതീർന്ന ദൈവസ്നേഹത്തിലും, ദൈവഭക്തിയിലും, അറിവിലും കേന്ദ്രീകൃതമായിരിക്കണമെന്ന് നിർബന്ധബുദ്ധി ഉണ്ടായിരുന്നു. തന്റെ മദ്ധ്യവയസ്സിൽ വടവാതൂർ സെമിനാരി കേന്ദ്രീകരിച്ച് പഠിച്ച് പൗരസ്ത്യ ആരാധന ക്രമത്തിൽ ഡോക്ടറേറ്റ് നേടി. തന്റെ പഠന ആധികാരികതക്കായി വിശുദ്ധ ഗ്രന്ഥത്തിന്റെ മൂല ഭാഷകളിൽ അറിവു നേടി. ഇസ്രായേൽ, അമേരിക്ക, ജർമ്മനി എന്നീ രാജ്യങ്ങളിൽ പഠന ആവശ്യങ്ങൾക്കായി യാത്ര ചെയ്തു. കേരളത്തിൽ നിന്നും ഇസ്രായേലി

ലേക്ക് കുടിയേറിപ്പാർത്ത യഹൂദ കുടുംബം സ്വന്തം ഭവനത്തിലെ ഒരംഗം എന്ന നിലയിൽ മൂന്നു മാസക്കാലം ഇസ്രായേലിൽ അദ്ദേഹത്തിന് ആതിഥ്യം അരുളി. ആ കാലയളവിൽ സുപ്രധാന വിശുദ്ധ സ്ഥലങ്ങളെപ്പറ്റി വിവരണം നൽകുന്ന വീഡിയോ കാസറ്റുകളാക്കി വിശ്വാസികൾക്ക് ഭക്തി നിർഭരമായ രീതിയിൽ ലഭ്യമാക്കി. ജോർജ്ജച്ചൻ തന്റെ വ്യക്തിപരിമായ ജീവിതത്തിൽ ഏറെ നിഷ്ഠകൾ പുലർത്തിയിരുന്നു. വി. കുർബാന അർപ്പണത്തിനായി ഏറെ സമയം എടുക്കുകയും യാമ പ്രാർത്ഥനകൾ അതാതു സമയങ്ങളിൽ നടത്തുകയും ചെയ്തു. മറ്റു സമയങ്ങളിൽ സഭയുടെയും, വിശുദ്ധരുടെയും പുസ്തകങ്ങൾ വായിക്കുകയും, നോട്ടുകൾ കുറിക്കുകയും ചെയ്തിരുന്നു.

ബഹു. ജോർജ് അച്ചൻ, പുത്തൻകാലായിൽ കുടുംബത്തിന്റെ ആത്മീയ ഉപദേഷ്ടാവായിരുന്നു. മാന്നാറിൽ ജോർജ്ജച്ചൻ ഒരു വിശുദ്ധ പുരോഹിതൻ എന്ന് അറിയപ്പെട്ടു. യേശുക്രിസ്തു എന്ന വിളിയിൽ അദ്ദേഹത്തിന്റെ കണ്ണുകൾ നിറയുമായിരുന്നു എന്ന് അനുഭവസ്ഥർ പറയുന്നു.

ബഹു. ജോർജ്ജ് ജോസഫച്ചന്റെ ആയുസിലെ അവസാന 9 വർഷക്കാലം പൊതി സേവാഗ്രാമിൽ പ്രാർത്ഥനയും വിശുദ്ധ ഗ്രന്ഥപാരായണവുമായി ചിലവഴിച്ചു. അവസാന നാലു വർഷക്കാലം ഓർമ്മ നഷ്ടപ്പെട്ട് കിടപ്പിലാവുകയും, ഈശോ എന്ന നാമം ഉച്ചരിച്ച് വേദനകൾ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു. സേവാഗ്രാമിലെ നല്ല പരിചരണവും മേഴ്സി ഹോസ്പിറ്റലിലെ ചികിത്സയും അച്ചന് ക്ലേശങ്ങളിൽ ആശ്വാസമായി.

മൃതസംസ്കാരം 2017 മാർച്ച് 29-ാം തീയതി രാജഗിരി പ്രാവിൻഷ്യൽ ഹൗസ് ചാപ്പലിൽ നടന്നു. അച്ചന്റെ കുടുംബാംഗങ്ങളും, സഭയിലെ അംഗങ്ങളും നിരവധി സന്യാസിനികളും അന്ത്യ ഉപചാരം അർപ്പിക്കുവാൻ എത്തിചേർന്നു.

ഉച്ചകഴിഞ്ഞ് രണ്ടുമണിയോടെ പ്രൊവിൻഷ്യൽ ബഹു. ക്ലീറ്റസ് പ്ലാക്കൽ അച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ രാജഗിരി ചാപ്പലിൽ ആരംഭിച്ച ദിവ്യബലി മദ്ധ്യേ ഓസ്റ്റിൻ കളപ്പുരയ്ക്കൽ അച്ചൻ അനുസ്മരണ പ്രഭാഷണം നടത്തി. മൃതസംസ്കാരത്തിന്റെ അവസാന ഭാഗത്തിന് നേതൃത്വം നൽകിയത് എറണാകുളം അങ്കമാലി അതിരൂപതാ സഹായമെത്രാൻ മാർ ജോസ് പുത്തൻവീട്ടിൽ പിതാവായിരുന്നു.

ജീവിതം കർത്താവിന് ബലിയായി സമർപ്പിച്ച പുണ്യ വൈദികനാണ് ബഹു. ജോർജ്ജ് ജോസഫച്ചൻ. അദ്ദേഹത്തിന്റെ ജീവിത നിഷ്ഠയും, പ്രാർത്ഥനാ ചൈതന്യവും, നമുക്ക് എന്നും പ്രചോദനമാണ്. സഭാ നിയമപ്രകാരമുള്ള പ്രാർത്ഥനശുശ്രൂഷകൾ നടത്തുമല്ലോ.

കൊച്ചി,
17-07-2017.

ഫാ. ആന്റണി കൊച്ചാലുങ്കൽ സി. എം.ഐ.
പ്രീഫെക്ട്, തിരുഹൃദയ പ്രവിശ്യാഭവനം
രാജഗിരി, കളമശ്ശേരി

## ഫാദർ പീറ്റർ തോമസ് കാണ്ടാവനത്തിൽ സി.എം.ഐ
## (1934-2017)



മൂവാറ്റുപുഴ കാർമ്മൽ പ്രൊവിൻസിന്റെ ഭാഗമായ അടിമാലി ദീപ്തി ഭവൻ അംഗമായിരുന്ന ഫാ. പീറ്റർ തോമസ്, ഫാ. പി.റ്റി എന്ന് വിളിക്കപ്പെടാനാണ് താൽപര്യപ്പെട്ടിരുന്നത്. 2017 ഫെബ്രുവരി 4-ാം തീയതി വൈകുന്നേരം 6.45ന് തന്റെ 83 വർഷത്തെ ഈ ലോക ജീവിതത്തിനുശേഷം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പ്രമേഹത്തിനും ശ്വാസതടസത്തിനും അടിമാലി മോർണിംഗ് സ്റ്റാർ ആശുപത്രിയിൽ ചികിൽസയിലായിരുന്ന ഫാ. പി.റ്റിക്ക് ഫെബ്രുവരി 4 തീയതി ശനിയാഴ്ച 3.30 യോടെ ശ്വാസ തടസം വർദ്ധിച്ചു. ആരോഗ്യസ്ഥിതി മോശമായതു കൊണ്ട് രാജഗിരി ഹോസ്പിറ്റലിലേ ക്ക് കൊണ്ടുപോകുന്ന വഴി കോതമംഗലത്ത് എത്തിയപ്പോൾ ആരോഗ്യ സ്ഥിതി കൂടുതൽ വഷളാവുകയും ധർമ്മഗിരി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഉടനെ തന്നെ രോഗീലേപനം നൽകി. 6.45ന് അദ്ദേഹം തന്റെ നാഥന്റെ പക്കലേക്ക് നിത്യസമ്മാനത്തിനായി യാത്രയായി.

ഫാ. പി.റ്റി. യുടെ ഭൗതിക ശരീരം ഫെബ്രുവരി 6-ാം തീയതി തിങ്കളാഴ്ച രാവിലെ വാഴക്കുളം ആശ്രമത്തിൽ എത്തിക്കുകയും തുടർന്ന് സമൂഹ ബലിക്കുശേഷം പൊതുദർശനത്തിന് വയ്ക്കുകയും ചെയ്തു.

ബിജ്നോർ രൂപതയുടെ മുൻ ബിഷപ്പ് മാർ ഗ്രേഷ്യേൻ മുണ്ടാടൻ പരേതനുവേണ്ടി പ്രാർത്ഥന നടത്തി. കോതമംഗലം വികാരി ജനറാൾ ഫാ. ജോർജ്ജ് ഓലിയപ്പുറവും, പാല, മാനന്തവാടി, എറണാകുളം, ഇടുക്കി രൂപതകളിലെ അനേകം വൈദികരും, സന്യസ്തരും ഭൗതികശരീരം സന്ദർശിച്ച് അദ്ദേഹത്തിന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് 2.30 ന് കാർമ്മൽ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ ഫാ.തോമസ് മഞ്ഞക്കുന്നേൽ, അടിമാലി ദീപ്തിഭവൻ സുപ്പീരിയർ ഫാ. ടോമി നമ്പ്യാപറമ്പിൽ, വാഴക്കുളം പ്രിയോർ ഫാ. ജോർജ്ജ് തടത്തിൽ, ജനറൽ കൗൺസിലർ ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത് എന്നിവരുടെ മുഖ്യ കാർമ്മികത്വത്തിൽ സമൂഹ ബലിനടത്തി. ജീവിത സാഹചര്യങ്ങൾക്കുമേൽ ദൈവാനുഗ്രഹം കണ്ട വ്യക്തിത്വം, സാധാരണ മനുഷ്യരുമായി സരസമായി ഇടപെടാൻ ഇഷ്ടപ്പെട്ടിരുന്നവനുമായിരുന്നു പി.റ്റി. അച്ചനെന്ന് ഫാ. വിനീത് വാഴക്കുടി തന്റെ വചന സന്ദേശത്തിൽ പറഞ്ഞു. കോതമംഗലം മുൻ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

1934 ഫെബ്രുവരി 5-ാം തിയതി പാലാ രൂപത നീലൂർ ഇടവക കാണ്ടാവനത്തിൽ മത്തായി ഏലിക്കുട്ടി ദമ്പതികളുടെ പത്തുമക്കളിൽ അഞ്ചാമനായി ഫാ. പി.റ്റി. ജനിച്ചു. പ്രാഥമിക പഠനം നീലൂരിൽ പൂർത്തിയാക്കിയ ശേഷം സി.എം.ഐ സഭയുടെ എൽതുരുത്ത്, വാഴക്കുളം ബോർഡിംഗുകളിൽ താമസിച്ച് എസ്.എസ്.എൽ.സി. പഠനം പൂർത്തിയാക്കി. അമ്പഴക്കാട്ട് നവ സന്യാസം നടത്തുകയും, 1957 ൽ ആദ്യവതം അനുഷ്ഠിച്ച് സി.എം.ഐ. സഭയിൽ അംഗമായി. തത്വശാസ്ത്രവും, ദൈവശാസ്ത്രവും ബാംഗ്ളൂർ ധർമ്മാരം കോളേജിൽ പൂർത്തിയാക്കിയതിനു ശേഷം 1964 ഡിസംബർ 1-ാം തീയതി കർത്താവിന്റെ അഭിഷിക്തനായി ഉയർത്തപ്പെട്ടു.

പിന്നീടിങ്ങോട് CMI സഭയിൽ വളരെ സ്തുത്യർഹമായ സേവനങ്ങൾ ചെയ്തു. മണപ്പുറം ആശമത്തിന്റെ പ്രിയോർ, പാറേമ്മാവ് ശാന്തിഗ്രാം ആശ്രമത്തിന്റെ സുപ്പീരിയറായും, മാനന്തവാടി, കോതമംഗലം, എറണാകുളം, ഇടുക്കി രൂപതകളിൽ വികാരിയായും, സഹ വികാരിയായും സേവനം ചെയ്തു. വാഴക്കുളം, കൊടുവേലി,

കോതമംഗലം കൊരണ്ടേക്കാട്, കാൽവരിമൗണ്ട്, എന്നീ ഭവനങ്ങളിൽ വസിച്ചുകൊണ്ട് തന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. മുംബൈ, രാജ്കോട്ട്, കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റൽ എന്നീ സ്ഥലങ്ങളിൽ തന്റെ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചു. കുട്ടികൾക്കായുള്ള ധ്യാനങ്ങൾ നടത്തുന്നതിന് അദ്ദേഹത്തിന്റെ കഴിവ് അപാരമായിരുന്നു.

ഫാ. പി. റ്റി. ഭാഷാ പണ്ഡിതനും, കവിയും, വാഗ്മിയും നല്ല സംഗീതജ്ഞനും കളികളിൽ അതീവ തല്പരനും നർമബോധമുള്ളവനുമായിരുന്നു. പുതിയതും പഴയതുമായ ഗാനങ്ങൾ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും അദ്ദേഹം അതീവ ഉത്സുകനായിരുന്നു. വളർത്തു മൃഗങ്ങളെയും പക്ഷികളെയും സ്നേഹിക്കുകയും അവയെ അഭ്യസിപ്പിക്കുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ വിനോദമായിരുന്നു. കർമ്മംകൊണ്ടും, ജീവിതംകൊണ്ടും സഭയ്ക്കും സമൂഹത്തിനും ഒത്തിരിയേറെ നന്മകൾ നൽകിയ സന്യാസി, ജീവിതം വലുപ്പമുള്ളതും, വാക്കുകൾ ചെറുതുമായ ഒരു വ്യക്തിത്വം. ജീവിതത്തിൽ എപ്പോഴും നിറഞ്ഞു നിന്നിരുന്ന താളം താൻ ജീവിച്ചിരുന്ന ചുറ്റുപാടിലേക്കും പകർന്നു നൽകിയ സാഹിത്യകാരൻ, തന്റെ സ്വതസിദ്ധമായ നർമങ്ങളിലൂടെ, കാർക്കശ്യം നിറഞ്ഞ അച്ചടക്കത്തിലൂടെ, പ്രസംഗങ്ങളിലൂടെ എഴുത്തിലൂടെ ഒത്തിരിയേറെ മനുഷ്യരുടെ ജീവിതങ്ങൾക്ക് ഉണർവുനൽകിയവനാണ് ഫാ. പീറ്റർ തോമസ് കാണ്ടാവനത്തിൽ.

പി.റ്റി. അച്ചന് ബൃഹത്തായ ഒരു സുഹൃത് വലയം തന്നെ ഉണ്ടായിരുന്നു. അവരുടെയെല്ലാം സ്നേഹാന്വേഷണങ്ങൾ നടത്തു ന്നതിന് അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.

പി.റ്റി. അച്ചന് നാലു സഹോദരൻമാരും അഞ്ച് സഹോദരിമാരുമാണ് ഉണ്ടായിരുന്നത്. അതിൽ അച്ചനുൾപ്പെടെ അഞ്ച്പേർ സ്വർഗസമ്മാനത്തിനായി യാത്രയായി. അച്ചന്റെ സഹേദരൻമാരിൽ ഒരാൾ നീലൂരിലും മറ്റുള്ളവർ മലബാർ രാജഗിരിയിലും സമീപ ഇടവകകളിലുമായി താമസിക്കുന്നു.

നമ്മിൽനിന്നു യാത്ര പറഞ്ഞ് കടന്നുപോയ ബഹുമാനപ്പെട്ട പി.റ്റി. അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും സഭാ നിയമങ്ങൾക്കനുസരിച്ചുള്ള ഭക്തകൃത്യങ്ങൾ നടത്തണമെന്നും താത്പര്യപ്പെടുകയും ചെയ്യുന്നു.

**ഫാ. ടോമി നമ്പ്യാപറമ്പിൽ സി.എം.ഐ**
**സുപ്പീരിയർ, ദീപ്തിഭവൻ, അടിമാലി**

## ഫാ. മാർട്ടിൻ വാഴച്ചിറ സി. എം.ഐ.
## (1983-2017)



ബ. മാർട്ടിൻ വാഴച്ചിറയച്ചൻ 1983 ആഗസ്റ്റ് 25ാം തീയതി പുളിങ്കുന്ന് വാഴച്ചിറ (തെക്കേ പുത്തൻപറമ്പിൽ) സേവ്യറിന്റേയും മറിയാമ്മയുടെയും എട്ടാമത്തെ പുത്രനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം പുളിങ്കുന്ന് സെന്റ് ജോസഫ് സ്കൂളിൽ പൂർത്തിയാക്കിയ തിനു ശേഷം ചെത്തിപ്പുഴ തിരുഹൃദയ സെമിനാരിയിൽ യോഗാർത്ഥി യായി 1999 ജൂൺ 15-ാം തീയതി ചേർന്നു.

മാന്നാനം സെന്റ് എഫ്രേംസ് സ്കൂളിൽ 2002ൽ തുടർപഠനം പൂർത്തിയാക്കിയതിനുശേഷം പുനലൂർ നിർമ്മൽ ഗിരി ആശ്രമത്തിൽ 2002 ജൂൺ 22-ാം തീയതി നവസന്യാസം ആരംഭിച്ചു. കോയമ്പത്തൂർ ശരവണാംപട്ടി, അരുൾ മലർ ഇല്ലം നൊവിഷ്യറ്റ് എന്നിവിടങ്ങളിൽ നവസന്യാസം പൂർത്തിയാക്കി 2004 മാർച്ച് 19-ാം തീയതി ആദ്യവ്രതവാഗ്ദാനം ചെയ്തു.

തത്വശാസ്ത്രപഠനം 2006-ൽ വർദ്ധയിലെ ദർശന ഭവനിൽ വിജയകരമായി പൂർത്തിയാക്കി, ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ 2009-ൽ ബിരുദമെടുത്തു. 2009 മെയ് 30-ാം തീയതിയായിരുന്നു നിത്യവത വാഗ്ദാനം, കൽക്കട്ട സബ്റീജിയണിലായിരുന്നു റീജൻസി കാലഘട്ടം. തുടർന്ന് ധർമ്മാരാം വിദ്യാ ക്ഷേത്രത്തിൽ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി 2013 ഡിസംബർ 28-ാം തീയതി പുളിങ്കുന്ന് സെന്റ് ജോസഫ് ആശ്രമ ദൈവാലയത്തിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു.

ചെത്തിപ്പുഴ തിരുഹൃദയ ഇടവകയുടെ അസിസ്റ്റന്റ് വികാരിയായി ആണ് അദ്ദേഹം തന്റെ പൗരോഹിത്യ ജീവിതം ആരംഭിച്ചത് ആശ്രമത്തിലെയും ഇടവകയിലെയും രണ്ട് വർഷത്തെ സ്തുത്യർഹമായ സേവനത്തിന് ശേഷം സ്കോട്ട്ലണ്ടിലെ എഡിൻ ബറോയിലുള്ള സെന്റ്

ജോൺ ദ ബാപ്റ്റിസ്റ്റ് ഇടവകയിൽ വികാരിയായി 2016 ജൂലൈയിൽ മാർട്ടിനച്ചൻ നിയമിതനായി.

പതിനൊന്ന് മാസത്തെ അവിടത്തെ പ്രവർത്തനങ്ങൾക്കിടയിൽ 2017 ജൂൺ 20-ാം തീയതി ആകസ്മികമായി മാർട്ടിനച്ചനെ ഇടവകപ്പള്ളിയിൽ നിന്നും കാണാതാവുകയും 22-ാം തീയതി സ്കോട്ട്ലണ്ടിലെ ഡൻബാർ കടൽതീരത്ത് മരിച്ചനിലയിൽ കണ്ടെത്തുകയും ചെയ്തു.

2017 ഓഗസ്റ്റ് 03 വ്യാഴാഴ്ച നാട്ടിലെത്തിച്ച ഭൗതികശരീരം അന്ന് ഉച്ചകഴിഞ്ഞ് പുളിങ്കുന്നിലെ മാർട്ടിനച്ചന്റെ ഭവനത്തിൽ പൊതുദർശനത്തിന് വച്ചു. തുടർന്ന് വൈകുന്നേരം ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ ഭൗതികശരീരത്തിന് അന്തിമോപചാരം അർപ്പിക്കാൻ വൈദികരും സന്യസ്തരും ദൈവജനവും അടങ്ങിയ നീണ്ട ജനാവലി കാത്തുനിന്നിരുന്നു.

പിറ്റേന്ന് വിവിധ രൂപതകളിലെ അഭിവന്ദ്യപിതാക്കന്മാരും രാഷ്ട്രീയ നേതാക്കളും, നൂറ് കണക്കിന് വൈദികരും സന്യാസിനികളും മാർട്ടിനച്ചന്റെ ഭൗതിക ശരീരത്തിന് ആദരമർപ്പിച്ച് പ്രാർത്ഥിച്ചു. സി.എം.ഐ. സഭയുടെ ജനറാൾ പെ. ബഹു. പോൾ അച്ചാണ്ടിയച്ചൻ ആദ്യന്തം ശുശ്രൂഷകളിൽ പങ്കെടുത്തു.

മൃതസംസ്കാരശുശ്രൂഷകൾക്ക് തിരുവനന്തപുരം പ്രവിശ്യശ്രേഷ്ഠൻ ബഹു. സെബാസ്റ്റ്യൻ ചാമത്തെറയച്ചനും, ചെത്തിപ്പുഴ ആശ്രമശ്രേഷ്ഠൻ ബഹു. സെബാസ്റ്റ്യൻ അട്ടിച്ചിറയച്ചനും ചേർന്ന് പദ്ധതികൾ തയ്യാറാക്കി. ശുശ്രൂഷയുടെ ആദ്യഭാഗത്തിന് തിരുവനന്തപുരം പ്രവിശ്യാശ്രേഷ്ഠൻ ബഹു. സെബാസ്റ്റ്യൻ ചാമത്തറയച്ചൻ നേതൃത്വം നൽകി. ഇംഗ്ലണ്ടിലെ സീറോ മലബാർ രൂപതാദ്ധ്യക്ഷൻ തോമസ് സ്രാമ്പിക്കൽ പിതാവാണ് രണ്ടാംഭാഗത്തിന് നേതൃത്വം നൽകിയത്. ദിവ്യബലിയോടെ തുടങ്ങിയ മൂന്നാം ഭാഗം ഓഗസ്റ്റ് 4, വെള്ളിയാഴ്ച രാവിലെ 11 മണിക്ക് ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ആരംഭിച്ചു. ബലിമധ്യേ ബഹു. മാർട്ടിനച്ചനെ അനുസ്മരിച്ചുകൊണ്ട് ബ. റോമിയോ കല്ലുകളമച്ചൻ വചന സന്ദേശം നൽകി. തുടർന്നുള്ള ശുശ്രൂഷകൾക്ക് ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം നേതൃത്വം നൽകി. മാർ ഗ്രേഷ്യൻ മുണ്ടാടൻ, ജോസഫ് സ്രാമ്പിക്കൽ, സെമൺസ്റ്റോക് പാലാത്ര എന്നീ അഭിവന്ദ്യ പിതാക്കന്മാരും പങ്കെടുത്തു.

വി. കുർബാന ഗീതങ്ങൾ ഭക്തിതീഷ്ണതയോടെ ആലപിച്ച് ബലി അർപ്പിച്ചിരുന്ന മാർട്ടിനച്ചന്റെ ഗാനാലാപനം ഇനി മാലാഖമാരുടെ ഗീതങ്ങളോടൊപ്പം വിണ്ണിലെ സ്വർഗ്ഗീയ വിരുന്നിൽ ആസ്വദിക്കുവാൻ നമുക്ക് കാത്തിരിക്കാം.

നമ്മുടെ സഭാ നിയമപ്രകാരമുള്ള ബലിയർപ്പണവും മറ്റ് പ്രാർത്ഥനകളും മാർട്ടിനച്ചന്റെ ആത്മശാന്തിക്കായി അർപ്പിക്കുമല്ലോ.

ഫാ. റോബിൻ അനന്തക്കാട്ട് സി.എം.ഐ.
സുപ്പീരിയർ, ചാവറമൗണ്ട്
പ്രൊവിൻഷ്യൽ ഹൗസ്, തിരുവനന്തപുരം

## REV. FR. RAYMOND MANCHERIL CMI
## (1937-2017)



Rev. Fr. Raymond Mancheril CMI, one of the pioneers in Bijnor Mission and one of the founding fathers of St. John's CMI Province of Bijnor, was called to eternal rest on 30 June 2017 at 5.30 am at St. Joseph's Hospital, Ghaziabad. He was laid to rest at the cemetery of St John's Provincial House, Najibabad on Wednesday, 5 July 2017.

Fr. Raymond was born as the fourth child of Mr. Mathai and Mrs. Tresia Mancheril on 30 January 1937 at Vazhakulam in the diocese of Kothamangalam. After his high school at Vazhakulam, he joined the Sacred Heart CMI Province, Kalamassery and made his first profession on 16 May 1957 at Little Flower Novitiate, Karukutty. Having successfully completed his philosophical and theological studies at Dharmaram College, Bangalore, he was ordained priest on 17 May 1963. Fr. Raymond strongly believed that mission was the reason for his call to religious life. Hence, when Sagar Mission was entrusted to the CMI congregation in

1968, he came to the north and worked hard serving the poor and caring for the pastoral needs of the Catholic communities in Bina and Vidisha. When Bijnor Mission was entrusted to the Sacred Heart Province, Kalamassery in 1972, he was serving the Province as the Councillor for the Department of Evangelization. He led the first group of three Fathers including Msgr. Gratian Mundadan CMI to the land of Bijnor. In 1975, he joined the Exarchate of Bijnor and served in Satpuli as the first priest-in-charge of Sant Paul Sadan.

Fr. Raymond served the CMI congregation, the Church and society in various capacities and held several responsible possitions. He was appointed the first Mission Superior of the CMIs working in Bijnor Mission in 1978 and played a key role in developing infrastructure and raising the Mission to Apostolate from 1984 to 1990 and Director of Poornodaya, Bhopal, from 1990 to 1993. Subsequently, he was elected Provincial Superior of St John's Province, Bijnor for two consecutive terms and served everyone, no matter how small they were development at various levels. His strong determination and tenacity was visible in his efforts to the community from 1991 to 1999. In this period, under his leadership, the province witnessed fast devlopments at various levels. His strong determination and tenacity service and contribution as the first Chairman of the Executive Body of Samanvaya Mission Theologate in Bhopal. His dedicated service and contribution as the first Chairman of the Executive Body of Samanvaya Mission Theologate is commendable. Fr. Raymond had the unique quality of appreciating the goodness in others and encouraging the endeavours of everyone, no matter how small they were.

Fr. Raymond's love for the poor and the marginalized was remarkable. Wherever he was assigned and whichever position he held, his concern for the poor was conspicuous. During his tenure as the General Councillor for the Department of Social Apostolate, he founded CEVA in Kochi and as the Director of Kotdwar to coordinate the service of the Mission to the poor. When he was the Director of Poornodaya, the Social Apostolate in the diocese of Bijnor, he founded

Karuna Social Service Society (KSSS) and in he purchased a plot of land at Kanhasaiya and built houses for the homeless Catholic immigrant tribals of the area. During his office as Regional Superior and Provincial in Najibabad, as Director of the Centre at Nathewaly and as priest-in-charge of the Mission at Rishikesh, he visited the poor, spent time and resources to help them and shared in their joys and sorrows. He became a solace of the poor wherever he was.

In 2013, he gradually withdrew from the active ministry due to ill-health to lead a restful life in Chamba, Aluva and finally at Maria Bhavan, Nathewaly. On 28 June his health deteriorated and Fr Vijay Payyappilly, Director of the Centre at Nathewaly, rushed him to St. Mary's Hospital, Najibabad and from there to St. Joseph's Hospital, Ghaziabad. The doctors diagnosed him with acute leukaemia. Fr. Raymond who had lived an eventful life and had enjoyed it, sensed that his days were numbered and told his confreres. "My time has come, I must go." He received the sacrament of the anointing of the sick on 29 June 2017 and peacefully slept in Lord on the following at 5.30 am.

On 5 July 2017, a fitting farewell was given to Fr. Raymond at the Provincial House chapel, Najibabad, which was constructed while he was the Provincial. The prayerful gathering comprised of a large number of people including Bishops, Vicar Generals, Major Superiors of congregations for men and women, Priests, Brothers, Sisters, members of Fr. Raymond's family, the laity and people from the neighbouring villages cutting across caste and creed who were beneficiaries of his generosity, Bishop John Vadakel CMI of Bijnor, Bishop Gratian Mundadan, bishop emeritus of Bijnor, Bishop Antony Fernandez, Bishop emeritus of Bareily, Bishop Francis Kalist of Meerut, Rev. Fr. Paul Achandy, CMI Prior General, Fr. Justin Akkara CMI, Provincial of St. Paul's Province, Bhopal, Rev. Fr. Jose Edassery, Vicar General of the diocese of Faridabad and Fr. Jose Thekkemuriyil, Vicar General of Bijnor Diocese and Rev. Fr. Biju Vadakkel CMI, Provincial, Bijnor and Fr. Vijay Payyappilly officiated at the Holy Mass and the funeral rites. Delivering homily, Bishop Gratian Mundadan referred to

Fr. Raymond's missionary zeal, his inimitable leadership qualities and his spirit of determination to get his objectives materialized. Paying tribute to Fr. Raymond, Rev. Fr. Paul Achandy CMI compared him with a diamond, precious and sharp-witted. Bishop John Vadakel described him as and man of conviction, commitment and perfection. Bishop Francis Kalist qualified him as a visionary and missionary in one person.

Let us thank God for the gift of Fr. Raymond, a committed religious missionary and a man for the poor. Let us be inspired by his genuine concern for the poor, zeal for mission and determination to accomplish dreams. Perhaps that could be the most appropriate tribute we can pay to the fond memories of Fr. Raymond Mancheril CMI. Let us pray for him offering the suffrages for the dead in the tenor of our Directory No. 58 (b).

Fr. Vijay Payyappilly CMI
Director, Maria Bhavan, Nathewaly

**Fr. DAVIS MANADAN CMI**



*The beautiful life of our beloved Fr Davis Manadan, a pioneer missionary in Rajkot mission, has become a memory.*

Born on 19 April 1950, as the second child to Varghese and Treesa, in the family of Manadan in Neerkode, St Sebastian's parish, in the Archdiocese of Ernakulam, Kerala, Fr Davis was the darling of his seven siblings. He joined the CMI congregation at the very young age of 14. Of the 67 years he was granted to live here on the planet earth,

53 years were spent in the CMI congregation in the service of God and His people. His life and mission are etched in the spine of the history of the Rajkot Mission.

Fr. Davis Manadan made his first profession on May 16, 1968, at Little Flower Novitiate, Karukutty. He did his philosophical and theological studies in Dharmaram College Bangalore, and acquired a bachelor's degree in humanities from Christ College Bangalore, and was ordained a priest at his native parish on April 22, 1979 by Bp Gratian Mundadan CMI immediately after his ordination he opted for the Rajkot mission which was in its very infancy at that time. Throughout his 38 years of priesthood that he spent with us, he combined perfectly well the call to be a pastor and administrator. Knowing well the heart of the Good Shepherd, he kept feeding his flock with the food of heaven and moving them to greener pastures (In 10: 14-18).

He started off his priestly ministry in Rajkot, as secretary to Bishop Jonas Thaliyath CMI, the first Bishop of Rajkot Diocese. He was also the financial administrator of the diocese under late Bp. Jonas and Bp. Gregory. In 1986 Fr Davis completed his Master's in Social Work program and secured MSW with high honors from the Rajagiri College of Social Work, Kerala. Thereafter, for six years Fr Davis held the responsibilities of the Finance officer and Director of Social Work in the Diocese of Rajkot.

After his stint as administrator, he had 16 years of pastoral ministry in Canada, where he lived a life true to the heart of Jesus the Good Shepherd. The outpouring of love his parishioners visibly express in manifold ways, even after his return to India is a testimony to his dedicated and inspiring life as a pastor.

After his return from Canada, Fr Davis was appointed principal of St Elizabeth School, Anjar, wherein he manifested his sense of order, discipline and enthusiasm. The last responsibility Fr Davis held was being the Councilor for Finance in the St Xavier's province, Rajkot. His acumen in financial management and orderliness was well revealed during his tenure as the Provincial Councilor for Finance.

The last phase of Fr Davis' life was marked with afflictions of various kinds, which he faced with extra-ordinary strength and grace. He was diagnosed with acute dementia and was put on constant medication for over the past three years. He suffered a stroke a couple of years ago and was paralyzed, rendering him immobile. A very jovial and witty person as he was, he lost his faculty of speech. In silence, with a glare of grace and gaze in his eyes, Fr. Davis held on to the prolonged agony and pain in his body. It was indeed a graceful sight to see him go through the sufferings God permitted in his life with grace and peace.

He died a peaceful death on July 15, the day before the feast of Our Lady of Mount Carmel. And his funeral services were officiated by Rt. Rev. Dr. Jose Chittooparambil CMI, Bishop of Rajkot, and concelebrated by Rev. Frs. Thomas Kolamkuzhiyil-Provincial, Rajkot and Emmanuel Kariapurayidam-Provincial, Bhavnagar, at the Prem Mandir-Sacred Heart Cathedral Church, Rajkot, on 17 July, 2017.

The Bishops, Priests, Missionaries and lay faithful gratefully remembered the committed service he rendered to the diocese for the past 38 years as priest and missionary, and the inspiring life of sanctity and holiness that has touched all who came in contact with him. Fr Davis is well remembered for his warm and charming nature that brought much joy to all who were associated with him.

Now that Fr Davis has left this world of suffering and entered the realm of light and peace we pray that he may intercede for us, our diocese and mission before the Heavenly Father. Let us offer our prayers for the mercy of God upon him, as well.

Fr. Naiju Thaliath CMI
Prefect
St. Xavier's Provincial House, Rajkot



**Rev. Fr. Dr. Jose Thekkan CMI**
**(1964-2017)**

| | | | |
|---|---|---|---|
| Birth: | 03-04-1964 | Ordination: | 03-01-1996 |
| First Vows: | 31-05-1984 | Death: | 25-07-2017 |

*"I have fought the good fight, I have finished the race, I have kept the faith"*
*(2 Timothy 4:7)*

Rev. Fr. Jose Thekkan CMI was born on 3rd April, 1964 to Mr Mathew Thekkan and Mrs. Thandamma in Kanjirappilly Panjayath near Pariyaram Chalakudy in Thrissur District as their fifth child out of the six children. After joining the aspirancy when he was in Std IX, he went on to make his first religious profession on 31st May 1984. His academic brilliance was quite evident in his student days as he secured third rank in the University of Calicut for B.Sc Chemistry and qualified NET after his PG studies. He was ordained a priest on 3rd January 1996, by Mar Joseph Pastor Neelankavil, After a brief spell as Asst. Parish Priest at Jyothi Nivas, Mumbai he joined Christ College, Irinjalakuda as Lecturer in Chemistry in the year 1996 which later became his pivotal area of activities.

He served as the priest-in-charge of Christ Monastery Church and showed diligent care in pastoral work especially in catechism activities. He was also quite happy to serve in the diocesan catechism team for around 6 years. Being a gifted teacher with a charismatic personal rapport with the students he moulded and guided the young minds in a unique manner which was testified by his students through various social medias

after his death. Like the Good Shepherd, he called his students by their name which exemplified his loving and caring nature, a point which the Major Archbishop of Syro-Malabar Church Mar George Cardinal Alanchery specially noted in his condolence message. He was equally excellent in research and took Ph.D. in computation chemistry from the University of Calicut in 2007. While teaching at Christ College he also served the College in various capacities like Hostel Warden (BPE), College Bursar and AICUF Chaplain before taking charge as its 10th Principal on 15th October 2007.

The ten years of his service in Christ College, Irinjalakuda as its Principal was a period which helped the college to strive greater heights both in academic and in co-curricular fields. He used all his skills as an academician researcher, strategist and master planner to help the College grow gradually to soaring heights. Autonomous status, introduction of new courses, research developments, overall championship in Sports in the University of Calicut, two NAAC accreditations are some of the important landmarks during his tenure of office as Principal. The icing of all these achievements come when the College was ranked in the first place in the state and in the 17th position in India by NIRF under MHRD, Govt. of India. Showing qualities of grandeur in vision, steadfastness and relentless hard work in achieving the set Rools, he aimed at holistic development of the college which included eco-friendly policies, student centered activities, and research focused endeavours. The College got a new face-lift due to his concerted efforts and so in his last years of service many have started to call him as second Gabrielachan.

He served in the Senate of the University of Calicut and in University students grievances redressal committee and his services were specially remembered by the Vice-Chancellor of the University in his condolence message. He also served as the Chairman of Ethics Committee of Amala Medical College and was the member of the governing body of Catholic centre and Snehabhavan. He was in the Advisory Committee of Academic Staff College of Calicut University and the President of Christian Higher Education Council. His

contribution and advice were also very noticeable in the different commit tees constituted in Devamatha province, Thrissur.

He was detected with dilated cardiomyopathy at Amala hospital, a disease where the muscles of the heart lose their elasticity resulting in a reduced pumping rate. The expert doctors at Amala and Rajagiri examined his case and suggested further treatment at Fortis Malar Hospital at Adayar, Chennai. After detailed check up and examination by the team of doctors at Fortis Malar hospital, they suggested heart transplantation surgery as the only possible way out. Meanwhile, the expert opinion of the doctors at Madras Medical Mission Hospital was also independently sought and they too suggested the same line of treatment. Accordingly, after initial tests and medications, he stayed at our Rajagiri Bhavan, Chennai. The heart transplantation procedure was held on July 11th and he initially showed good progress but on July 19th he had a cardiac arrest. Thereafter, his condition deteriorated and had profound bleeding and on July 25th he had another massive heart attack where and was called to eternal rest.

The mortal remains of Fr. Jose Thekkan was brought to Amala on July 26th and the funeral service was held on July 28th at Christ Monastery Church, Irinjalakuda. The people of Irinjalakuda were present in large numbers at Karuvannor bridge from where his body was taken as a procession to Christ College portico. He was given quite an emotional farewell by the Christ family. Thereafter, in Christ College Auditorium the staff and the students of Christ College, with a sobbing heart paid their last homage to their beloved Principal. People from all walks of life, political leaders of various hues and colours, state ministers, elected representatives, priests, religious sisters, his family, his friends and students thronged the campus to see their beloved Thekkanachan for the last time. Among them were Prof. C. Raveendranath, state education minister and Calicut University Controller of Examination Dr. VV Georgekutty. Mar Pauly Kannukadan Bishop of Irinjalakuda, Mar Andrews Thazhath, Archbishop of Thrissur, Mar Gratian Mundadan Bishop Emeritus of Bijnor, Rev. Fr. Dr. Paul Achandy CMI, Prior General, Rev. Fr. Walter

Thelapilly CMI, Provincial of Devamatha Province and a host of priests officiated at the Holy Mass and the funeral rites. Fr. Jose Nandikara preached the homily in which he eloquently presented the life and the activities of Fr. Jose Thekkan especially highlighting the unique part he played in the growth of Christ College, Irinjalakuda. There was a condolence meeting immediately after the funeral ceremony remembering the legacy and services of Fr. Jose Thekkan.

His friendly character, his loving and caring nature, his relentless commitment towards gospel values of truth and justice, his passion in helping the poor, his dedication in work as Principal and a teacher, his magnanimous vision and perseverance in activities have all laid a lasting impression in the minds of all those who were associated with him. His smiles and guidelines will ever be remembered in his pastoral lands which was primarily Christ College. May his soul rest in peace!

Let us pray for him by offering the suffrages for the dead in the tenor of our Directory No. 58(b)

Fr. Jacob Njerinjampilly CMI
Prior, Christ Monastery, Irinjalakuda

**Rev. Fr. Joseph Koikara CMI (1932 2017)**



*"Even though I walk through the valley of the shadow of death, I will fear no evil. For you are with me; your rod and your staff. They comfort me!" (Psalm 23:0)*

| | | | |
|---|---|---|---|
| Born: | 19-09-1932 | First Vows: | 15-10-1953 |
| Ordination: | 17-05-1960 | Death: | 14-08-2017 |

Rev. Fr. Joseph Koikara was born on September 19, 1932 in Kizhakkambalam, Emakulam Dt, as the seventh son of Mr & Mrs. Ouseph and Thresia Koikara. After his schooling he joined as an aspirant at Mannanam in 1952, did his novitiate from Ambazhakkad and made his first profession in October 15, 1953. He was ordained on 17th May 1960. His first appointment as a young priest was at S. H. Monastery, Thevara and two years later, he was transferred to Vazhakulam where from he joined the Chanda Mission. He reached Balharshah on October 1, 1964 and that was the beginning of a new era where he played his part very successfully in the "blooming of the desert" (Cardinal Eugene D'Souza's comment on the growth and success of Chanda Mission). From 1964 to 1966 he was appointed the Secretary of the Mission Superior and the procurator of the Mission.

After a short stay in Brahmapuri for one year he was moved to Babupet-Chandrapur in 1969 where he continued to stay for the next 25 years. Here he laid the ground work for the Mission's First English Medium school in Chanda (the present Mount Carmel, managed by the CMC Sisters). In 1972, started the boys' boarding house at Babupet and constructed the CMI Aspirants' House at Tukum, Chandrapur. Later on he started the Durgapur mission station in 1981 and in the next year he took initiative to start a Marathi Medium school for the people of the locality which was later converted to English Medium which he thought would boost their chances of getting employment as it was a fast growing industrial area. Then in 1982 he was sent to Rome for higher studies in formation for one year. After his return he continued his mission work in Babupet-Chandrapur.

In 1990 he was instrumental in purchasing the land at Datala for the study house of the CMI scholastics. In the same year the Chandrapur Mission Station situated at Babupet was shifted to the new house constructed at Ganesh Nagar, Tukum, Chandrapur. In 1994 he was transferred from Chandrapur to Wirur Mission Station. Here he took lead in the housing project for the poor and constructing the 'Suvartta Bhavan.' Then he was appointed Vicar-General of Chanda

Diocese and was moved to Bishop's Home at Balharshah in 1999. Another landmark achievement that the people of this locality fondly remember about Fr. Joseph Koikara is the construction of the beautiful Grotto in front of the Cathedral church at Balharshah.

Besides these assignments in the Diocese he has served the Congregation in different capacities like Aspirants' Rector, Spiritual Father at Dharmaram and Wardha, Prior of Carmel Monastery, Tukum and Asistant Director at Kshitij, Jamb. He was also elected as Education Councilor, Finance Councilor and Vicar-Provincial in three different Provincial Administrations of Mar Thoma province, Chanda.

Though he is well remembered through these varied portfolios, what mark him distinct from others are his pastoral mind and his compassionate heart. He had a poetic mind and has written four books: *On his way in Chanda Mission (Memoirs), Chanda Mission Yesuvinte Vazhiyilude (Memoirs), Ivarum Vishudharalle* and *Ormakal Mayum Mumpe* which was published a few days before his death on August 14, 2017. All these books manifest his simple faith. They exhibit a child like heart that speaks to God. He was indeed a true shepherd who had the smell of the sheep.' He was richly blessed with a photographic memory which helped him to know his sheep by name. His simple living and high thinking is a challenge for the young generation. He was a true missionary who had shed his sweat and blood towards the "blooming of the desert called Chanda!"

In the last days of his life, Fr Koikara had a fall in the early morning of July 18 and suffered head injuries and a dislocation of the hip bone. He was admitted at the Rajagiri Hospital. Having no other option, he was put on traction and had to suffer long hours of pain. Meanwhile the pace maker implanted some 15 years ago had got weakened beyond repair and his general health was too poor to bear with another surgery. This led to increased breathing difficulties and he was admitted in the ICU. As per the medical advice he was shifted to the Carmel Hospital, Ashokapuram for a better palliative care. As if the

fulfillment of one of his prayers which he had included in the last book of his, he slept in the Lord at 5.20 AM on Monday, August 14, 2017.

The first part of the funeral rites, led by Rev. Fr. Provincial Benny Joseph Mukalel, begun at 12 noon on 20 August, 2017 at Tera Nur, Aluva. Then his mortal remains were taken to the Sacred Heart Provincial House, Raiagiri. Kalamassery where the second part of the funeral rites led by Rev. Fr. Varghese Vithayathil, the Vicar-General of the CMI Congregation was held. The Requiem Mass was presided over by Mar Ephrem Nariculam, Bishop of Chanda and Mar Joseph Kunnath Bishop Emeritus, Adilabad concelebrated it. The last part of the funeral rites was presided over by Mar Antony Kariyil CMI, Bishop of Mandya. He was accompanied by Mar Gratian Mundan, Bishop Emeritus, Bijnor, Mar Joseph Kunnath, Bishop Emeritus, Adilabad, Mar Ephrem Nariculam, Bishop of Chanda and Mar John Vadakkel, Bishop of Bijnor. The body was taken to the cemetery (in the crypt of the Chapel) in a solemn procession, being carried by his own family members. The lush green trees and plants on the serene Rajagiri' hillock campus seemed to be saluting the missionary who had bid farewell to the same campus 53 years ago when he had set out for the first time for the"dry and hot desert land" of Chanda (in his own words) which he had opted for and soon made his own.

*Eternal rest grant unto him O Lord! And let the perpetual light shine on him!*

Let us pray for him by offering the suffrages for the dead in the tenor of our Directory No.58 (b).

26-08-2017

Fr. Benny Joseph Mukalel CMI
Provincial, Mar Thoma Provincial House
Bamni, Chandrapur 442 701

## ഫാ. ഫ്രാൻസിസ് വിജയ് ചെതലൻ സി.എം.ഐ.
## (1945-2017)



തൃശൂർ ദേവമാത പ്രവിശ്യാഭവനാംഗമായ ഫാ. ഫ്രാൻസിസ് വിജയ് ചെതലൻ 2017 സെപ്റ്റംബർ 19-ാം തിയ്യതി അമല ആശുപത്രിയിൽ വച്ച് അന്തരിച്ചു. രണ്ടു വർഷമായി അദ്ദേഹം അർബുദരോഗബാധിതനായി പ്രവിശ്യാഭവനത്തിൽ ചികിത്സയും വിശ്രമവുമായി കഴിഞ്ഞുവരുകയായിരുന്നു.

തൃശൂർ കൊട്ടേക്കാട് ഇടവകാംഗമായ ബ. ഫ്രാൻസിസച്ചൻ ചെലൻ തോമസിന്റെയും അമ്മിണിയുടെയും മകനായി 1945 ൽ ജനിച്ചു. ഏഴു സഹോദരങ്ങളായിരുന്നു രണ്ടു സഹോദരന്മാർ മരിച്ചിരുന്നു. അമ്മയിപ്പോഴും ജീവിച്ചിരിപ്പുണ്ട്. വയസ്സ് 95, അമ്മ ജീവിച്ചിരിക്കുമ്പോൾ മരിക്കുകയെന്നതായിരുന്നു ചെതലനച്ചന് ഏറ്റവും പ്രയാസം, അമ്മയോടും കുടുംബത്തോടും അച്ചന് അനിതരസാധാരണമായ അടുപ്പമുണ്ടായിരുന്നു.

1964-ൽ സി.എം.ഐ. സഭയിൽ ആദ്യവതം അനുഷ്ഠിച്ച ചെതലനച്ചൻ 1976 ൽ ബ. ജോസഫ് കുണ്ടുകുളം മെത്രാനിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു. ഊർജതന്ത്രത്തിൽ ബിരുദധാരിയായ ചെതലനച്ചൻ തലോർ ദീപ്തി ഹൈസ്കൂളിൽ അധ്യാപനം ആരംഭിച്ചു. ഏതാനും വർഷങ്ങൾക്കുശേഷം ബിരുദാനന്തര പഠനത്തിനായി അദ്ദേഹം ഭോപ്പാൽ യൂണിവേഴ്സിറ്റിയിൽ ചേർന്നു. മൂന്നാം റാങ്കോടെ മാസ്റ്റർ ബിരുദം കരസ്ഥമാക്കി. തുടർന്ന് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ ഊർജ്ജതന്ത്രവകുപ്പിൽ അധ്യാപകനായി. അധ്യാപനം അദ്ദേഹം ഇഷ്ടപ്പെട്ട തൊഴിലായിരുന്നു. പാഠങ്ങൾ നന്നായി ഒരുങ്ങുമായിരുന്നു. കുട്ടികളെ ഏറെ സ്നേഹിച്ചിരുന്നു.

കോളേജിൽനിന്നും വിരമിച്ചശേഷം അമേരിക്കയിലെ ഫിലാഡൽഫിയ രൂപതയിൽ മൂന്നുകൊല്ലം സേവനമനുഷ്ഠിച്ചു നാട്ടിൽ

തിരിച്ചുവന്ന ശേഷം തലോർ ഹയർ സെക്കണ്ടറി സ്കൂൾ പ്രധാന അധ്യാപകനായി ജോലി നോക്കി.

പൗരോഹിത്യത്തെ സ്നേഹിച്ചിരുന്ന ചെതലനച്ചൻ അജപാലനശുശ്രൂഷയിൽ അർത്ഥവും ആനന്ദവും കണ്ടെത്തിയിരുന്നു. അതുകൊണ്ടാണ് അധ്യാപനത്തിനിടയിലും ഉത്തരവാദിത്വം നിറഞ്ഞ ഇടവകഭരണം എടുക്കുവാൻ അദ്ദേഹം തയ്യാറായത്. രോഗം അദ്ദേഹത്തെ തീർത്തും അവശനാക്കുന്നതുവരെ അനുരഞ്ജനവേദിയിൽ മണിക്കുറുകൾ ചെലവഴിക്കുമായിരുന്നു.

മണ്ണിനെയും മരങ്ങളെയും പൂക്കളെയും ചെടികളെയും പക്ഷിമൃഗാദികളെയും അദ്ദേഹം ഏറെ ഇഷ്ടപ്പെട്ടു. തോട്ടപ്പണി അദ്ദേഹത്തിന് ഏറെ മാനസികാനന്ദം പകർന്നുകൊടുത്തിരുന്നു.

എത്ര തിരക്കുപിടിച്ച ജീവിതചര്യകൾക്കിടയിലും സമൂഹപ്രാർത്ഥനകളിലും ഭക്താനുഷ്ഠാനങ്ങളിലും പങ്കെടുത്തിരുന്നു. പരമ്പരാഗതമായ ഭക്താനുഷ്ഠാനങ്ങൾ അദ്ദേഹത്തിന് പ്രിയംകരമായിരുന്നു. ദൈവം കൊടുത്ത സംഗീതവാസനയെ അദ്ദേഹം പരിപോഷിപ്പിച്ചെടുത്തു. ബലിയർപ്പണത്തെ കൂടുതൽ മധുരതരമാക്കാൻ അത് സഹായിച്ചു. രണ്ടു കൃതികളുടെ കർത്താവായ ചെതലനച്ചൻ തന്റെ അറിവ് ലോകത്തിന് പകർന്നുകൊടുക്കാനായി വിശ്രമകാലത്ത് സമയം കണ്ടെത്തി.

തീക്ഷ്ണതയുള്ള ഒരു സന്യാസവൈദികനായി ജീവിച്ച ചെതലനച്ചന് അനുയോജ്യമായ ആത്മീയയാത്രയയപ്പാണ് ലഭിച്ചത്. അന്ത്യശുശ്രൂഷകൾക്ക് അഭിവന്ദ്യ മെത്രാന്മാരായ റാഫേൽ തട്ടിൽ, പോളി കണ്ണൂക്കാടൻ, ജേക്കബ് തൂങ്കുഴി എന്നിവർ നേതൃത്വം നൽകി. തലോർ ആശ്രമദേവാലയത്തിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നു നമുക്ക് ചെതലനച്ചനെ നന്ദിയോടെ ഓർക്കാം. അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാം. സഭാനിയമമനുസരിച്ചുള്ള ഭക്താനുഷ്ഠാനങ്ങൾ നിർവ്വഹിക്കാം.

തൃശൂർ
10-10-2017

ഫാ. പോൾസൺ പാല്യേക്കര സി. എം.ഐ.
പ്രിഫെക്ട് ദേവമാത പ്രവിശ്യാഭവനം, തൃശൂർ.

## Rev. Fr. Kurian Macheril CMI
## (1934-2017)



Rev. Fr. Kurian Macheril CMI was one among the first five missionaries who landed in Jagdalpur in the year 1972 along with Bishop Paulinus. For more than a month he was admitted in MPM Hospital with various old-age health problems.

Fr. Kurian Macheril was born on 20 September 1934 in the present Sleehapuram Parish in the diocese of Pala. He joined CMI congregation in the year 1955 at Mannanam and had his early formation there. After completing his novitiate at Chethipuzha he made his first profession on 16 May 1958 and proceeded for his philosophical and theological studies at Dharmaram College Bangalore. He was ordained priest on 16 May 1964.

As a young priest, he rendered his services in Kirathoor in the Archdiocese of Thiruvananthapuram of the Malankara Church for a year. Then he was transferred to Devagiri College as its Bursar during the period 1966-69. He also served the Kanyakumari mission and from there he moved to Jagdalpur in 1972 to be one among the pioneers in Bastar.

His first mission in Jagdalpur diocese was in Kirandul, where we had already a small community of NMDC employers and a school which was begun by the Pilar fathers. Along with CMC sisters he took over the station and worked for its development. Later he was made the Regional Superior and then the first Provincial of the newly constituted Vice-Province. From there onwards he was mainly in the administrative fields like General Auditor of the congregation, Diocesan Administrator,

Vicar General, second time provincial, Diocesan procurator and DBS Director.

Fr. Kurian was a man of sharp wisdom and meticulous planning. He was a man of precision and clarity and proved to be an able administrator through his insightful way to face the challenges. Even when facing challenges and difficult situations, he was able to make correct judgment of the situation and make quick decisions. Nirmal Province was given a strong foundation in its infancy during his time as the first provincial and Jagdalpur mission a new thrive and boom during the time he served as the Apostolic Administrator of the diocese in 1990-93.

During the last one month of his hospitalization he was well aware that his time to depart for the eternal reward was nearing. So, he started preparations for that and received the Holy Anointing. He said good bye to his relatives and well-wishers who either talked to him over phone or visited him personally. On 21 September, on the feast of St. Mathew, in the presence of a lot of priests and religious he slept peacefully at 2.15 pm.

**A Word of Thanks and Adieu**

Fr. Kurian Macheril CMI and Br. Joseph Vadakkekannamchira, both were part of our congregation and province since very long time. Exactly to say Fr. Macheril was member of our congregation for the last 59 years and Brother Joseph for 62 years. Through their vigorous zeal for the mission, the toil and hard work both of them contributed towards the growth of our mission and of the province. We find their efforts and struggles in many of our ventures in Jagdalpur mission. Their commitment to the mission, love for the congregation, the simple and exemplary life they led are the legacies that they now bequeath to the younger generations. Within the limited resources and insufficiencies of the period both of them tried to make the best of the available resources and thus to build up our mission.

Now while thanking them for their great services and contributions done to Jagdalpur Mission, CMI Province and to the Congregation at large, I do recommend the departed souls of Fr. Kurian Macheril and Br. Joseph Vadakkekannamchira to your valuable prayers with the ***request kindly to perform the suffrages for him according to the D. 586 of our constitution***.

Fr. Josey Thamarassery CMI,
Provincial Superior

**Br. Joseph Vadakkekannamchira CMI**
**(1928-2017)**



Br. Joseph was born on 20 February 1928 at Kadanad of Pala diocese. He joined the CMI congregation on 20.12.1953. After the initial formation and the completion of the novitiate he made his first religious profession on 16 May 1958. After the profession he rendered his service in many of the monasteries in Kerala like Pala, Poonjar, CMI Generalate Ernakulam, Vizhinjam etc. At Vizhinjam he supervised the construction work of the Church there. In the year 1974, he decided to join the newly allocated Jagdalpur mission. At his arrival in Jagdalpur mission, Msgr. Paulinus sent him to Konta station to learn the Hindi language. After six months, he was entrusted with the station at Chinthagarh. From 1977-81 he served as the councillor of social apostolate of the newly formed Nirmal Vice-Province. From 1984 onwards he took care of the land purchased at Bhanpuri for the novitiate. He was instrumental for the present greenery of Bhanpuri novitiate. As the Brothers' unit

was formed in the year 1992 he moved to Kerala with various responsibilities in the Unit. He was in Chanda mission taking care of the Aspirants who came to join the brothers' unit. In the year 1996, he came back to Bastar mission and was extending his service to different centres like Konta, Bhanupratappur, Nakti Semra etc. During the final years he spent his days at the First year Aspirants' House, Chavara Sadan Kolchoor.

Br. Joseph who loved to be always in the garden, was an epitome of hard work. He never remained idle and was fully occupied in the garden doing some manual work all through the day and even in the late evening. I still remember seeing him digging a well alone late in the evening at Bhanpuri. Even during his advanced age as he was feeling too weak to be out in the garden, he spent time making rosaries. As an ideal religious, he never possessed anything unnecessary for his personal needs and was content with the bare minimum. He was very submissive and joyfully accepted the words of his superiors. His simple and unassuming character never made him demand any respect or honour, but because of his loving and jovial nature, all loved and respected him as the eldest of the community.

For the last two weeks he was admitted in MPM Hospital for various physical weaknesses of old age. In spite of the difficulties and pains he had a peaceful death in the presence of so many of our fathers and sisters. Thus a saintly life came to an end but heavenly presence to intercede for Jagdalpur mission is made sure through the departure of Br. Joseph.

## ഫാ. സെബാസ്റ്റ്യൻ പാലാത്ര സി.എം.ഐ.
## (1939 2017)



പാലാത്ര കുട്ടിയച്ചന്റെയും (ഫിലിപ്പ്) പൊരിയത്ത് മേരിയുടെയും ആറുമക്കളിൽ മൂന്നാമനായി സെബാസ്റ്റ്യനച്ചൻ 1939–ൽ ജനിച്ചു.

പ്രാഥമിക വിദ്യാഭ്യാസം സെന്റ് തെരേസാസ് വാഴപ്പള്ളി, എസ്. ബി. ഹൈസ്കൂൾ ചങ്ങനാശ്ശേരി, സെന്റ് എഫ്രേംസ് ഹൈസ്കൂൾ മാന്നാനം, എന്നിവിടങ്ങളിൽ പൂർത്തിയാക്കിയതിനു ശേഷം 1954 മെയ് 31–ന് മാന്നാനം സെമിനാരിയിൽ യോഗാർത്ഥിയായി ചേർന്നു. തുടർന്ന് മൂത്താലിയിൽ യോഗാർത്ഥി പഠനം പൂർത്തിയാക്കി. നവസന്യാസ പഠനം ചെത്തിപ്പുഴയിൽ പൂർത്തിയാക്കുകയും 1958 മെയ് 16–ാം തീയതി ആദ്യവ്രതം നടത്തുകയും ചെയ്തു.

ധർമ്മാരാം കോളേജിൽ തത്വശാസ്ത്രപഠനം നടത്തിയതിനുശേഷം 1961 മെയ് 16–ന് നിത്യവ്രതവും തുടർന്ന് അവിടെതന്നെ ദൈവശാസ്ത്രപഠനം പൂർത്തിയാക്കി 1964 മെയ് 15–ാം തീയതി പുരോഹിത പട്ടവും സ്വീകരിച്ചു. 1966 മുതൽ 1971 വരെ തുടർപഠനങ്ങൾ മാന്നാനം കെ.ഇ. കോളേജിൽ നടത്തി. ബിരുദാന്തര ബിരുദ പഠനം നടത്തിയത് പാലായിലാണ്. 1973 മുതൽ 1977 വരെ മാന്നാനം കെ.ഇ. കോളജിൽ അധ്യാപകനായി സേവനമനുഷ്ഠിച്ച ശേഷം പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ഫിൽ നേടുകയും 1978 മുതൽ 1981 വരെ വീണ്ടും മാന്നാനം കെ.ഇ. കോളജിൽ തിരികെയെത്തി തന്റെ സേവനം തുടരുകയും ചെയ്തു. തുടർന്ന് ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് വിദ്യാഭ്യാസത്തിൽ എം.എസ്. നേടുകയും ന്യൂയോർക്ക് സിറ്റി പബ്ലിക് സ്കൂളിൽ പഠിപ്പിക്കുകയും ചെയ്തു.

1985–ൽ മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിന്റെ പ്രിൻസിപ്പലായി. പിന്നീട് മാന്നാനം ആശ്രമത്തിന്റെ പ്രിയോർ, പുന്നപ്രയിൽ ആശ്രമാധിപൻ കാർമൽ പോളിടെക്നിക് ചെയർമാൻ എന്നീ

നിലകളിലും സേവനം ചെയ്തു. ഈ സമയത്ത് എൽ.എൽ.ബി. പഠിച്ച് ഒരു വക്കീലായി പാക്ടീസ് ആരംഭിച്ചു. വീണ്ടും ന്യൂയോർക്കിൽ രണ്ടുവർഷം സേവനത്തിനായി പോകുകയും ശേഷം നാലുകോടി സെന്റ് റീത്താസ് ഹോസ്പിറ്റൽ ഡയറക്ടറായി ആറു വർഷത്തോളം സേവനമനുഷ്ഠിക്കുകയും ചെയ്തു. തുടർന്ന് ചെത്തിപ്പുഴ സാൻജോഭവൻ ഡയറക്ടർ, തിരുവല്ലം ക്രൈസ്റ്റ് നഗർ ബി.എഡ്. കോളേജിന്റെ അഡ്മിനിസ്ട്രേറ്റർ, വിഴിഞ്ഞം കാർമ്മൽഭവൻ പ്രീഫക്ട്, വികാരി എന്നീ നിലകളിൽ സേവനം ചെയ്തു. പിന്നീട് ശാരീരിക അസ്വാസ്ഥ്യം മൂലം ഏതാണ്ട് 5 വർഷത്തോളമായി ചെത്തിപ്പുഴ, സാൻജോഭവനിൽ വിശ്രമജീവിതം നയിച്ചുവന്ന സെബാസ്റ്റ്യനച്ചന്റെ നില കഴിഞ്ഞ അഞ്ച് മാസമായി തീർത്തും അവശനിലയിലായിരുന്നു. ഒക്ടോബർ 18-ാം തീയതി ബുധനാഴ്ച രാവിലെ മൂന്നു മണിക്ക് നാലുകോടി സെന്റ് റീത്താസ് ആശുപത്രിയിൽ വച്ച് അദ്ദേഹം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു, മൃതശരീരം പിറ്റേന്ന് വ്യാഴാഴ്ച വൈകുന്നേരം ഏഴുമണിക്ക് സാൻജോഭവൻ ചാപ്പലിൽ കൊണ്ടുവരികയും രാത്രി മുഴുവൻ പ്രാർത്ഥനയോടെ പൊതുദർശനത്തിന് വയ്ക്കുകയും ചെയ്തു.

മൃതസംസ്കാര ശുശ്രൂഷകൾ ഒക്ടോബർ 20-ാം തീയതി വെള്ളിയാഴ്ച്ച രാവിലെ ആരംഭിക്കുകയും ശുശ്രൂഷയുടെ ആദ്യഭാഗം വികർ പാവിൻഷ്യൽ ഫാ. സോണി പാലാത്രയുടെ കാർമ്മികത്വത്തിൽ നടത്തുകയും ചെയ്തു. രണ്ടാംഭാഗം ജഗദൽപൂർ രൂപതാദ്ധ്യക്ഷനായിരുന്ന സൈമൺ സ്റ്റോക്ക് പാലാത്ര പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. സംസ്കാര ശുശ്രൂഷയുടെ മൂന്നാംഭാഗം സി.എം.ഐ സഭയുടെ ജനറൽ കൗൺസിലർ ബഹു. സെബാസ്റ്റ്യൻ തെക്കേടം അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 10.30ന് ചെത്തിപ്പുഴ തിരുഹൃദയ ദേവാലയത്തിൽ ആരംഭിച്ചു. ബഹു. തോമസ് ചൂളപ്പറമ്പിലച്ചൻ ബഹു. സെബാസ്റ്റ്യനച്ചനെ അനുസ്മരിച്ച് വചന സന്ദേശം നൽകി.

ദിവ്യബലിക്കുശേഷം നഗരികാണിക്കലും അന്തിമപ്രാർത്ഥനാ ശുശ്രൂഷകളും ചങ്ങനാശ്ശേരി സഹായ മെത്രാൻ മാർ തോമസ് തറയിൽ പിതാവിന്റെ നേതൃത്വത്തിൽ നടന്നു. സി.എം.ഐ സഭയുടെ ജനറൽ കൗൺസിലറായ ബഹു. ആന്റണി ഇളംതോട്ടമച്ചനും മറ്റു വൈദികരും സന്യസ്ഥരുമുൾപ്പടെ നിരവധി ആളുകൾ സംസ്കാര കർമ്മത്തിൽ

പങ്കുകൊണ്ടു. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും മറ്റനേകം രാഷ്ട്രീയനേതാക്കളും അന്തിമോപചാരമർപ്പിക്കുവാൻ എത്തിയിരുന്നു.

ആശ്രമാധിപൻ ബഹു. സെബാസ്റ്റ്യൻ അട്ടിച്ചിറയച്ചന്റെ നേതൃത്വത്തിൽ ചെത്തിപ്പുഴ കൊവേന്തയിലെ ആശ്രമാംഗങ്ങൾ സംസ്കാര ശുശ്രൂഷകൾക്കുള്ള ക്രമീകരണങ്ങൾ നടത്തി.

പരേതന്റെ ആത്മശാന്തിക്കായുള്ള സഭാനിയമപ്രകാരമുള്ള പ്രാർത്ഥനകളും ദിവ്യബലിയും അർപ്പിക്കുവാൻ ഓർമ്മിപ്പിക്കുന്നു.

**ഫാ. തോമസ് തേക്കേത്തല സി.എം.ഐ**
ഡയറക്ടർ, സാൻജോ ഭവൻ
ചെത്തിപ്പുഴ



## Rev. Deacon Joseph Mukalel CMI

| | | | |
|---|---|---|---|
| Born: | 30.12.1938 | First Profession: | 16.05.1965 |
| Died: | 22.10.2017 | Diaconate: | 25.11.1985 |

Rev. Deacon Joseph Mukalel CMI, member of CMI St Thomas Province, Kozhikode slept in the Lord on 22 October, 2017 at Nirmala Hospital, Marikunnu and laid to eternal rest at St. Thomas Mount, Marikunnu on 24 October, 2017 at the age of 79. In the presence of many CMI members, relatives of Deacon Joseph Mukalel, Reverend Sisters and faithful, Very Rev. Fr. Paul Achandy CMI, the Prior General was the main celebrant and Rev. Fr. Thomas Thekkel, Provincial of Kozhikode province and Rev. Fr. Varghese Kelamparambil, Provincial of Mysore province were concelebrants in the funeral service. Rev. Fr. Thomas Vattakatt CMI gave the funeral message. Rev. Fr. George

Kochuvelikkakam CMI, the Superior and Novice Master of St. Thomas Mount expressed the words of gratitude. The funeral service was started at 10.00 am and ended at 1.00 pm with meal.

Deacon Joseph Mukalel was suffering from renal diseases and he was undergoing dialysis for 6 years from 2011. Even when he had dialysis every alternative days and dietary restrictions, he was pleasant and pleasingly interacting with the members of the house and guests. This was due to his positive approach to life and an attitude of accepting pains and hardships calmly without complaining. He had a mild stroke on the evening of 12 October and then it led to gradual paralysis. When he felt uneasiness, he called for a priest from the community and made his confession. He was taken to the hospital in the night and returned to the house after checkup. On 13th morning, he was found weaker and members of the community wanted to take him to the hospital .As having a pre-notion of end in earthly life, before leaving for the hospital, he asked again for confession and requested for some time to remain alone in his room and bid farewell to his room after praying. He came to the chapel with the help of the fathers and went to the tabernacle and prayed there for sometime kneeling, and received the Holy Communion. Then, thanking all, he started to the hospital.

Deacon was taken to the ICU and it was found that due to the chronic kidney disorders, administration of strong medicines was impossible. He underwent two more dialysis on the consecutive days. On 14 October, in the presence of our fathers and his close relatives, received the sacrament of anointing from Fr. George Kochuvelikkakam, his Superior and gradually fell into coma and slept in the Lord on 22 October, 2017 at 11.50 pm. Before he became unconscious, Deacon Mukalel conveyed to his superior and to Rev. Fr. Provincial, his sentiments of gratitude towards his congregation and to each of its members and asked them to share his words of gratitude to all. Repeatedly he said that he was happy with his life in the congregation. CMI St. Thomas Province has lost a zealous religious, committed missionary and a true CMI.

Rev. Deacon Mukalel Joseph CMI was born of his parents Varkey (Kunju) and Ealy (Kunjely on 30 December 1935 at Arumannor Punnathura. He has three younger brothers and one elder sister. He made his first profession on 16 May 1965 and the perpetual profession on 16 May. 1970. Completed his theology studies from Dharmaram Vidya Kshetram and received the Sacred Order of Diaconate on 25 November 1985. Golden Jubilee of his religious profession was celebrated in the province on 20 April 2015

During his long years of committed life in the CMI Congregation, he has served the province and the people of God on various capacities. He was procurator at Manimala monastery and then served as the press manager at Marikunnu. He was the first administrator of the Fatima Matha hospital at Kalpetta, when it was bought by the St. Thomas province and functioning in a rented building. He was the manager of Vimala Book Centre for many years. During that time he was very much involved in the parish activities of Amalapuri especially in Sunday school and Mission League. He has also assisted in the CMI houses at Gudallur, Gundlupet, Bekky and Thalapuzha in the pastoral field and administration of estates.

Deacon Mukalel was one of the pioneer missionaries in the Kristu Raja Mission of the province in Jammu and Kashmir. He was instrumental in establishing the second mission station at Nowshera. He lived for many months in the house of a BJP leader as paying guest in order to locate a suitable plot for a mission station near the district headquarters. The people of this district who were people unheard of Christianity before the arrival of our Deacon Mukalel except a few by the presence of a protestant pastor.

He has released more than 15 devotional audio albums and published a book called *Gadharchana*. He was the lyricist for most of those songs and it was a spontaneous outpouring of his inner spiritual experiences.

Deacon Joseph Mukalel CMI was sincere and trustworthy before God and CMI confreres. He had clear strategies and stand on

various developments of the province and these were really progressive and challenging even for the next generation. His Marian devotion gave him courage to follow Christ as a true disciple. He led a simple life and lived with conviction and this has attracted many people from all walks of life.

Request your prayers for the repose of his soul and kindly observe the obsequies as prescribed in our CMI Directory, Article 58.

**Fr. George Kochuvelikkakam CMI**
Superior, St. Thomas Mount, Marikunnu

Kozhikode
15 November 2017

**Rev. Dr. Fr. Abraham Moses Kallarackal CMI (1929-2017)**



| | |
|---|---|
| **Birth:** | **07.03.1929** |
| **First Profession:** | **15.10.1950** |
| **Ordination:** | **24.03.1958** |
| **Death:** | **24.10.2017** |

Rev. Fr. Abraham Moses Kallarackal was bom at Mailakombu near Thodupuzha on March 7, 1929 as son of lype Kallarackal and Mariyam.

Fr. Moses had his primary education at infant Jesus High School, Vazhakulam and joined the CMI congregation at St. Joseph's Seminary; Mannanam in 1949, followed by novitiate training at St. Theresa's Novitiate House, Ampazhakkadu and had his first profession in 1950. After philosophy studies at Chethipuzha he was sent for theological studies at JDV Pune and was ordained as priest on March 24, 1958. He began his ministry of service as the secretary to Provincial, Rev. Fr. Sales, SH Province, Kalamassery. Later he did post graduate studies in Ottava University, Canada in 1967 and joined as lecturer in SH College, Thevera.

Then he did his research studies in Social Work in UK and earned Ph. D in 1976 from Leicester University as the first doctorate holder in Social Work from Kerala. Then he was appointed as the Director of Rajagiri College of Social Science and in 1981 he became the principal of same college and retired. He worked as the co-ordinator of fathers working in USA and Canada during the period 1984-93 and also worked as pastor of St. Henry's Church, Lake Charles. In 1994 he was appointed as the Prior of Carmel Monastery, Vazhakulam and initiated to start CBSE School at Vazhakulam and served as the Director of Carmel CMI Public School at Vazhakulam from 1996-2001. Then he was sent to America and worked as Principal of Holy Cross Academy, Amrile, USA till 2009 and returned to Kerala. Then he was appointed as the Director of Christ International School, Alambady, Bengaluru till 2011 and then he was again appointed as the Director of Carmelagiri Public School, Korendakadu, Munnar till 2015. In 2015 he retired from the field of education and was taking rest at Carmel Provincial House, Muvattupuzha.

Fr. Moses was under medication due to old age sickness since last year. In the month of June, due to a minor brain haemorrhage, his movement, memory and speech faculties were affected and he was under treatment in Rajagiri Hospital. Then his treatment was continued at Nirmala Hospital, Muvattupuzha. In the last two months he was completely bedridden, and was shifted to priest home. The Sacrament of Anointing of the Sick was given on October 12, 2017 by Rev. Fr. Paul Parakattel, Provincial. On October 23, 2017 his health condition became worse due to breathing problem. On October 24, 2017 at 1.30 pm he had his last breath in the presence of his dear and near ones at Maria Bhavan, the priest home attached to Provincial House.

The mortal remains of Fr. Moses was kept in the Provincial House Chapel after prayers for paying homage. Bishop Emeritus, Mar George Punnakkottil, Provincials Fr. Jose Kuriadathu and Fr. Varghese

Kelamparambil, Superiors, fathers, sisters, relatives, friends, colleagues, students and people from different walks of life paid homage to Fr. Moses. On October 25, the body was taken to Carmel Monastery Chapel, Vazhakulam. The funeral ceremony was started at 2.30 pm with Holy Mass in which the Bishop of Kothamangalam Diocese, Mar George Madathikandam was the main celebrant and Rev. Fr. Prior General and Rev. Fr. Provincial were the co-celebrants. The funeral message was given by Fr. Alex Oruthayappillil in which he stressed the personal experience with him at Rajagiri College, as veteran in the field of social work pioneering the establishments with bravery and hard work.

Fr. Moses was a committed religious with disciplined life in all aspects. He was an eminent educationalist and scholar in the field of Social Work as member of Board of Studies and Examination Board Member, Senate and Syndicate member of various universities in India. He has laid foundation for the development of Rajagiri Institutions and Carmel School, Vazhakulam.

Kindly pray for the departed soul of Fr. Moses who has left the world of suffering to the eternal bliss by offering the suffrages for the dead in the tenor of our Directory No. D 58(b). May his soul rest in peace with the heavenly Father in the eternal abode.

Muvattupuzha
01.12.2017

Fr. Paul Parakattel CM
Provincial
Carmel Province, Muvattupuzha
Kerala, India

## ഫാ. കമീൽ നീലിയറ സി.എം.ഐ.

**ജനനം: 07-08-1928**

**മരണം: 12-11-2017**



"മരണത്തെ കീഴടക്കുവാൻ" എന്ന ചെറുഗ്രന്ഥത്തിൽ ബ. കമീലച്ചൻ കുറിച്ചിട്ട് ഒരു മനോഹരമായ സന്ദേശമുണ്ട്. "മനുഷ്യജീവിതലക്ഷ്യം സുഖഭോഗങ്ങൾ ആസ്വദിക്കുകയല്ല. പ്രത്യുത നമ്മെത്തന്നെ പവിത്രീകരിച്ച് സനാതനമായ ജീവിതത്തിന് കളമൊരുക്കുകയാണ്". ഈ സന്ദേശം അന്വർത്ഥമാക്കി "നന്നായി ചിലവഴിച്ച ഒരു ദിവസത്തിന്റെ അവസാനം സുഖമായി ഉറങ്ങുന്നതുപോലെ, സുന്ദരമായി ജീവിച്ച ഒരു ജീവിതത്തിന്റെ അവസാനമുള്ള ശാന്തമായ നിദ്രയായിരുന്നു" ബ. കമീലച്ചന്റെ മരണം. സ്വന്തം തത്വശാസ്ത്രം സ്വജീവിതത്തിൽ അവതരിപ്പിച്ച ക്രിസ്തുവിന്റെ പ്രിയപ്പെട്ട പുരോഹിതനും പരിശുദ്ധ അമ്മയുടെ എളിയ ദാസനുമായ കമീലച്ചൻ സ്വർഗ്ഗത്തിലേക്കു യാത്രയായി. ദൈവപിതാവ് നീലിയറ കുടുംബത്തിനും സി.എം.ഐ. സഭയ്ക്കും പ്രത്യേകിച്ച് കോട്ടയം സെന്റ് ജോസഫ് പ്രോവിൻസിനും നൽകിയ വിലമതിക്കാനാവാത്ത സമ്മാനമായി പ്രിയപ്പെട്ടവരായ നമ്മുടെ മനസ്സുകളിൽ അനശ്വരമായ രേഖാചിത്രം കോറിയിട്ടശേഷം അദ്ദേഹം യാത്രയായി.

കുര്യനാട് ആശ്രമാംഗമായിരുന്ന ബ. കമീലച്ചൻ കഴിഞ്ഞ മൂന്നരവർഷമായി കാഞ്ഞിരപ്പള്ളി പ്രശാന്ത് ഭവനിൽ വിശ്രമവും ചികിത്സയുമായി കഴിഞ്ഞ ശേഷമാണ് പെരിയ ബഹുമാനപ്പെട്ട ജനറാളച്ചനിൽ നിന്നും അന്ത്യകൂദാശകൾ സ്വീകരിച്ച് 12-11-2017 ഉച്ചകഴിഞ്ഞ് ചരമമടഞ്ഞത്. ശവസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ അഭിവന്ദ്യ കല്ലറങ്ങാട്ടുപിതാവ് അനുസമരിച്ചു: പാലാ രൂപതയ്ക്കും ഇവിടുത്തെ സന്യസ്തർക്കും പ്രസംഗത്തിലൂടെയും ധ്യാനങ്ങളിലൂടെയും ജീവിത മാതൃകയിലൂടെയും അച്ചൻ വിലയേറിയ

സംഭാവനകൾ നൽകി, കമീലച്ചന്റെ മരിയൻ പ്രഭാഷണങ്ങളെക്കുറിച്ചും ജപമാല ഭക്തിയെ ആസ്പദമാക്കിയുള്ള ധ്യാനങ്ങളെക്കുറിച്ചും അഭിവന്ദ്യ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവും മാർ മാത്യു അറയ്ക്കൽ പിതാവും എടുത്തു പറയുകയുണ്ടായി. പ്രാർത്ഥനയ്ക്കായി വന്ന മാർ ജോസഫ് കുന്നത്തുപിതാവും മാർ ജോസ് പുളിക്കൽ പിതാവും മാർ ജേക്കബ് മുരിക്കൻ പിതാവും സഭയെയും ഇടവകയെയും വിശ്വാസത്തിലും മരിയഭക്തിയിലും വളർത്തിയെടുക്കുവാൻ ബ. കമീലച്ചൻ നൽകിയ സംഭാവനകളെ പ്രകീർത്തിച്ചു. പരിശുദ്ധ അമ്മയോടുള്ള ഭക്തിയും ജപമാലയുടെ പ്രാധാന്യവും സി.എം.ഐ. സഭാംഗങ്ങളെയും മറ്റ് എല്ലാ സന്യാസിനി സന്യാസികളെയും കാലോചിതമായി അനുസ്മരിപ്പിക്കുന്നതിൽ ബ. കമീലച്ചൻ വിജയം വരിച്ചു എന്ന് സാഭിമാനം സി.എം.ഐ. സഭയുടെ ജനറാൾ പെരിയ ബഹുമാനപ്പെട്ട പോൾ അച്ചാണ്ടിയച്ചൻ ദിവ്യബലിയുടെ ആരംഭത്തിൽ അനുസ്മരിക്കുകയുണ്ടായി, വചന പ്രഭാഷണം നടത്തിയ ബ. മാത്യ മാടയാങ്കൽ കമിലച്ചന്റെ സുകൃതങ്ങളെ അക്കമിട്ടു നിരത്തിയത് ഏറെ ശ്രദ്ധേയമായി. ഇതിലൂടെ മാത്യു അച്ചൻ കമിലച്ചന്റെ സമ്യക്കായ ഒരാത്മീയ ജീവചരിത്രം അവതരിപ്പിച്ചു. അദ്ദേഹം പറഞ്ഞു. "Fr, Camil smiled innocetnly, he loved uncondtionally, he worked tirelssely, he preached convincingly, he taugth enthsuistaically, he served selflssely."

ഇങ്ങനെ സുകൃതസമ്പന്നനായി ജീവിച്ചു മരിച്ച ബ. കമീലച്ചൻ പാലാ രൂപതയിലെ കത്തീഡ്രൽ ഇടവകയിൽ പരേതനായ ജോസഫ് ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1921 ആഗസ്റ്റ് 1-ാം തീയതി ജനിച്ചു. ചാന്ദാ പ്രവിശ്യാംഗമായ ബി. ജോർജ്ജ് നീലിയറ സി.എം.ഐ., മാത്യു, കുട്ടിയമ്മ, തങ്കമ്മ, ബേബി, ലിസിയമ്മ, പരേതയായ മേരി തറപ്പേൽ, സെബാസ്റ്റ്യൻ എന്നിവർ അദ്ദേഹത്തിന്റെ സഹോദരങ്ങളാണ്. തൊടുപുഴ ഇളംതോട്ടം പ്രൈമറി സ്കൂളിൽ അദ്ധ്യാപകനും പിന്നീട് പാലാ സെൻട്രൽ ബാങ്ക് ഉദ്യോഗസ്ഥനുമായശേഷം 1953 ൽ 25-ാം വയസ്സിൽ മാന്നാനം സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. അമ്പഴക്കാട്ട് നോവിഷ്യറ്റ് ഭവനത്തിൽ നവസന്യാസം പൂർത്തിയാക്കി. 1955 ഡിസംബർ 8-ാം തീയതി ആദ്യവ്രതവും 1958 ഡിസംബർ 1-ാം തീയതി നിത്യവ്രതവും അനുഷ്ഠിച്ചു. ചെത്തിപ്പുഴയിലും ധർമ്മാരാമിലുമായി തത്വശാസ്ത്ര ദൈവശാസ്ത്രത പഠനങ്ങൾ പൂർത്തിയാക്കിയ കമീലച്ചൻ 1962 മെയ് 17-ാം തീയതി ക്രിസ്തുവിന്റെ പുരോഹിതനായി

അഭിഷിക്തനായി.

കർമ്മനിരതനായ ഒരുത്തമ സന്ന്യാസ വൈദികനായിരുന്നു നീലിയറയച്ചൻ. ഏൽപ്പിച്ച കർത്തവ്യങ്ങളെല്ലാം ഉത്തരവാദിത്വത്തോടെ നിറവേറ്റിയിരുന്നു. കോട്ടയം പ്രോവിൻഷ്യൽ ഹൗസ്, മുത്താലി, പുതുപ്പള്ളി, പാലാ, അറക്കുളം, കുര്യനാട് എന്നീ ആശ്രമങ്ങളിൽ അംഗമായിരുന്നുകൊണ്ട് ദൈവജനത്തിന് അദ്ദേഹം ചെയ്ത സേവനങ്ങൾ എണ്ണമറ്റവയാണ്. പൂഞ്ഞാർ ആശ്രമ ശ്രേഷ്ഠൻ, കർമ്മലകുസുമം മാസികയുടെ എഡിറ്റർ എന്നീ നിലകളിലും ശോഭിച്ച കമീലച്ചൻ 56 ഓളം ഗ്രന്ഥങ്ങളുടെ കർത്താവുമാണ്. വിവിധ സഭകളുടെ നവസന്യാസഭവനങ്ങളിൽ അദ്ദേഹം പ്രിയപ്പെട്ട ഗുരുഭൂതനായിരുന്നു. 1963 മുതൽ അഞ്ച് പതിറ്റാണ്ടിലേറെ കേരളത്തിലെ മിക്കവാറും എല്ലാ ദേവാലയങ്ങളിലും കേരളത്തിനു പുറത്തും വിദേശങ്ങളിലുമുള്ള ക്രൈസ്തവസമൂഹങ്ങളിലുമായി ഇരുപതിനായിരത്തിലേറെ മരിയൻ പ്രഭാഷണങ്ങൾ നടത്തുവാൻ ദൈവം തിരഞ്ഞെടുത്ത മരിയ ഭക്തനായിരുന്നു ബ. കമീലച്ചൻ. "പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിൽ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ ഭാഗ്യവാന്മാ"രെന്ന് 89 വർഷത്തെ നീണ്ടസുന്ദര ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു. താൻ കണ്ടുമുട്ടിയവരെയും തനിക്കേൽപ്പിച്ചു കിട്ടിയവരേയും പരിശുദ്ധ അമ്മയിലൂടെ യേശുവിന്റെ സാന്നിധിയിലേയ്ക്ക് വഴിനടത്തിയ ഈ വന്ദ്യപുരോഹിതൻ ഇനിമുതൽ സ്വർഗ്ഗപിതാവിന്റെ സന്നിധിയിൽ നമ്മുടെ മദ്ധ്യസ്ഥനാണ്. സഭാനിയമപ്രകാരം അദ്ദേഹത്തിനുവേണ്ടി ചെയ്യാനുള്ള ഭക്താനുഷ്ടാനങ്ങളെല്ലാം ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

കുര്യനാട്,
28-11-2017,

എന്ന് സ്നേഹപൂർവ്വം,
**ഫാ. ജയിംസ് ഏർത്തയിൽ സി.എം.ഐ.** (പ്രിയോർ)
സെന്റ് ആൻസ് ആശ്രമം, കുര്യനാട്

## ഫാ. തോമസ് മെത്തോദിയൂസ് കിടങ്ങേൻ CMI

(1933-2017) ഇടവക: നീലീശ്വരം



സി.എം.എ സന്യാസസഭയുടെ, കൊച്ചി തിരുഹൃദയ പ്രവിശ്യഗംമായ ബ. തോമസ് മെത്തോദിയൂസച്ചൻ എറണാകുളം-അങ്കമാലി അതിരുപതയിൽപ്പെട്ട നീലീശ്വരം കരേറ്റമാതാ ആശമ ദേവാലയത്തിൽ പൗലോ-മറിയം ദമ്പതികളടെ എട്ടുമക്കളിൽ ഏഴാമനായി 1933 സെപ്റ്റംബർ 24-ാം തീയതി ജനിച്ചു. വൈദികനായി തീരുവാനുള്ള അദമ്യമായ ആഗ്രഹം മനസ്സിൽ പേറികൊണ്ട്, 1953 ജൂൺ 4-ാം തീയതി ആലുവ സെന്റ് അന്റണീസ് ആശ്രമത്തിൽ ആസ്പിരന്റസ് ഹൗസിൽ ചേർന്ന് പരിശീലനം ആരംഭിച്ചു. അമ്പഴക്കാട് നവസന്യാസ ഭവനത്തിൽ നവസന്യാസം നടത്തുകയും 1957 മെയ് 16-ാം തീയതി ആദ്യ വ്രതവാഗ്ദാനം നടത്തി സഭാവസ്ത്രം സ്വീകരിക്കുകയും ചെയ്തു. പിന്നീട് സി.എം.ഐ. സഭയുടെ പൊതു വൈദികപരിശീലന കേന്ദ്രമായ ബാംഗ്ലൂർ ധർമ്മാരാം കോളേജിൽനിന്ന് ഫിലോസഫി, തിയോളജി പഠനങ്ങൾ പൂർത്തിയാക്കി 1963 മെയ് മാസം 17-ാം തീയതി ഭാഗ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. തിരുപട്ടത്തിനുശേഷം ആലുവ, കൂനമ്മാവ് എന്നീ ആശ്രമ ങ്ങളിൽ സേവനം അനുഷ്ഠിച്ച മെത്തോദിയൂസച്ചൻ 1977-ൽ ഉപരിപഠനത്തിനായി റോമിലേക്ക് യാത്രയായി. Spirtiual Theology-യിൽ റോമിലെ Angelicum Univesrtiy-യിൽ നിന്നും Licentiate നേടി. അനുകമ്പയുള്ള റെക്ടറച്ചൻ, വിശുദ്ധനായ പരിശീലകൻ, ആദ്ധ്യാത്മിക ഉപദേഷ്ടാവ്, വിശ്വസ്ഥനായ ആശ്രമശ്രേഷ്ഠൻ എന്നീ നിലകളിൽ അദ്ദേഹം ഒട്ടേറേ മനസ്സുകളെ നേടിയെടുത്തിട്ടുണ്ട്. ബാംഗ്ലൂർ ധർമ്മാരാം, St. Josephs' Postulants Home കളമശ്ശേരി, കറുകുറ്റിയിലെയും നേരിയമംഗലത്തെയും നവസന്യാസഭവനങ്ങൾ എന്നിവിടങ്ങളിൽ അദ്ദേഹം ചെയ്ത സേവനങ്ങൾ ഇതിന് ഉത്തമ ദൃഷ്ടാന്തമാണ്.

വാഴക്കുളം, ആലുവ, നീലീശ്വരം എന്നിവിടങ്ങളിൽ ആശ്രമശ്രേഷ്ഠനായും പരിയാരം C.S.R. ൽ ടീം മെമ്പർ ആയും ആദ്ദേഹം ചെയ്ത സേവനങ്ങൾ സത്യർഹമാണ്. വചനബദ്ധമായ ജീവിതവും പ്രസംഗപാടവവും വായനാശീലവും ഉണ്ടായിരുന്നതിനാൽ ധാരാളം വചനപ്രഘോഷണങ്ങൾ നടത്താനും ഇടവകകൾ തേറും ധ്യാനപ്രസംഗങ്ങൾ നത്താനം CMC, SD, Holy Family, Chartiy, CSN എന്നീ സമർപ്പിത സമൂഹങ്ങളിലെ നോവിഷ്യറ്റുകാർക്ക് ക്ലാസ്സുകൾ എടുക്കാനും ധ്യാനിപ്പിക്കാനും ധാരാളം അവസരങ്ങൾ ആദ്ദേഹത്തെ തേടിയെത്തി. തിരുസക്രാരിയുടെ മുമ്പിൽ ദീർഘനേരം പ്രാർത്ഥിച്ച്, യേശുസാമീപ്യം ഏറെ അനുഭവിച്ച്എല്ലാവരെയും സമർപ്പിച്ച് പ്രാർത്ഥിക്കുന്ന മെത്തോദിയൂസച്ചനെ സി.എം.എ. സഭയിലും പുറത്തുമുള്ള സമർപ്പിതർക്കും ദൈവജനത്തിനും ഏറെ പരിചയമുണ്ട്. ദിവ്യകാരുണ്യത്തിൽനിന്ന് ബഹു. മെത്തോദിയൂസച്ചൻ അനുഭവിച്ച സന്തോഷവും സംതൃപ്തിയുമാണ്, വളരെ ശാന്തനും സൗമ്യനും വിനയാന്വിതനുമായി തീരാൻ ആദ്ദേഹത്തെ സഹായിച്ചത്.

2014-ൽ വിശ്രമജീവിതം ആരംഭിച്ച ബഹു. മെത്തോദിയൂസച്ചൻ തന്റെ ജീവിതസായാഹ്നത്തിൽ രോഗിയായി തീർന്നപ്പോഴും തന്നെ സമീപിക്കുന്നവർക്ക് ശാന്തതയും ദൈവീകതയും പകർന്നു നൽകാൻ ശ്രദ്ധിച്ചിരുന്നു. 2017 ഡിസംബർ 20-ാം തീയതി ബഹു. മെത്തോദിയൂസച്ചന്റെ ആത്മാവ് കർത്താവിൽ നിദ്ര പ്രാപിച്ചു. മൃതസംസ്ക്കാര ശുശ്രൂഷകൾ ഡിസംബർ 22-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1 മണിക്ക് ബിജ്നോർ രൂപതയുടെ മുൻ മെത്രാൻ മാർ ഗ്രേഷ്യൻ മുണ്ടാടാന്റെ മുഖ്യ കാർമ്മികത്വത്തിലും പെ. ബഹു. ജനറാൾ റവ. ഡോ. പോൾ അച്ചാണ്ടിയുടെയും പെ. ബഹു. പ്രൊവിൻഷ്യാൾ റവ. ഡോ. ജോസ് കുറിയേടത്തിന്റെയും പ്രിയോർ ഫാ. ചാൾസ് കോറോത്തിന്റെയും ബഹു. പൗലോസ് കിടങ്ങനച്ചന്റെയും ബഹു. ജോർജ്ജ് കിടങ്ങനച്ചന്റെയും ബഹു. അലക്സ് വരാപ്പുഴക്കാരാനച്ചന്റെയും സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു. സമാപന തിരുകർമ്മങ്ങൾക്ക് എറണാകുളം-അങ്കമാലി അതിരുപതാ സഹായമെത്രാൻ മാർ ജോസ് പുത്തൻ വീട്ടൽ കാർമ്മികത്വം നൽകി. ബഹു. ജോയ് ഊരേത്തച്ചൻ ബഹു. മെത്തോദിയൂസച്ചനെ അനുസ്മരിച്ച് വചനസന്ദേശം നൽകി. അന്തിമ ഉപചാരം അർപ്പിക്കുവാൻ ധാരാളം വൈദികരും സന്യസ്ത്യരും ദൈവജനവും ഉണ്ടായിരുന്നു.

ബഹു. മെത്തോദിയൂസ് കിടങ്ങനച്ചനുവേണ്ടി പ്രാർത്ഥിക്കുകയും സഭാനിയമപ്രകാരമുള്ള ആത്മീയശുശ്രൂഷകൾ അദ്ദേഹത്തിനുവേണ്ടി നടത്തുകയും ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ഫാ. ചാൾസ് കോറോത്ത് സി.എം.ഐ
പ്രിയോർ, കരേറ്റമാതാ ആശ്രമം, നീലിശ്വരം

## ബഹു. ഫാ. എജിദിയുസ് ചിറയത്ത് സി.എം.എ.
## (1934–2017)



കോയമ്പത്തൂർ പ്രേഷിത പ്രോവിൻസ് അംഗമായ ബഹുമാനപ്പെട്ട എജീദിയുസച്ചൻ (83) മണ്ണുത്തി പ്രേഷിതാരാമിൽ വച്ച് 2017 ഡിസംബർ 28-ാം തിയ്യതി ഉച്ചകഴിഞ്ഞ് 1.30ന് നിര്യാതനായി.

മാളയിൽ തോമസ് റോസക്കുട്ടി ദമ്പതികളുടെ ഏഴാമത്തെമകനായി 1934 ഡിസംബർ 15 ന് ജനിച്ച് തോമസ് എന്ന നാമധേയം സ്വീകരിച്ചു. നല്ല അടക്കമുള്ളവനും, ശാന്തശീലനുമായ തോമസ് തന്റെ പ്രാഥമിക വിദ്യാഭ്യാസ കാലത്ത് കണക്കു വിഷയത്തിൽ സമർത്ഥനായി ശോഭിക്കുകയും, തന്റെ കൂട്ടുകാരും, ഇപ്പോൾ ജീവിച്ചിരിക്കുന്നവരുമായ ബഹു. ബർട്ടിൻ ചക്കാലമറ്റത്ത് അച്ചനോടും, ബഹു. ആൻഡ്രൂസ് ആത്തപ്പിള്ളി അച്ചനാടും കൂടെ എൽത്തുരുത്ത് അസ്പിരാന്ത് ഭവനത്തിൽ ചേർന്നു. അവിടെവച്ച് 10-ാം ക്ലാസ് പരീക്ഷ പാസ്സായി വരന്തരപ്പിള്ളിയിലെ ഭാഷാപഠനവും കറുകുറ്റിയിൽ നവസന്യാസവും അമ്പഴക്കാട്ട് ജൂനിയറെയറ്റും കഴിച്ച് ധർമ്മാരാമിലേക്ക് ഫിലോസഫി തിയോളജി പഠനത്തിനായി പോയി. നല്ല പാട്ടുകാരനും, സംഗീതോപകരണങ്ങളിൽ വിദഗ്ധനും, ഒരു മെക്കാനിക്കും, വയലിനിസ്റ്റും കൂടിയായ ബ്ര. എജീദിയുസ് 1963 ൽ പൗരോഹിത്യപട്ടം സ്വീകരിച്ചു.

ദൈവാഭിഷിക്തനായ ബഹു.എജീദിയൂസ് അച്ചൻ വരന്തരപ്പിള്ളിയിലെ യാഗാർത്ഥി ഭവനത്തിൽ അസ്സിസ്റ്റന്റ് റെക്ടറായി 1964-ൽ നിയമിക്കപ്പെട്ടു. അന്നു തുടങ്ങിയ ഫോർമേഷൻ ജോലി ജീവിതകാലം മുഴുവൻ നടത്തുന്നത് അദ്ദേഹത്തിന് ഒരു ഹരമായിരുന്നു. വരന്തരപ്പിള്ളിയിൽ നിന്ന് എൽത്തുരുത്തേക്കുവന്ന അദ്ദേഹം 1975 വരെ പത്ത് വർഷത്തേക്ക് യോഗാർത്ഥികളുടെ ക്ഷേമ പ്രവർത്തന ശ്രമങ്ങളിൽ വ്യാപൃതനായിരുന്നു. സ്കൂളിലും കോളേജിലും പഠിച്ചിരുന്ന എല്ലാ യോഗാർത്ഥികൾക്കും ആവശ്യത്തിന് ട്യൂഷൻ എടുക്കുന്നതിനും, പാട്ടുപഠിപ്പിക്കുന്നതിനും, സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും, സർവോപരി നന്നായി പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നതിനും തീവ്രശ്രമം നടത്തിയിരുന്നതായി ശിഷ്യന്മാർ സമർത്ഥിക്കുന്നു. ധർമ്മാരാമിൽ മാസ്റ്ററായും, ദേവമാതാ പ്രൊവിൻഷ്യൽ ഗൃഹത്തിലെ സുപ്പീരിയറായും അദ്ദേഹം ജോലി നോക്കിയിട്ടുണ്ട്. 1978 മുതൽ 5 വർഷക്കാലം കോയമ്പത്തൂർ സായിബാബാ കോളനിയിലെ മൈനർ സെമിനാരിയിൽ റെക്ടറായി ജോലിനോക്കി. ഒപ്പം അടുത്തുള്ള ഇടവകകളിലും തന്റെ ആദ്ധ്യാത്മിക ഉത്തേജനപ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിരുന്നു. എപ്പോഴും കപ്പുസും, സ്കാപ്പുലറും അടങ്ങിയി സന്യാസ ളോഹയിലാണ് അദ്ദേഹം കാണപ്പെടുക, ബസ്സിൽ സഞ്ചരിക്കുവാനാണ് ഇഷ്ടം. രാത്രികാലങ്ങളിൽ ധർമ്മ സ്ഥാപനങ്ങളിലോ പള്ളിയിലോ തങ്ങുന്നതല്ലാതെ അൽമായ വീടുകളിൽ താമസിക്കാറില്ല.

1983 തുടങ്ങിയ മൂന്ന് വർഷത്തേക്ക് പാലക്കാട് സി.എം.എ. ഭവനിലെ പ്രീഫെക്ടറായി അടുത്തുള്ള മഠങ്ങളിലും ഫോർമേഷൻ ഗൃഹങ്ങളിലും പാപസംഗീർത്തന ശുശ്രൂഷകൾ നടത്തിപ്പോന്നു. പിന്നീട് 9 വർഷത്തേക്ക് കരിമ്പ ലിസ്യൂഹോമിലെ അംഗമായും, പാലക്കാട് ഭാരതമാതാ ആശ്രമ അംഗമായും ആദ്ധ്യാത്മിക സേവനങ്ങൾ തുടർന്നുപോന്നു. അവിടെ നിന്ന് കൊഴിഞ്ഞാമ്പാറ യോഗാർത്ഥി ഭവനത്തിലും, വേലന്താവളം നവസന്യാസി ഭവനത്തിലും തന്റെ സേവനം കാഴ്ചവെച്ചു. രോഗിയായിരിക്കുമ്പോൾ എങ്ങനെ ദൈവവുമായി ഒന്നിക്കാമെന്ന് തന്റെ മാതൃകയും സംസാരവും വഴി യാഗാർത്ഥികളെ നിശബ്ദമായി പഠിപ്പിക്കുകയായിരുന്നു. അവസാനമായി മണ്ണുത്തി പ്രേഷിതാരാമിൽ കിടന്ന് ഷൊർണൂർ ആശ്രമത്തിലെ അംഗമായി ചികിത്സയിലായിരുന്നു. ഭക്ഷണം കഴിക്കാനുള്ള വിഷമമെല്ലാം വളരെ

മാതൃകാപരമായി സഹിച്ച് തന്റെ അന്ത്യയാത്രക്ക് നന്നായി ഒരുങ്ങി അടുത്തുള്ള ലൂർദ്ദു ആശുപത്രിയിൽ വച്ച് 2017 ഡിസംബർ 28 നു ഉച്ചകഴിഞ്ഞ് 1.30 ന് കർത്താവിൽ നിദ്രപ്രാപിച്ചു.

അദ്ദേഹത്തിന്റെ മരണവാർത്ത അറിഞ്ഞ് അഭിവന്ദ്യ മെത്രാന്മാരായ മനത്തോടത്തു പിതാവും, ജോസഫ് പാസ്റ്റർ പിതാവും, ടോണി നീലങ്കാവിൽ പിതാവും വന്ന് അന്തിമോപചാരം നടത്തുകയുണ്ടായി. കോയമ്പത്തൂരിലേയും തൃശൂരിലേയും ബഹു. പ്രൊവിൻഷ്യാളച്ചന്മാരും, പാലക്കാട് ബഹു. വികാരി ജനറാളച്ചനും മറ്റനവധി അച്ചന്മാരും സിസ്റ്റേർസും വന്ന് പ്രാർത്ഥനകൾ സമർപ്പിച്ചു. പിറ്റേദിവസം രാവിലെ സ്വന്തം ആശ്രമമായ ഷൊർണൂർ സെന്റ് ജോസഫ് ആശ്രമത്തിലേക്ക് മൃതദേഹം കൊണ്ടുവന്ന് അന്തിമോപചാരത്തിന്റെ രണ്ടാംഭാഗം അവിടെവച്ചു നടത്തുകയും ചെയ്തു. അവിടെ നിന്ന് പാലക്കാട് ഭാരതമാതാ ആശ്രമത്തിലേക്ക് മൃതദേഹം കൊണ്ടുപോയി 3 മണിയോടെ അവസാന കർമങ്ങൾ നടത്തുകയുണ്ടായി. അഭിവന്ദ്യമെത്രാൻ പോൾ ആലപ്പാട്ടിന്റെ നേതൃത്വത്തിൽ പ്രിയോർ ജനറൽ ബഹു. പോൾ അച്ചാണ്ടി അച്ചൻ കോയമ്പത്തൂർ പ്രൊവിൻഷ്യാൾ ബഹു. ജോയി കോളേങ്ങാടനച്ചൻ, നവസന്യാസ ഗുരു ബഹു. ആന്റണി പുത്തനങ്ങാടി അച്ചൻ, ഷൊർണൂർ ആശ്രമ ശ്രേഷ്ഠൻ ബഹു. റൂപ്പെർട്ട് പാനികുളം അച്ചൻ എന്നിവർ സഹകാർമ്മികരും, മറ്റനവധി ബഹു. അച്ചന്മാരും ചേർന്നുള്ള ദിവ്യബലിയിൽ ധാരാളം ബഹു. സന്യാസിനികളും ശിഷ്യഗണങ്ങളും ബന്ധുമിത്രങ്ങളും സംബന്ധിച്ചിരുന്നു. ബഹു. എജീദിയുസച്ചന്റെ കൂടെ താമസിച്ചിരുന്ന ബഹു. ജോസഫ് വിതയത്തിലച്ചൻ തന്റെ വചന പ്രഭാഷണം കുമ്പസാരക്കൂട്ടിലെ കെടാവിളക്കായി പ്രകാശിച്ച ബഹു. എജീദിയുസച്ചിനെ എല്ലാവരുടെയും ഓർമ്മയിൽ പിടിച്ചുനിർത്തുന്നതായിരുന്നു. ഒരു കുടയും, പ്രാർത്ഥനാപുസ്തകവുമായി സന്യാസ കാഷായ വസ്ത്രം ധരിച്ച് വിനയാനുസൃതം ആത്മാക്കളെ ഉന്നതങ്ങളിലേക്ക് ഉയർത്തുവാൻ വെമ്പുന്ന സുസ്മേരവദനനായ ബഹു. എജീദിയൂസച്ചന്റെ സ്മരണ നിലനിർത്തികൊണ്ട് സഭാ നിയമമനുസരിച്ചുള്ള ഭക്താനുഷ്ഠാനങ്ങൾ നമുക്ക് നിർവഹിക്കാം.

തീയ്യതി: 13/02/2018
സ്ഥലം: ഷൊർണൂർ

ഫാ. റൂപ്പെർട്ട് പാനികുളം സി.എം.ഐ.
സെന്റ് ജോസഫ് ആശ്രമം

## ഫാ. മാത്യു തോട്ടുങ്കൽ സി.എം.ഐ.
## ചെറുപുഷ്പാശ്രമം, പൂഞ്ഞാർ



വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ കോട്ടയം സി.എം.ഐ പ്രവിശ്യയിലെ പൂഞ്ഞാർ ചെറുപുഷ്പശാംഗമായിരുന്ന ബഹു മാത്യു തോട്ടുങ്കലച്ചൻ 2018 സെപ്റ്റംബർ 8-ാം തീയതി രാവിലെ 10.30ന് അന്തരിച്ചു. പരിശദ്ധ അമ്മയുടെ ഭക്തനായിരുന്ന തോട്ടുങ്കലച്ചനെ മാതാവ് തന്റെ ജന്മദിന തിരുനാളിൽ ജന്മദിനാഘോഷത്തിനായി കൈ പിടിച്ചു കൊണ്ടുപോയതാവാം. സെന്റ് ജോസഫ് പ്രവിശ്യയുടെ കാഞ്ഞിരപ്പള്ളി മേരിക്വീൻസ് ഹോസ്പിറ്റലിൽ വച്ചായിരുന്നു മരണം പാലാ സെന്റ് വിൻസന്റ് ആശ്രമ സെമിത്തേരിയിൽ നടന്ന മൃതസംസ്കാരച്ചടങ്ങിൽ നാൽപതു വർഷത്തിനു മുൻപ് അച്ചൻ സേവനം ചെയ്ത ചമ്പക്കുളത്തുനിന്നുപോലും അനേകർ സംബന്ധിച്ചുവെന്നത് സാധാരണ ജനങ്ങളുടെ ഹൃദയത്തിൽ അദ്ദേഹത്തിന് എത്രമാത്രം സ്ഥാനമുണ്ടായിരുന്നുവെന്നതിന്റെ വ്യക്തമായ സൂചനയാണ്.

നെടിയകാട് (കരിങ്കുന്നം) തോട്ടുങ്കൽ പരേതരായ വർഗീസ് അന്നക്കുട്ടി ദമ്പതികളുടെ പുത്രനായി 1945 ജൂൺ 4-ാം തീയതി ജനിച്ച ബഹു. മാത്യു അച്ചൻ 1992 ൽ മാന്നാനം യോഗാർത്ഥഭവനിൽ ചേർന്നു. ചെത്തിപ്പുഴയിലെ നവസന്യാസ പരിശീലനത്തിനു ശേഷം 1965 മേയ് 15-ാം തീയതി സഭയിൽ ആദ്യവ്രതാനുഷ്ഠാനം നടത്തി. 1972 ഡിസംബർ 18-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. ചെറുപ്രായത്തിൽത്തന്നെ ചമ്പക്കുളം ഗാഗുൽത്താ ആശ്രമത്തിന്റെ പ്രിയോരായി നിയമിതനായി. പാലാ, പൂഞ്ഞാർ, മൂത്താലി, കുര്യനാട്, പുതുപ്പള്ളി എന്നീ ആശ്രമങ്ങളിൽ ദീർഘകാലം സേവനം ചെയ്തു. അഞ്ച് വർഷക്കാലം അമേരിക്കയിലെ ബ്രൂക്‌ലിൻ (ന്യൂയോർക്ക്) രൂപതയിൽ അജപാലനശുശ്രൂഷ നടത്തിയിട്ടുണ്ട്.

വൈദികൻ പ്രഥമതാ ഒരു അജപാലകനായിരിക്കണമെന്ന

പൗരോഹിത്യദർശനം ജീവിത പ്രമാണമായി സ്വീകരിച്ച തോട്ടുങ്കൽ മാത്യു അച്ചൻ നലം തികഞ്ഞ ഒരു അജപാലകനായി ജോലി ചെയ്ത സ്ഥലങ്ങളിലെല്ലാം അറിയപ്പെടുകയും അജഗണങ്ങളുടെ ഹൃദയത്തിലും ഓർമയിലും സ്ഥാനം കണ്ടെത്തുകയും ചെയ്തു.

സത്യസന്ധവും സ്വകീയവുമായ ഒരു സ്വതന്ത്രവ്യക്തിത്വം അദ്ദേഹം കാത്തുസൂക്ഷിച്ചു. സി.എം.ഐ സഭയെ സ്വന്തം അമ്മയെപ്പോലെ സ്നേഹിച്ചിരുന്ന അദ്ദേഹം വി. ചാവറപിതാവിന്റെ ഭക്തനായിരുന്നു. വിശുദ്ധന്റെ നാമം ജപമാലയുടെ പ്രാരംഭ പ്രാർഥനയിലും മറ്റും ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. പറയേണ്ടത് എവിടയും തുറന്നുപറയാനുള്ള ആത്മധൈര്യവും ധാർമിക ശക്തിയുമുണ്ടായിരുന്ന ഒരു വ്യക്തിത്വം. മനസിലുള്ളതും അധരത്തിൽനിന്നു പുറത്തുവരുന്നതും തമ്മിൽ അന്തരമില്ലാത്ത, ജീവിതത്തെ അഭിനയമാക്കി മാറ്റാതിരുന്ന ഒരു നിഷ്കളങ്കൻ, സംസാരത്തിലും പെരുമാറ്റത്തിലും തികച്ചും കുലീനമായ ഒരു വ്യക്തിഗത ശൈലി അദ്ദേഹത്തെ വ്യത്യസ്തനാക്കി, ആകർഷകമായ മാനവികതയും കുലീനതയും അദ്ദേഹത്തിനു ജന്മസിദ്ധം മാത്രമല്ല ജീവിതപരിശീലനത്തിൽ വളർത്തിയെടുത്തതുമായിരുന്നു. ചമയങ്ങളില്ലാത്ത സംസ്കാരം അച്ചന്റെ സമ്പത്തായിരുന്നു, അതിഥികളെ സ്വാഗതം ചെയ്യുന്നതിലും മറ്റുള്ളവരോടുപെരുമാറുന്നതിനുമൊക്കെ ഹൃദ്യമായ ഒരു കുലീനത പ്രകടമായിരുന്നു.

എല്ലാറ്റിനുമുപരി, അസാധാരണമാംവിധം വചനോപാസകനായി, ധ്യാനപ്രസംഗകനായി പുരോഹിത ജീവിതത്തിന്റെ നല്ലൊരു ഭാഗം ചെലവഴിച്ച ആധ്യാത്മിക ആചാര്യനായിരുന്നു മാത്യു തോട്ടുങ്കലച്ചൻ. കേരളത്തിൽ അങ്ങോളമിങ്ങോളം, പ്രത്യേകിച്ച് മലബാർ പ്രദേശങ്ങളിൽ, ദേവാലയങ്ങളിൽ ധ്യാനപ്രസംഗം നടത്തി. ജനഹൃദയങ്ങളിൽ സ്ഥാനം നേടിയ ധ്യാനഗുരു. ധ്യാനപ്രസംഗങ്ങളിൽ ബഹളത്തിന്റെ ശൈലിയായിരുന്നില്ല അദ്ദേഹത്തിന്റേത്, ചരമപ്രസംഗം പറയുന്നതിൽ ഒരു പ്രത്യേക വൈദഗ്ധ്യം തന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. സഭാംഗങ്ങളുടെയും അവരുടെ ബന്ധുജനങ്ങളുടെയും സ്വന്തം ബന്ധുക്കളുടെയും പരിചിതരുടെയും മൃതസംസ്കാരത്തിൽ പങ്കെടുത്ത് പ്രാർഥിക്കുക ഒരു അജപാലന ദൗത്യമായി അദ്ദേഹം കണ്ടിരുന്നു. അക്കാര്യത്തിൽ പ്രവിശ്യ നോട്ടമില്ല, പ്രായഭേദ നോട്ടമില്ല, വലിപ്പചെറുപ്പ പരിഗണനയില്ല.

പരേതരായ സഭാംഗങ്ങളെ അനുസ്മരിക്കുന്നതിൽ അദ്ദേഹം പ്രത്യേക ശ്രദ്ധ കാട്ടി. അവരുടെ ചരമ വാർഷികങ്ങളിൽ കബറിടത്തിൽ പൂക്കൾ വയ്ക്കാനും പ്രാർഥിക്കാനും അദ്ദേഹം മറന്നിരുന്നില്ല. മാത്രമല്ല അക്കാര്യം ആശ്രമാംഗങ്ങളെ ഓർമിപ്പിക്കാനും മാത്യു അച്ചൻ ശ്രദ്ധിച്ചു.

കുമ്പസാരത്തിന്റെ അപ്പസ്തോലനായിരുന്നു അദ്ദേഹം എന്നുപറയാം. അനാരോഗ്യത്തിലും രാവിലെ തന്നെ കുമ്പസാരക്കൂട്ടിൽ എത്തുമായിരുന്നു, കുമ്പസാരത്തിനു പ്രത്യേക അഭിഷേകം സിദ്ധിച്ച വൈദികനാണ്തോട്ടുങ്കലച്ചനെന്ന് പൂഞ്ഞാറിലെ ദിവ്യകാരുണ്യ സമൂഹത്തിൽപ്പെട്ട പലരും എന്നോടു പറഞ്ഞിട്ടുണ്ട്.

ആശ്രമവും പരിസരങ്ങളും വൃത്തിയായും ഭംഗിയായും സൂക്ഷിക്കുന്നതിലും പൂന്തോട്ടങ്ങൾ സംരക്ഷിക്കുന്നതിലും അച്ചൻ വളരെ തത്പരനായിരുന്നു. വൈകിട്ടത്തെ ജപമാല പ്രാർഥനയിൽ വിശ്വസ്തമായും കൃത്യമായും സംബന്ധിക്കുകയും ജപമാലയ്ക്ക് നേതൃത്വം കൊടുക്കുകയും ചെയ്തുപോന്നു. പരിശുദ്ധ അമ്മയുടെ പ്രത്യേക അനുഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നുവെന്നു സൂചിപ്പിക്കുന്നതാണു മാതാവിന്റെ തിരുനാളിലെ മരണം.

ഒരു വർഷത്തിലധികമായി നമ്മുടെ രാജഗിരി ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നു. ഒരാഴ്ചത്തേ ചികിത്സയ്ക്കുശേഷം സെപ്റ്റംബർ ഒന്നിന് തിരിച്ചെത്തി. എന്നാൽ, 1-ാംതീയതി രാവിലെ അദ്ദേഹത്തിനു ശാരീരിക അസ്വസ്ഥത അനുഭവപ്പെട്ടതിനാൽ കാഞ്ഞിരപ്പള്ളി മേരിക്വീൻസ് ഹോസ്പിറ്റലിലേക്കു കൊണ്ടു പോയി. മെഡിക്കൽ ഐസിയുവിൽ പ്രവേശിക്കപ്പെട്ട അദ്ദേഹം അതിവേഗം രോഗവിമുക്തനാകുന്നതു പോലെ തോന്നി. അതുകൊണ്ട് 7-ാം തീയതി രാവിലെ മുറിയിലേക്കു മാറ്റി. എന്നാൽ, സന്ധ്യയോടെ രോഗം മൂർഛിക്കുന്നതായി കണ്ടപ്പോൾ ഹോസ്പ്പിറ്റൽ ഡയറക്ടർ ബഹു. സന്തോഷ് മാത്തൻകുന്നേലച്ചൻ അക്കാര്യം എന്നെ വിളിച്ചറിയിച്ചു. 8-ാം തീയതി രാവിലെതന്നെ, ആശ്രമാംഗമായ ബഹു. അലക്സാണ്ടർ പൈകടയച്ചനുമൊത്തു തോട്ടുങ്കലച്ചന്റെ മുറിയിലെത്തി. രാജഗിരിയിലേക്കു മാറ്റുന്നതാകും നല്ലതെന്നു ഡോക്ടർ അഭിപ്രായപ്പെട്ടതിനാൽ ഡയറക്ടറച്ചൻ അതിനുവേണ്ട ക്രമീകരണങ്ങൾ പെട്ടെന്നു ചെയ്തുതന്നു. ആംബുലൻസിൽ കയറാൻ നിശ്ചയിച്ച സമയത്തിന് 10 മിനിട്ടുകൾക്കുമുൻപ് തോട്ടുങ്കലച്ചൻ ഉറക്കം വരുന്നതായി പറയുകയും കണ്ണടച്ചു കിടക്കുകയും ചെയ്തു. അത്

നിത്യനിദ്രയായിരുന്നുവെന്ന് അടുത്തു നിന്നവർക്കുപോലും മനസിലായില്ല. സംശയം തോന്നിയപ്പോൾ ഡോക്ടർമാരെ അറിയിക്കുകയും അവർ അദ്ദേഹത്തെ തിരിച്ചു കൊണ്ടുവരാൻ മാനുഷികമായി സാധ്യമായതെല്ലാം ചെയ്യുകയും ചെയ്തു. തന്റെ ബന്ധുവായ ബഹു. സെബാസ്റ്റ്യൻ തോട്ടുങ്കൽ ഒ.എഫ്.എം-ൽനിന്നും രോഗീലേപനം സ്വീകരിച്ച് 10.30ന് അദ്ദേഹം നിത്യ പിതാവിന്റെ പക്കലേക്കു യാത്രയായി. അത്യന്തം ഭാഗ്യപ്പെട്ട ഒരു മരണമായിട്ട് എല്ലാവരും അതിനെ കണ്ടു. ബഹു. മാത്യു തോട്ടുങ്കലച്ചന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു.

മാർ ഗ്രേഷ്യൻ മുണ്ടാടൻ പിതാവ് (ബിഷപ് എമിരറ്റസ്, ബിജ്നോർ) സമൂഹബലിക്കു നേതൃത്വം നൽകി. പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ മൃതസംസ്കാര ശുശ്രൂഷകൾ നയിച്ചു. റവ. ഫാ. അലക്സാണ്ടർ പൈകട അനുസ്മരണപ്രസംഗം നടത്തി. സി.എം.ഐ സഭയുടെ വികാരി ജനറാൾ റവ. ഫാ. വർഗീസ് വിതയത്തിൽ, വികർ പ്രൊവിൻഷ്യൽ ഫാ. ഫിലിപ്പ് നെച്ചിക്കാട്ടിൽ എന്നിവരും മറ്റു വൈദികരും കുടുംബാംഗങ്ങളും മാത്യുവച്ചന്റെ സുഹൃത്തുക്കളുമടങ്ങിയ വൻ ജനാവലി മൃതസംസ്ക്കാര ചടങ്ങിൽ ആദ്യന്തം പങ്കെടുത്തു.

സഭാ നിയമപ്രകാരമുള്ള പ്രാർഥനകൾ നടത്തുകയും ബലിയർപ്പിക്കുകയും ചെയ്യണമെന്ന് അഭ്യർഥിക്കുന്നു. (Diretcory No. 58b.)

ഫാ. ജയിംസ് നീണ്ടുശ്ശേരി സി.എം.ഐ
പ്രിയോർ

പൂഞ്ഞാർ,
10-09-2018

## റവ. ഫാ. സൈമൺ പടിഞ്ഞാറേക്കര സി.എം.ഐ. (1933-2018)



| | |
|---|---|
| ജനനം | : 27.11.1933 |
| ആദ്യവ്രതം | : 08.12.1955 |
| തിരുപ്പട്ടം | : 17.05.1962 |
| മരണം | : 15.09.2018 |

മൂവാറ്റുപുഴ കാർമ്മൽ പ്രൊവിൻസ് അംഗമായ റവ. ഫാ. സൈമൺ പടിഞ്ഞാറേക്കര സി.എം.ഐ. 2018 സെപ്റ്റംബർ 15-ാം തിയതി നിര്യാതനായി. സംസ്കാര ശുശ്രൂഷകൾ 2018 സെപ്റ്റംബർ 16-ാം തിയതി നേര്യമംഗലം കാർമ്മൽ നവസന്യാസ ഭവനത്തിൽ നടന്നു.

കർമ്മം കൊണ്ടും ജീവിതം കൊണ്ടും തികഞ്ഞ മാതൃകയായിരുന്ന ബഹു. സൈമൺ പടിഞ്ഞാറേക്കരയച്ചൻ, സി.എം.ഐ സഭയിലെ അനേകം വ്യക്തികൾക്ക് മാർഗ്ഗനിർദ്ദേശവും ഗുരുഭൂതനുമായിരുന്നു. മുഖത്തെ നിഷ്കളങ്കമായ ചിരി ഏറ്റവും വലിയ ഭക്താഭ്യാസമാണെന്ന് നമ്മെ പഠിപ്പിച്ച ഗുരുവച്ചനാണ് ബഹു. സൈമൺ പടിഞ്ഞാറേക്കരയച്ചൻ. കോതമംഗലം രൂപതയിലെ കോടിക്കുളം ഇടവകയിൽ 1933 നവംബർ 27 -ാം തിയതിയാണ് ബഹു. സൈമണച്ചൻ ജനിച്ചത്. കരിമണ്ണൂർ സെന്റ് ജോസഫ് സ്കൂളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി 1955 ഡിസംബർ 8-ാം തിയതി സി.എം.ഐ സഭയിൽ ചേർന്ന അദ്ദേഹം തന്റെ ആദ്യകാല പരിശീലനം നടത്തിയത് ആലുവയിലെ സി.എം.ഐ ഭവനത്തിലായിരുന്നു. തുടർന്ന് അമ്പഴക്കാട് നോവിഷ്യേറ്റിൽ നവസന്യാസം പൂർത്തിയാക്കി 1955 ഡിസംബർ 8-ാം തിയതി സി.എം.ഐ സഭയിൽ ആദ്യവ്രതം ചെയ്തു. ധർമ്മാരാമിലെ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾക്ക് ശേഷം 1962 മെയ് 17-ാം തിയതി തിരുപ്പട്ടം സ്വീകരിച്ചു.

സേവനം ചെയ്ത കർമ്മരംഗങ്ങളിലെല്ലാം തന്റേതായ വ്യക്തിമുദ്രകൾ പതിപ്പിച്ച സന്യാസവര്യൻ തിരുപ്പട്ട സ്വീകരണശേഷം ആദ്യസേവനം നടത്തിയത് കറുകുറ്റി എൽ.എഫ്. നോവിഷ്യേറ്റിലായിരുന്നു. 1964-66 വർഷങ്ങളിൽ ഒട്ടവാ സെന്റ് പോൾസ് യൂണിവേഴ്സ്റ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും 1971 ൽ ഒട്ടാവയിൽ നിന്ന് തന്നെ ദൈവശാസ്ത്രത്തിൽ ഡോകേടറേറ്റും സമ്പാദിച്ചു. 1971 മുതൽ 1984 വരെ നീണ്ട പതിമൂന്ന് വർഷക്കാലം സി.എം.ഐ. സഭയുടെ പൊതുപഠനഗൃഹമായ ധർമ്മാരാം കോളേജിൽ കറ തീർന്ന അദ്ധ്യാപക

നായും, വൈദിക വിദ്യാർത്ഥികളുടെ മാസ്റ്ററായും സേവനം ചെയ്തു. 1975-78 കാലഘട്ടങ്ങളിൽ കറുകുറ്റി നോവിസ്മാസ്റ്ററായും നോവിഷ്യേറ്റ് ടീം അംഗമായും സേവനമനുഷ്ഠിച്ച സൈമണച്ചൻ 1986 മുതൽ 1990 വരെ തൊടുപുഴ ജ്യോതി നിവാസിന്റെ സുപ്പീരിയർ ആയിരുന്നു.

മൂവാറ്റുപുഴ കാർമ്മൽ പ്രൊവിൻസ്, കളമശ്ശേരി സേക്രട് ഹാർട്ട് പ്രൊവിൻസിൽ നിന്നും മാറി സ്വതന്ത്ര റീജിയൻ ആയപ്പോൾ അതിന്റെ വികർ പ്രൊവിൻഷ്യൽ ആയും പന്നീട് കാർമ്മൽ നോവിഷ്യേറ്റ് നേര്യമംഗലത്തിന്റെ ആദ്യത്തെ നൊവിസ് മാസ്റ്ററായും ബഹു. സൈമണച്ചൻ ഉത്തരവാദിത്വം ഏറ്റെടുത്തു. പിന്നീട് നീണ്ട ആറുവർഷക്കാലം നേര്യമംഗലം കാർമ്മൽ നൊവിഷ്യേറ്റിന്റെയും നവസന്യാസികളുടെയും വളർച്ചയെ ത്വരിതപ്പെടുത്തിയ ഗുരുവച്ചനായി മാറി. അതിനുശേഷം 2002 മുതൽ 2008 വരെ നൊവിഷ്യേറ്റിലെ നവസന്യാസ പരിശീലനത്തിൽ നിന്ന് തൽക്കാലികമായി മാറിനിന്ന സൈമണച്ചൻ ഈ കാലഘട്ടം വാഴക്കുളം കർമ്മലാശ്രമത്തിന്റെ പ്രിയോരായി സേവനം ചെയ്തു. 2008 മുതൽ 2011 വരെ അടിമാലി ദീപ്തിഭവന്റെ സുപ്പീരിയറായും 2017 മുതൽ തന്റെ സ്വപ്നഭൂമിയായ നേര്യമംഗലം കാർമ്മൽ സന്യാസഭവനത്തിൽ തിരിച്ചെത്തുകയും നവസന്യാസികളുടെ ആദ്ധ്യാത്മിക പിതാവും ടീം മെമ്പറുമായും സേവനമനുഷ്ഠിച്ച് വരുകയായിരുന്നു.

2018 സെപ്റ്റംബർ 4-ാം തിയതി നേരിയ ശ്വാസതടസം ഉണ്ടായതിനെ തുടർന്ന് കോതമംഗലം ധർമ്മഗിരി ആശുപത്രിയിൽ അദ്ദേഹം ചികത്സ തേടി. അസുഖത്തിൽ കാര്യമായ കുറവുണ്ടാകാത്തതിനാൽ സെപ്റ്റംബർ 7-ാം തിയതി ആലുവ, രാജഗിരി ഹോസ്പിറ്റലിലേയ്ക്ക് അദ്ദേഹത്തെ മാറ്റി. തുടർന്ന് ആരോഗ്യനിലയിൽ മെച്ചം ഉണ്ടായതിനെ തുടർന്ന് ഡോക്ടറുടെ നിർദ്ദേശ പ്രകാരം 14- ാം തിയതി വെള്ളിയാഴ്ച്ച മൂവാറ്റുപുഴ നിർമ്മല ആശുപത്രിയിലേയ്ക്ക് അദ്ദേഹത്തെ കൊണ്ടുവന്നു. വളരെ ശാന്തനും നർമ്മം കലർന്ന സംസാരത്തിലൂടെ പ്രസന്നനുമായി കാണപ്പെട്ട സൈമണച്ചന് 15- ാം തിയതി രാവിലെ വിശുദ്ധ കുർബാന സ്വീകരിച്ച് ആരോഗ്യനില അല്പം വഷളാകുകയും തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു. പിന്നീട് ബഹു. പ്രൊവിൻഷ്യാളച്ചന്റെ കയ്യിൽ നിന്നും കുദാശ സ്വീകരിച്ച് ബഹു. വൈദികരുടെ സാനിധ്യത്തിൽ രാവിലെ 9.20 ന് തന്റെ ദിവ്യ നാഥന്റെ അടുത്തേയ്ക്ക് യാത്രയായി. 2018 സെപ്റ്റംബർ 16 ഉച്ചകഴിഞ്ഞ് നേര്യമംഗലം കാർമ്മൽ നവസന്ന്യാസ ഭവനത്തിൽ സംസ്കരിക്കപ്പെട്ടു. തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം

വഹിച്ചത് കോതമംഗലം രൂപതയുടെ മെത്രാൻ അഭി. ജോർജ് മഠത്തിക്കണ്ടം പിതാവാണ്. മൂവാറ്റുപുഴ കാർമ്മൽ പ്രവശ്യയുടെ പ്രോവിൻഷ്യാൾ ബഹു. പോൾ പാറേക്കാട്ടേൽ അച്ചൻ, കൊച്ചി തിരുഹൃദയ പ്രവശ്യയുടെ പ്രോവിൻഷ്യാൾ, ബഹു. ജോസ് കുറിയയേടത്തച്ചൻ, ബഹു. ക്ലീറ്റസ് ഇടശ്ശേരിയിൽ അച്ചൻ, ബഹു. പോൾ ഇടത്തൊട്ടി അച്ചൻ എന്നിവർ സഹകാർമ്മീകരായിരുന്നു.

85 വർഷത്തെ കറയില്ലാത്ത കറയില്ലാത്ത ജീവിതം. വാക്കുകൾക്കപ്പുറത്ത് ജീവിതം പ്രസംഗിക്കുന്നുവെന്ന് അനേകം വൈദികരും സിസ്റ്റേഴ്സും അടങ്ങുന്ന ശിഷ്യഗണത്തെ തന്റെ ജീവിതം കൊണ്ട് പഠിപ്പിച്ചു. ഒത്തിരി യുവഹൃദയങ്ങളിൽ ദിശാബോധത്തിന്റെ വെട്ടം തെളിയിച്ചു. പരിശീലനത്തിന്റെ കാർക്കശ്യത, വിട്ടുവീഴ്ചയില്ലാത്ത തീരുമാനങ്ങൾ, നിശ്ചയ ദാർഢ്യം, ഇടവിടാതെയുള്ള പ്രാർത്ഥന, സംഘർഷങ്ങളിൽ പുഞ്ചിരിക്കാനുള്ള ആർജവത്വം, സ്നേഹത്തോടെയുള്ള കരുതൽ, വിശുദ്ധന് തുല്ല്യമായ പ്രാർത്ഥനാ ജീവിതം-പ്രിയപ്പെട്ട സൈമണച്ചാ ഓർക്കാനൊത്തിരി സമ്മാനിച്ച് അങ്ങ് യാത്രയാകുമ്പോൾ നല്ലവനായ ദൈവം അങ്ങയെ നീതിമാന്മാർക്കായി ഒരുക്കിയിരിക്കുന്ന നിത്യ കിരീടം അണിയിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ബഹു. സൈമണച്ചനുവേണ്ടി പ്രാർത്ഥിക്കുകയും സഭാ നിയമപ്രകാരമുള്ള ആത്മീയ ശുശ്രൂകൾ (D-58b) അദ്ദേഹത്തിനുവേണ്ടി നടത്തുകയും ചെയ്യണമെന്ന് പ്രത്രേകം ഓർമ്മിപ്പിക്കുന്നു.

പ്രാർത്ഥനയോടെ,

ഫാ. മാർട്ടിൻ കൂട്ടപ്ലാക്കൽ സി.എം.ഐ
കാർമ്മൽ നോവിഷ്യറ്റ്
നേര്യമംഗലം

**For Private Circulation**

***Carmela Sandesam***
CMI Bulletin
CMI Generalate, Chavara Hills
P. B. No. 3105, Kakkanad P. O
Kochi - 682030

No. 240; December 2018
Phone: 0484-2881804
0484-2881816

**carmelasandesam.cmi@gmail.com**

അടുത്ത ലക്കത്തിലേക്കുള്ള മാറ്റർ
2019 ഫെബ്രുവരി 15 നകം ഓഫിസിൽ
കിട്ടിയിരിക്കണം

All rights reserved, Reproduction in any manner, in whole or part, without prior written permission prohibited.

Editor: **Fr. Sebastian Thekkedathu CMI**

Printed and Published by Fr. Sebastian Thekkedathu for the CMI General Secretariat for Media and Communication



**The Pan African Meet and the CMI Renewal 2018 held in Nairobi, Kenya from 17-20 September 2018**